# JAGRATHA
## ജാഗ്രത ന്യൂസ് NEWS

KERALA CATHOLIC BISHOPS' COUNCIL'S
COMMISSION FOR SOCIAL HARMONY & VIGILANCE

December 2018
Issue 267



പ്രതിസന്ധികളെ അതിജീവിക്കാൻ .... 2
ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്

കേരളസഭയുടെ സമകാലിക പ്രതിസന്ധികൾ:... 3
ഫാ. അഗസ്റ്റിൻ പാംപ്ലാനി CST

നക്ഷത്രകുമാരന്റെ കഥ 7
ഫാ. ജോഷി മയ്യാറ്റിൽ

ക്രൈസ്തവ പ്രസിദ്ധീകരണങ്ങളും ..... 9
ഷാജി ജോർജ്

നവമാധ്യമ യുഗത്തിലെ ക്രിസ്തീയ പ്രസാധകരുടെ .... 10
ഫാ. ബിജോയ് പിച്ചളങ്ങാട്ട് എസ്. ജെ.

മാധ്യമങ്ങളുടെ സഭാവിരുദ്ധത 11
ഫാ. ബൊവാസ് മാത്യു

ഒഴുക്കിനെതിരെയുള്ള ജീവിതമാണ്, സന്ന്യാസ... 12
സി. വിമൽ ജോസ് സി.എം.സി

സന്ന്യാസത്തിന്റെ സൗന്ദര്യം നശിപ്പിക്കുന്നവർ 14
ബിഷപ് മാർ ജോസഫ് പാംപ്ലാനി

ക്രിസ്തുവിന്റെ സഭ പീഡിപ്പിക്കപ്പെടുന്നുവോ? 14
ബിഷപ് മാർ തോമസ് തറയിൽ

സമത്വം തെളിയിക്കാൻ ശബരിമലയ്ക്ക്.... 16
ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്

കെസിബിസി പ്രസ്താവനകൾ വാർത്തകൾ 17
പ്രളയാനന്തര അതിജീവനം... കെസിബിസി
കുമ്പസാരത്തിനെതിരായ പരാമർശം...
വിശ്വാസ വിരുദ്ധ പരാമർശം...
പ്രതിസന്ധികളിൽ പ്രത്യാശ കൈവിടാതെ...
ആർച്ചുബിഷപ് ഡോ. സൂസൈപാക്യം

വാങ്മയം 28

For Private Circulation Only

## സന്ദേശം



# പ്രതിസന്ധികളെ അതിജീവിക്കാൻ ദൈവത്തിൽ ആശ്രയിക്കുക

**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
**(ചെയർമാൻ, കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ)**

റോമൻ സാമ്രാജ്യത്തിലെ പൗരന്മാരെ അപരിഷ്കൃതരെന്നു വിളിച്ച് പരിഹസിച്ച ആതൻസിലേക്ക് സുവിശേഷ പ്രഘോഷണത്തിനു പോയ പൗലോസ് അപ്പസ്തോലൻ നേരിട്ട പ്രതിസന്ധി ഏതു കാലഘട്ടത്തിലും കത്തോലിക്കാസഭ അഭിമുഖീകരിക്കാറുണ്ട്. അപ്പസ്തോലന്മാരുടെ നടപടി പുസ്തകത്തിൽ (17:16 - 34) ഒരു പ്രേഷിതന്റെ ധർമ്മസങ്കടം നമുക്ക് വായിക്കാനാകും. ക്രിസ്തുവിന്റെ സന്ദേശം തിരസ്കരിക്കപ്പെട്ടതിൽ അപ്പസ്തോലൻ ഹതാശനായി. പ്രാർത്ഥനയുടെ നിമിഷങ്ങളിൽ അപ്പസ്തോലനു മറുപടി കിട്ടി: ദൈവത്തിന്റെ അനന്തമായ ശക്തിയിൽ ആശ്രയിക്കുക!

കേരളസഭയിൽ സംജാതമായിട്ടുള്ള ചില ആനുകാലിക സംഭവങ്ങളിൽ ഏറെ ഉത്ക്കണ്ഠപ്പെട്ട് നമ്മുടെ വിശ്വാസബോധ്യങ്ങളെ ദുർബ്ബലപ്പെടുത്തരുതെന്ന സന്ദേശമാണ് സഭയുടെ നാൾവഴികൾ ഇന്ന് സമ്മാനിക്കുന്നത്. ഏതൊരു കാലഘട്ടത്തിലും വിഭിന്നമായ പ്രശ്നങ്ങളെ സഭ അഭിമുഖീകരിച്ചിട്ടുണ്ട്. സഭാപിതാക്കന്മാരുടെ പൈതൃകസമ്പന്നതയും ദൈവജനത്തിന്റെ പ്രാർത്ഥനാ തീക്ഷ്ണതയും വഴി എക്കാലത്തും അതെല്ലാം അതിജീവിക്കാനും സഭയ്ക്കു കഴിഞ്ഞിട്ടുണ്ട്. കാലികമായ ഏതു പ്രശ്നത്തെയും മാനുഷികമായി നമ്മുടെ തോളുകളിലല്ല സംവഹിക്കേണ്ടത്. പകരം, "എന്നും നമ്മോടുകൂടെ"യുള്ള യേശുക്രിസ്തുവിന്റെ ശക്തിയിലാണ് നാം ശരണം വയ്ക്കേണ്ടത്. ഇന്ന്, സഭയിലെ അച്ചടക്കവും അധികാരികളോടുള്ള വിധേയത്വവും കെട്ടുറപ്പും നശിപ്പിച്ച് അരാജകത്വം വളർത്താനുള്ള ബോധപൂർവ്വകമായ ചില ശ്രമങ്ങൾ നടക്കുന്നുണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്.

ജനാധിപത്യമൂല്യങ്ങളും മതസ്വാതന്ത്ര്യവും ഉറപ്പു വരുത്താൻ ബാധ്യതയുള്ള സർക്കാർ വിജ്ഞാനകൈരളി മാസികയിലൂടെ വിദ്യാർത്ഥികളിൽ മതവിരുദ്ധ ചിന്താഗതി വളർത്താൻ ശ്രമിച്ച് "മതമൂല്യങ്ങളെ നിരാകരിക്കുകയോ അപകീർത്തിപ്പെടുത്തുകയോ ചെയ്യാൻ ബോധപൂർവം ശ്രമിച്ചിട്ടില്ല" യെന്നു പറഞ്ഞ് മാസികയുടെ ചീഫ് എഡിറ്റർ ഖേദം പ്രകടിപ്പിച്ചുവെങ്കിലും ഇത്തരം സംഭവങ്ങൾ വേദനാജനകമാണ്. സുപ്രീംകോടതിയുടെ അടുത്തകാലത്തെ വിധികൾ (ഐപിസി 377 - 397) വിശ്വാസികളെയും പൊതുസമൂഹങ്ങളെയും വേദനിപ്പിക്കുകയും അമ്പരപ്പിക്കുകയും ചെയ്യുന്നു. വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും പൊതുസമൂഹത്തിലും ഉന്നതമായ ധാർമ്മിക നിലവാരം പ്രതീക്ഷിക്കുന്ന ഭാരതീയ സമൂഹത്തിന് "പ്രായപൂർത്തിയായവർ തമ്മിൽ ഉഭയസമ്മതപ്രകാരമുള്ള സ്വവർഗരതിയും, വിവാഹേതര ലൈംഗികബന്ധം കുറ്റകരമല്ലെന്ന" കോടതിവിധികൾ ഉയർത്തുന്ന ധാർമ്മിക പ്രശ്നങ്ങളും സാമൂഹികമായ പ്രത്യാഘാതങ്ങളും കണ്ടില്ലെന്ന് നടിക്കാനാവില്ല. ഒരു സമൂഹത്തിന്റെ കെട്ടുറപ്പ് അതിന്റെ ധാർമ്മികതയിലാണ് നിലകൊള്ളുന്നത്. ധാർമ്മികതയുടെ നടപ്പാക്കലാണ് നിയമങ്ങളിലൂടെ നിറവേറ്റേണ്ടത്.

ഇന്ന് ശബരിമലവിഷയത്തിൽ കേരളസമൂഹം വിഭജിക്കപ്പെട്ടിരിക്കുകയാണ്. ശബരിമല സംഘർഷാത്മകമാകുന്നത് ഒരുതരത്തിലും അഭിലഷണീയമല്ല. അവിടെ സമാധാന സാഹചര്യം സംജാതമാക്കാൻ കോടതിക്കും സർക്കാരിനും രാഷ്ട്രീയപാർട്ടികൾക്കും പൊതുസമൂഹത്തിനും കടമയുണ്ട്. വിശ്വാസങ്ങളും ആചാരങ്ങളുമെല്ലാം ആദർശവത്കരിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും ഉദാത്തീകരിക്കപ്പെടുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ആചാരങ്ങളുടെ നിരാസമല്ല, പൂർത്തീകരണമാണ് നവോത്ഥാനം. നിയമത്തെയോ പ്രവാചകരെയോ ഇല്ലാതാക്കാനല്ല പൂർത്തിയാക്കാനാണ് ഞാൻ വന്നത് എന്നു പറഞ്ഞ യേശുവിന്റെ വചനം ഇന്ന് കൂടുതൽ പ്രസക്തമാണ്.

സന്ന്യാസജീവിതത്തെ പഴിക്കുന്നവർ, ഇന്നും അനാഥരെയും വൃദ്ധരെയും മരണാസന്നരെയും എയ്ഡ്സ് രോഗികളെയും സാന്ത്വനിപ്പിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന പ്രേഷിതരെ കണ്ടില്ലെന്നു നടിക്കരുത്. അനുസരണത്തിൽ വലിയ സ്വാതന്ത്ര്യമുണ്ടെന്നും ബ്രഹ്മചര്യത്തിൽ വലിയ ഫലപ്രാപ്തിയുണ്ടെന്നും ദാരിദ്ര്യത്തിൽ വലിയ സമ്പന്നതയുണ്ടെന്നും സമർപ്പിതർ തങ്ങളുടെ ജീവിതത്തിലൂടെ സാക്ഷ്യപ്പെടുത്തണം. ഫ്രാൻസിസ് പാപ്പാ സൂചിപ്പിച്ചിട്ടുള്ളതുപോലെ, "സന്ന്യസ്തർ ആനന്ദത്തിന്റെ സാക്ഷികളാകണം". അനേകരുടെ ജീവിതത്തിന് വെളിച്ചം പകരേണ്ട സന്ന്യസ്തർ വിളിയും ദൗത്യവും മറന്നാൽ രുചിയും ഗുണവും വിലയുമില്ലാത്തവരാകും. സന്ന്യസ്തർ തങ്ങളെത്തന്നെ പരിത്യജിച്ച് തങ്ങളുടെ കുരിശുമെടുത്ത് ഒഴുക്കിനെതിരേ നീങ്ങുവാനുള്ള സന്ന്യാസചൈതന്യവും ആത്മീയധീരതയും സ്വായത്തമാക്കണം. അതാണ് സന്ന്യാസത്തിലെ സ്വാതന്ത്ര്യം.

പൊതുസമൂഹത്തിൽ ദൈവജനത്തിന്റെ സാക്ഷ്യവും സാന്നിദ്ധ്യവുമാണ് ഇന്ന് ഏറെ ആവശ്യമായിട്ടുള്ളത്. നവമാധ്യമമായാലും, രാഷ്ട്രീയരംഗമായാലും ഒരു ക്രിസ്തീയവിശ്വാസിയുടെ സാന്നിധ്യമെന്നത് ക്രിസ്തുദർശനത്തിന്റെ പ്രകാശനമായി പരിണമിക്കണം. തിന്മകളുടെ കുത്തൊഴുക്കിൽ, ക്രിസ്തീയസാക്ഷ്യത്തിന്റെ പ്രകാശധാരകളുടെ പ്രവാഹം ദൈവികദൗത്യമാണെന്ന തിരിച്ചറിവ് നമ്മെ നയിക്കേണ്ടതുണ്ട്. ഏതുമേഖലയിലും സ്നേഹസാക്ഷ്യമാകാൻ, സത്യത്തിന്റെ പ്രവാചകരാകാൻ വിളിക്കപ്പെട്ടവരാണ് ക്രൈസ്തവർ. ഈ ദൗത്യം നാം മറക്കുമ്പോൾ, നമ്മുടെ ജീവിതം ക്രിസ്തുവിനോടൊപ്പമാണെന്ന് അവകാശപ്പെടാൻ നമുക്ക് കഴിയില്ല. വിവരസാങ്കേതികരംഗത്തെ കുത്തൊഴുക്കിൽ വിശ്വാസത്തിന്റെ തീക്ഷ്ണത നഷ്ടപ്പെടാൻ നമ്മുടെ ജീവിതസാക്ഷ്യങ്ങൾ കാരണമാകരുത്. കണ്ടുവിശ്വസിക്കുന്ന തലമുറയാണ് ഇന്നുള്ളത്. അവരോട് 'വന്നു കാണുക" എന്നു പറയാനുള്ള ആർജ്ജവം ദൈവത്തിൽ ശരണപ്പെട്ട് സ്വായത്തമാക്കാനാണ് നാം പരിശ്രമിക്കേണ്ടത്.

ഭരണഘടനാസ്ഥാപനങ്ങളെ നിർജ്ജീവമാക്കിയും, അമിതമായ പുരോഗമന ചിന്തകളെ താലോലിച്ചുമുള്ള രാഷ്ട്രീയ, ഭരണ നേതാക്കളുടെ ശൈലി തിരുത്തപ്പെടാനുള്ള നവ കാലഘട്ടസമീപനങ്ങൾ നാം സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ നവമാധ്യമങ്ങൾ മാത്രമല്ല, നമ്മുടെ ലോകം. അവയ്ക്ക് പുറത്തും മനുഷ്യരുണ്ട്. ആതൻസിലെ മുഖ്യധാരയിൽപ്പെട്ടവർ പൗലോസ് അപ്പസ്തോലന്റെ സുവിശേഷപ്രഘോഷണത്തെ അധിക്ഷേപിച്ചപ്പോൾ, അതേ പ്രേഷിതൻ അവിടെയുള്ള സാധാരണക്കാരിലേക്ക് തിരിഞ്ഞത് ഓർമ്മിക്കുക. 'ഡിജിറ്റൽ ഡിവൈഡി'ന്റെ മുറിവുകളേറ്റ് പിടഞ്ഞുവീഴുന്ന സാധാരണക്കാരിലേക്ക് കണ്ണയയ്ക്കാൻ നമുക്ക് കഴിയണം. കാരണം, എന്നും ക്രിസ്തു പ്രാന്തവത്കരിക്കപ്പെട്ട ഇവരിൽ ഒരാളായിരുന്നു. അന്നും, ഇന്നും, എന്നും!

**എല്ലാവർക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും പ്രാർത്ഥനകളും മംഗളങ്ങളും!**

**KCBC COMMISSION FOR SOCIAL HARMONY & VIGILANCE**

**Chairman**
Bp. Joshua Mar Ignathios

**Vice Chairmen**
Rt. Rev. Dr. Joseph Kariyil
Mar Pauly Kannookadan

**Secretary**
Fr. Saju Kuthodiputhenpurayil CST

**Pastoral Orientation Centre**
Palarivattom, Kochi – 25
Phone 0 484 2806262

e-mail: kcbcshvjjj@gmail.com
www.kcbcshvjjj@gmail.com
www.kcbcsite.com
Blog: Jagrathakcbc.blogspot.com

# കേരളസഭയുടെ സമകാലിക പ്രതിസന്ധികൾ: ഒരു വിശകലനം

ഫാ. അഗസ്റ്റിൻ പാംപ്ലാനി CST

**(കെസിബിസി ഐക്യജാഗ്രത കമ്മീഷന്റെയും മീഡിയ കമ്മീഷന്റെയും ആഭിമുഖ്യത്തിൽ രൂപതകളിലെ പി.ആർ.ഒ മാർക്കും അല്മായ പ്രതിനിധികൾക്കും വേണ്ടി പി.ഒ.സിയിൽ സംഘടിപ്പിച്ച ചർച്ചയിൽ നടത്തിയ പ്രഭാഷണത്തിന്റെ സംക്ഷിപ്തം)**

ഒരാഴ്ചയോളം ഞാൻ പനിപിടിച്ച് ആശുപത്രിയിൽ കിടന്നപ്പോൾ വൈകുന്നേരം പനി പരിശോധിക്കാൻ വന്ന സിസ്റ്ററിനോട് പറഞ്ഞു സിസ്റ്ററേ വാതിൽ അടച്ചേക്ക് കൊതുക് കയറണ്ടല്ലോ? ബൈസ്റ്റാൻഡർ കൂടെ ഇല്ലാതിരുന്നതിനാൽ ആ നേഴ്സ് വാതിൽ പകുതി ചാരി എന്നെ അർത്ഥഗർഭമായി ഒന്നു നോക്കി. ആ നോട്ടം ഒരു തിരിച്ചറിവായിരുന്നു. ഞാൻ ഒരു വൈദികനാണെന്ന തിരിച്ചറിവ്. വരും ദിവസങ്ങളിൽ കൊതുക് ഏറെ കടിച്ചെങ്കിലും വാതിൽ അടക്കണമെന്ന് ഞാൻ പറഞ്ഞില്ല.പൂട്ടിയ വാതിലുകളല്ല തുറന്ന വാതിലുകളാണ് ഇന്ന് സുരക്ഷിതത്വത്തിന്റെ പ്രതീകം. കേരളസഭയിലെ ഇന്നത്തെ പ്രതിസന്ധികളെപ്പറ്റി പഠിക്കുമ്പോഴും എനിക്കു തോന്നുന്നത് ഇതുതന്നെയാണ്. ഒത്തിരി വാതിലുകൾ നമുക്ക് മുമ്പിൽ തുറക്കപ്പെട്ടിട്ടുണ്ട്. ഇതിലൂടെ ഒത്തിരി നന്മകൾ സഭയിലേക്ക് പ്രവേശിക്കുവാനുള്ള സാദ്ധ്യതകൾ പരിശുദ്ധാത്മാവ് ഒരുക്കിയിട്ടുണ്ട്. ഈ സംഭവവികാസങ്ങളിലൂടെ എന്തുമാത്രം അരൂപിയെ നാം സ്വീകരിക്കുന്നു, അതിന് എത്രമാത്രം നാം സജ്ജരാകുന്നു എന്നത് നാം ഒരുമിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു.

ഐൻസ്റ്റൈന്റെ വിഖ്യാതമായ സൂത്രവാക്യമാണ് E=MC2. ഊർജ്ജം ദ്രവ്യമാകും. ദ്രവ്യം ഊർജ്ജമാകും. എനർജി ദ്രവ്യമാകുമ്പോൾ അത് വളരെ സൃഷ്ട്യുന്മുഖമാണ്. ലോകമുണ്ടായത് എനർജി ദ്രവ്യമായതാണ്. അതേ സൂത്രവാക്യത്തിന് വേറൊരപകടമുണ്ട്. ദ്രവ്യം ഊർജ്ജമാകുന്നതിനെയാണ് നാം അണുബോംബ് എന്ന് വിശേഷിപ്പിക്കുന്നത്. ഊർജ്ജം ദ്രവ്യമാവുകയും ദ്രവ്യം ഊർജ്ജമാവുകയും ചെയ്യുന്നതിന്റെ വൈരുദ്ധ്യമാണ് ഇവിടെ പറയുന്നത്. ഒരേ സമവാക്യം തന്നെ സൃഷ്ടിയുടെയും സംഹാരത്തിന്റെയും ജനത്തിന്റെയും മരണത്തിന്റെയും തത്ത്വമായി ഉപയോഗിക്കപ്പെടുന്നു. സഭയുടെ പ്രതിസന്ധികളിൽ നമ്മുടെ ഊർജ്ജം ദ്രവ്യമാവുകയാണോ ദ്രവ്യം ഊർജ്ജമായി മാറുകയാണോ എന്നുള്ള വലിയ ചോദ്യം നമുക്ക് മുന്നിൽ അവശേഷിക്കുന്നു.നമുക്കുണ്ടാകുന്ന പ്രതിസന്ധികളിൽ നമ്മുടെ ഊർജ്ജം ദ്രവ്യമാവുകയാണോ ദ്രവ്യം ഊർജ്ജമായി മാറുകയാണോ എന്നിങ്ങനെയുള്ള വലിയ ചോദ്യം നമുക്കു മുന്നിൽ അവശേഷിക്കുന്നു.

**നിർവീര്യത വെടിയേണ്ടകാലം!**

"നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും" എന്നാണ് ഈശോ പറഞ്ഞിരിക്കുന്നത്. എന്നാൽ, സത്യം അറിഞ്ഞ് അറിയിച്ച് സ്വതന്ത്രരാകുന്നതിന് പകരം കേട്ടുപോകുന്ന അസത്യങ്ങളാൽ ഭയപ്പെട്ട് നാം നിർവീര്യരായിപ്പോകുന്നു. അസത്യങ്ങൾ കേട്ട് ഭയപ്പെട്ട് എല്ലാവരും ഒളിച്ചിരിക്കുന്നു. സത്യം നമ്മെ സ്വതന്ത്രരാക്കുന്നില്ല. നമ്മെ ഭയപ്പെടുത്തുന്ന അസത്യങ്ങളുടെയെല്ലാം പിന്നിൽ സത്യത്തിന്റെ ഒത്തിരി നേർരേഖകൾ നാം തിരിച്ചറിയാതെ പോകുന്നുണ്ട്. കേരളസഭയുടെ സമീപകാലക്ഷതങ്ങൾ പരിശോധിച്ചാൽ മനസിലാകും, മുറിവുകളിലൂടെ നമ്മൾ നന്മയെ വിലകൊടുത്തു വാങ്ങിയിട്ടുണ്ട് എന്ന് ശൂന്യത കണ്ട് പകച്ചുപോയപ്പോഴും വിലാപത്തിനും പല്ലുകടിക്കുമപ്പുറം നമ്മൾ വിശ്വാസത്തിന്റെ ഒത്തിരി നല്ല ആവിഷ്കാരങ്ങളും അവിടെ നടത്തിയിട്ടുണ്ട്. സഭയുടെ ശൂന്യതകളൊന്നും വെറും ശൂന്യതകളായിരുന്നില്ല. വിലകൊടുക്കുന്ന വിശ്വാസത്തിന്റെ പുതിയ അദ്ധ്യായങ്ങളും നമ്മൾ അവയൊക്കെ വിരചിച്ചിട്ടുണ്ട്.

ഒന്നമാതായി മറിയക്കുട്ടി കൊലക്കേസിലെ ഫാ. ബനഡിക്ട്, സത്യത്തിന്റെ പരസ്യസാക്ഷ്യം യഥാർത്ഥ കുറ്റവാളിയുടെ ബന്ധുക്കൾ തന്നെ നടത്തിയിട്ടും അതിനെ മനഃപൂർവ്വം തമസ്കരിക്കേണ്ടത് സഭയുടെ ശത്രുക്കൾക്ക് ആവശ്യമാണ്. അസത്യങ്ങളും അർദ്ധസത്യങ്ങളും അവശേഷിപ്പിക്കുന്ന അപകർഷതയാൽ വൈകിയെത്തുന്ന സത്യങ്ങളെ യഥോചിതം സ്വാഗതം ചെയ്യാനും ഉദ്ഘോഷിക്കാനും നാം പരാജയപ്പെടുന്നു. മറിയക്കുട്ടി കൊലക്കേസ്, ബാലചന്ദ്രൻ ചുള്ളിക്കാട് ഈ ദിവസങ്ങളിൽ വീണ്ടും ചിന്തയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നു. തെളിവില്ലാത്തതുകൊണ്ട് ബനഡിക്ടച്ചനെ കോടതി വെറുതെവിടുകയാണത്രേ ചെയ്തത്. ബനഡിക്ട് അച്ചനെക്കുറിച്ച് നമ്മൾ പറഞ്ഞതും ചെയ്തതുമെല്ലാം നിഷ്ഫലമായി! ബനഡിക്ടച്ചൻ അവശേഷിപ്പിക്കുന്ന സത്യത്തെ കത്തോലിക്കാ കുട്ടികൾക്കെങ്കിലും ബോദ്ധ്യപ്പെടുത്തി കൊടുക്കാൻ നാം വേണ്ടത്ര പരിശ്രമിച്ചിട്ടുണ്ടോ എന്ന് സംശയം.

രണ്ടാമതായി നമ്മൾ ഒളിച്ചിരിക്കാൻ ആഗ്രഹിക്കുന്ന വേറൊരു കേസ് അഭയക്കേസാണ്. വിചാരണ പോലും കൂടാതെ കുറ്റാരോപിതനായ ഒരു വ്യക്തിയെ വെറുതെ വിടണമെന്ന് കോടതി തീരുമാനിച്ചു. ഇനിയൊരു ജന്മം കൂടിയുണ്ടെങ്കിലും ഞാനൊരു വൈദികനാകാനാണ് ആഗ്രഹിക്കുന്നത് എന്നാണ് അദ്ദേഹം പറഞ്ഞത്. കേരളസഭ ആഖ്യാനം ചെയ്യാൻ ബാക്കികിടക്കുന്ന വലിയൊരു ധാർമ്മികശക്തിയാണ് പൂതൃക്കയിലച്ചൻ. പക്ഷേ കത്തോലിക്കാമാധ്യമങ്ങൾ പോലും അച്ചന്റെ വാക്കുകൾക്ക് വേണ്ടത്ര പ്രാധാന്യം കൊടുത്തിട്ടുണ്ടോ എന്ന് സംശയമാണ്.

മൂന്നാമതായി കൊട്ടിയൂർ സംഭവത്തിൽ, കുറ്റവാളിയെ രക്ഷിക്കാൻ ശ്രമിച്ചു എന്ന് ആക്ഷേപിച്ച് മാധ്യമങ്ങൾ മുഴുവൻ സഭയെ പ്രതിസ്ഥാനത്ത് നിർത്തുകയായിരുന്നു. ഇന്നിതാ കുറ്റാരോപിതയായ ഒരു കന്യാസ്ത്രീയെയും വേറെ രണ്ട് ഡോക്ടർമാരെയും പ്രതിപ്പട്ടികയിൽ നിന്നും ഒഴിവാക്കാൻ സുപ്രീം കോടതിതന്നെ ഉത്തരവിട്ടിരിക്കുന്നു.

നാലാമതായി ജലന്ധർ വിഷയത്തിൽ കേരളകത്തോലിക്കാ മെത്രാൻ സമിതിക്കു പോലും സത്യം പൂർണ്ണമായും അറിഞ്ഞുകൂടായിരുന്നുവെന്നു മനസ്സിലാക്കുമ്പോൾ സാധാരണ ജനങ്ങളെ നമുക്കെങ്ങനെ കുറ്റം പറയാനാകും. സംവിധാനങ്ങളിൽ നാം വരുത്തേണ്ട വലിയ ഭേദഗതികളുടെ സൂചനകളാണ് നാം ഇതിലൂടെ തിരിച്ചറിയുന്നത്. എല്ലാ ആക്ഷേപങ്ങളും സഹിച്ച് കലാശക്കൊട്ടും കഴിയുമ്പോഴാണ് നാം അറിയുന്നത് ലൈംഗികാപവാദം സംബന്ധിച്ച് സഭയ്ക്ക് പരാതി ലഭിച്ചിട്ടില്ല എന്ന കാര്യം. എൺപത് ശതമാനം കത്തോലിക്കാവിശ്വാസികളും ഈ വസ്തുതകൾ അറിയുന്നുണ്ട് എന്ന് ഞാൻ ചിന്തിക്കുന്നില്ല. പറഞ്ഞുവരുന്നതിന്റെ സാംഗത്യം ഇത്രയേയുള്ളൂ. സംവിധാനങ്ങളെ

ഫലപ്രദമായി ഉപയോഗിക്കാത്തതുമൂലം നാം വലിയ വിലകൊടുത്തു കൊണ്ടിരിക്കുകയാണ്. ശരിയായ ഹോംവർക്ക് ചെയ്യാൻ നാം പഠിച്ചിട്ടില്ലാത്തതുകൊണ്ട് അസത്യങ്ങൾക്ക് വലിയൊരു മാർക്കറ്റ് ലഭിക്കുകയാണ്.

ഈ കോലാഹലങ്ങളെല്ലാം കെട്ടടങ്ങിക്കഴിയുമ്പോഴും സഭയ്ക്ക് ഒരുപാടു കാലത്തേക്ക് പുതിയ മതബോധനത്തിന് വേണ്ട ഉൾക്കാഴ്ചകളും സൈദ്ധാന്തിക - ദൈവശാസ്ത്രവിഭവങ്ങളും ഇത് അവശേഷിപ്പിക്കുന്നുണ്ട്. മാധ്യമങ്ങളിലൂടെ വന്ന ചർച്ചകളും വാർത്തകളും സാംസ്കാരികനായകന്മാരുടെ പ്രഭാഷണങ്ങളും നാം ശേഖരിച്ച് വച്ച് ഹോംവർക്ക് ചെയ്യണം. കാലം നമുക്ക് തന്നിരിക്കുന്ന വലിയ നിധികളാണവ. വരുംകാലത്ത് ഇവയൊക്കെയും ഉപയോഗപ്പെടുത്താൻ നമുക്ക് സാധിക്കണം. ഇവയൊക്കെയും നമുക്ക് വലിയ അവസരങ്ങളാണ് എന്ന് തിരിച്ചറിയാം. അത്തരമൊരു ഭാവാത്മവിശകലനത്തിലേക്ക് നമുക്കൊന്ന് പ്രവേശിക്കാം.

**നമ്മൾ കരയാൻ പഠിക്കുകയാണ്!**

ജലന്ധർ സംഭവത്തിലൂടെ തിരുസ്സഭ കരയാൻ പഠിക്കുകയാണ്. കരയാൻ സാധിക്കുക എന്നത് വലിയൊരനുഗ്രഹമാണ്. കത്തോലിക്കാസഭയുടെ ശിലാസ്ഥാപനം നടന്നത് പീലാത്തോസിന്റെ അരമനയിൽ നിന്നാണ്. അവിടെനിന്നാണ് കർത്താവ് പത്രോസിന്റെ ഉള്ളുരുകിയുള്ള കരച്ചിൽ കാണുന്നത്. അപ്പോൾ അവിടുന്ന് തീരുമാനിച്ചു. തിബേരിയാസ് തീരത്തും മൂന്നാം തവണ നീ എന്നെ സ്നേഹിക്കുന്നുവോ എന്ന് ചോദിച്ചപ്പോൾ പത്രോസ് 'ദുഃഖിതനായി'. കത്തോലിക്കാസഭയുടെ ആരംഭം ഈ ദുഃഖത്തിൽ നിന്നാണ്.ആദ്യത്തെ മെത്രാൻ പട്ടത്തിനു ശേഷം നടന്നത് അനുമോദനയോഗവും പൗരസ്വീകരണവുമായിരുന്നില്ല, അഭിഷിക്തിന്റെ മരണത്തെ സംബന്ധിച്ച വിളംബരമായിരുന്നു. തിരുസ്സഭയിലെ അധികാരത്തിന്റെ ആരംഭം ദു:ഖമാണെന്ന് അറിയണം. ഈ നാളുകളിൽ നാമെല്ലാവരും ദുഃഖിക്കുകയായിരുന്നു. ആത്മാർത്ഥമായി സഭയെ സ്നേഹിക്കുന്ന എല്ലാ വിശ്വാസികളും വലിയ മുക്കുവരായി മാറിയ ദിനങ്ങളായിരുന്നു കടന്നുപോയത്. എല്ലാവരും ഹൃദയം തകരുംപോലെ ദുഃഖിച്ചു. ഈ ദുഃഖം വ്യഥാവിലാകാനുള്ളതല്ല. അതിലൂടെ പുതിയ സഭയുടെ അസ്തിവാരം പടുത്തുയർത്തപ്പെടും. ദുഃഖമുള്ളിടത്ത് ഏറ്റുപറച്ചിലുകളുണ്ടാകും, തിരുത്തലുകളുണ്ടാകും.

I made a serious mistake, I wish to apologise to whom those I have offended, I wish to apologise them personally in the coming months. പശ്ചാത്തലത്തിൽ നിന്നും അടർത്തിമാറ്റി ഉദ്ധരിച്ച ഈ വാക്കുകൾ ആരുടേതാണെന്ന് പറയാമോ? ബുദ്ധിമുട്ടാണ്. ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകളാണിത്. മാർപാപ്പ ജൂണിൽ ചിലിയിലെ മെത്രാന്മാർക്കയച്ച കത്തിലെ വരികളാണിവ. ചിലിയിലെ ഒരു മെത്രാൻ നിയമനത്തിൽ സംഭവിച്ച വീഴ്ചയെപ്പറ്റിയാണ് പാപ്പ ഇവിടെ പരാമർശിക്കുന്നത്. തനിക്ക് ലഭിച്ച ചില തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു ഈ നിയമനം എന്ന് പിന്നീട് പാപ്പ മനസ്സിലാക്കി. തെറ്റ് തിരുത്തുവാൻ ചിലിയിലെ മുഴുവൻ മെത്രാൻമാരെയും റോമിലേക്ക് വരാനാവശ്യപ്പെട്ടുകൊണ്ടുള്ള മാർപ്പാപ്പയുടെ കത്തിലാണ് ക്ഷാപണം. ഈ നിയമനത്തിലൂടെ വ്യണപ്പെട്ട പീഡിതരായ ഇരകളോടാണ് മാർപ്പാപ്പ ക്ഷമാപണം നടത്തുന്നത്. എന്തൊരു ആർജ്ജവത്വമാണ് ഈ വാക്കുകൾക്കുള്ളത്. ഇത്തരം ആർജ്ജവത്വത്തോടു കൂടി തെറ്റ് ഏറ്റുപറയുക എന്നത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. തെറ്റുപറ്റുമ്പോൾ തിരുത്തുവാൻ കാണിക്കുന്ന ധൈര്യം പരിശുദ്ധാത്മാവിന്റേതാണ്.

അടുത്തകാലത്തുണ്ടായ സംഭവങ്ങളിൽ ഡിപ്ലോമാറ്റിക് ആയ ഭാഷ ഉപയോഗിച്ച് പ്രതികരിച്ചെങ്കിലും സുവിശേഷാത്മകമായ ഔന്നത്യങ്ങൾ അവയിൽ ഉണ്ടായിരുന്നില്ല. അതിനാൽ ദുഃഖത്തിൽനിന്നുള്ള ഏറ്റുപറച്ചിലുകൾ നമുക്കുണ്ടാകണം. ഒരുവാക്ക് ക്ഷമാപണം നടത്താനോ അല്പമൊന്നു കുനിഞ്ഞുകൊടുക്കാനോ സഭയിൽ ധൈര്യമില്ലാത്തതുകൊണ്ട് എന്തുമാത്രം അപകടങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. സഭയ്ക്ക് കൈമോശം വന്നിരിക്കുന്ന വലിയൊരു മൂല്യമാണ് ദുഃഖം എന്ന് പറയുന്നത്. 'സോറി' എന്ന ഒരു വാക്കിനുവേണ്ടി എത്ര വലിയ വിലയാണ് സഭ നല്കിക്കൊണ്ടിരിക്കുന്നത്!

ദുഃഖവും ദേഷ്യവുമാണ് ഇന്ന് ഈ സംഭവങ്ങളെല്ലാമായി ബന്ധപ്പെട്ട് കേരളസഭയിലുണ്ടായിരിക്കുന്ന രണ്ട് സുപ്രധാനവികാരങ്ങൾ. സഭയിൽ ഇന്ന് ഒരുപാടു പേർ ക്ഷുഭിതരാണ്. സഭയ്ക്ക് തെറ്റുപറ്റി, നടപടിയെടുത്തില്ല എന്നിങ്ങനെ ചിന്തിക്കുന്നവരാണ് ഒട്ടുമിക്കവരും. അപൂർണ്ണമായ വിവരങ്ങൾ ന്യായമായ ക്ഷോഭങ്ങളെത്തന്നെ വിഴിതെറ്റിക്കാം. ക്ഷോഭത്തെ നാം എപ്രകാരം കൈകാര്യം ചെയ്യുന്നുവെന്നത് പ്രധാനമാണ്. അവർക്ക് കോപിക്കാൻ അവകാശമുണ്ട്. അമേരിക്കൻ എന്റർ പ്രൈസ് സൊസൈറ്റിയുടെ പ്രസിഡന്റും സഭാസ്നേഹി യുമായ ആർതർ സി. ബ്രൂക്സ് ആഗോളസഭയിലെ ലൈംഗികാപവാദങ്ങളുടെ പശ്ചാത്തലത്തിൽ 'ന്യൂയോർക്ക് ടൈംസിൽ' എഴുതിയ ലേഖനത്തിൽ സഭാനേതൃത്വ ത്തിന് നല്കുന്ന ഉപദേശമാണിത്: 'അല്മായരുടെ ക്ഷോഭത്തെ സ്വാഗതം ചെയ്യാൻ പഠിക്കുക' ഡിവോഴ്സിന്റെ മനഃശാസ്ത്രം പഠിപ്പിക്കുന്നവർ പറയുന്നത് കോപം നല്ലതാണെന്നാണ്. സ്നേഹിക്കുന്നതുകൊണ്ടാണ് ക്ഷോഭിക്കുന്നത്. എന്നാൽ കോപത്തോടു കൂടി പുച്ഛം (disgust) കടന്നുവരും. പരിഹരിക്കപ്പെടാത്ത കോപമാണ് പുച്ഛം അഥവാ ഡിസ്ഗസ്റ്റ്. പുച്ഛം വെറുപ്പിലേക്ക് അതിവേഗത്തിൽ എത്തിച്ചേരും. അത് ഡിവോഴ്സിലേക്ക് നയിക്കും.

അല്മായ സമൂഹത്തിന്റെ കോപത്തെ സ്വാഗതം ചെയ്യാൻ നാം പഠിക്കണം. സഭയെ സ്നേഹിക്കുന്നവരുള്ളതുകൊണ്ടാണ് ചിലരെല്ലാം വല്ലാതെ ക്ഷുഭിതരായിരിക്കുന്നത്. പക്ഷേ, ആ ക്ഷോഭം ഡിവോഴ്സിലേക്ക് നയിക്കാൻ ഇടയാകരുത്. വി. അഗസ്റ്റിന്റെ ഏറ്റുപറച്ചിലുകൾ പോലെ ഒരു പത്തുവർഷത്തിനപ്പുറം സമയത്തിന്റെ പൂർണ്ണതയിൽ സഭയിൽ സംഭവിക്കേണ്ട ഏറ്റുപറച്ചിലുകളെയും തിരുത്തലുകളെയും നാം സ്വപ്നതുല്യം താലോലിക്കണം. ഞങ്ങൾക്ക് തെറ്റുപറ്റി എന്ന് എല്ലാവരും ഏറ്റുപറയേണ്ടതുണ്ട്. എല്ലാവർക്കും തെറ്റുപറ്റിയ സംഭവമാണിത്. മെത്രാനും, കന്യാസ്ത്രീയും, വിപ്ലവനായകരും, സാംസ്കാരികനായകരും, മാധ്യമങ്ങളും എല്ലാവരും സത്യങ്ങൾക്കൊപ്പം അസത്യങ്ങളെയും അർദ്ധസത്യങ്ങളെയും പോറ്റിയിട്ടുണ്ട്. അതിനാൽ ആർജ്ജവത്വമുള്ള എല്ലാവരും ക്ഷമ ചോദിക്കുന്നതാണ് കൂടുതൽ ഔന്നത്യമുള്ളത്.

**നമ്മൾ സംഭാഷിക്കാൻ പഠിക്കുകയാണ്!**

രണ്ടാമതായി, സഭ സംഭാഷിക്കാൻ പഠിക്കുകയാണ്. സംവാദങ്ങൽ നടക്കേണ്ടതുണ്ട്. ദൈവവും പിശാചും ഒരുമിച്ചിരുന്ന് നയരൂപീകരണം നടത്തുന്ന വിചിത്രമായ ചിത്രം ജോബിന്റെ പുസ്തകത്തിൽ നമ്മൾ കാണുന്നുണ്ട്. ഇറ്റാലിയൻ നാസ്തിക സൊസൈറ്റി യുടെ പ്രസിഡന്റിനെ സംവാദത്തിനായി വത്തിക്കാനി ലേക്ക് രണ്ടുപ്രാവശ്യം നേരിട്ട് ക്ഷണിച്ചത് ഫ്രാൻസിസ് പാപ്പയാണ്. സംവാദത്തിനുള്ള ക്രിസ്തീയമായ ആർജ്ജവത്വത്തിന്റെ നല്ല മാതൃകകളാണിവ. ബഹുമുഖങ്ങളായ ആശയങ്ങളുടെ വിനിമയത്തിന്റെയും ക്രിയാത്മകമായ ആശയസംഘർഷങ്ങളുടെയും ഭീമമായ ദാരിദ്ര്യം സഭയിൽ നിലവിലുണ്ട്.

വിമർശനങ്ങൾ ഉന്നയിക്കുന്നവരെല്ലാം ശത്രുക്കളാണെന്ന് നാം വിചാരിക്കരുത്. സ്നേഹത്തിൽ നിന്നും വിമർശനങ്ങളുണ്ടാകും. ക്രിസ്തുവിനേക്കാൾ വലിയ സത്യമുണ്ടോ? ഉണ്ടെങ്കിൽ എനിക്കതു വേണ്ട; ക്രിസ്തുവിനെ മതി.' എന്നത് എന്ന ഡോസ്റ്റോയേവ്സ്കിയുടെ വാക്കുകളാണിത്. അദ്ദേഹം തന്നെയാണ് സഭാവിമർശനത്തിന്റെ ശക്തമായ ആഖ്യാനങ്ങൾ രചിച്ചതും. മെത്രാന്റെ മുദ്രമോതിരം ചുംബിച്ചിട്ട് ഇറങ്ങിപ്പോകുന്ന ക്രിസ്തുവിനെ അവതരിപ്പിച്ചിരിക്കുന്നതും അദ്ദേഹമാണ്. സംവാദങ്ങൾക്കുള്ള സൂചനകൾ സഭയിൽനിന്ന് നമുക്ക് ലഭിച്ചുതുടങ്ങിയിട്ടുണ്ട്. ഒത്തിരി വർഷങ്ങളായി സഭക്കെതിരെയുള്ള ആക്ഷേപങ്ങൾ നാം ഏഷ്യാനെറ്റിൽ നിന്നും മാതൃഭൂമിയിൽ നിന്നും മറുനാടനിൽ നിന്നുമൊക്കെയാണ് കേട്ടിട്ടുള്ളത്. ഇന്ന് ഇത്തരം വിഷയങ്ങൾ സഭക്കുള്ളിൽതന്നെ കേൾക്കാനും ചർച്ച ചെയ്യാനും നാം തയ്യാറാകുന്നു. സഭയിലെ മാലിന്യങ്ങൾ മാത്രം ലേലംചെയ്ത് തടിച്ചുകൊഴുക്കുന്ന ബാഷാൻ പശുക്കളാണ് വിമതശത്രുക്കൾ പലരും.

വിമർശനങ്ങളെ ഘട്ടം ഘട്ടമായി സ്വാംശീകരിച്ചു കൊണ്ട് പക്വതയാർജ്ജിച്ച തിരുത്തൽ ശബ്ദങ്ങളെ വളർത്തിയെടുക്കാൻ സാധിക്കാത്തതുകൊണ്ടാണ് സഭയുടെ ഒത്തിരി പ്രവാചകർ ജലന്ധർ വിഷയത്തിൽ വേച്ചുനടക്കുന്ന കാഴ്ച സഭയ്ക്കു കാണേണ്ടിവന്നത്, നമ്മുടെ പ്രവാചകന്മാർ നടക്കാൻ പഠിക്കുന്നതേയുള്ളു. ഒത്തിരിവീഴ്ചകൾ അവർ വരുത്തിയിട്ടുണ്ട്. കാരണം, പ്രവചനത്തിന്റെ പരിശീലനവും പാരമ്പര്യവും കേരള സഭയ്ക്ക് കുറവാണ്. നമ്മുടെ മഹത്തായ ദൈവശാസ്ത്രവിവാദങ്ങൾക്ക് പലപ്പോഴും ഒരു നല്ല പാഷണ്ഡതയുടെ നിലവാരം പോലുമില്ല. ആന്തരികസംഘർഷങ്ങളെ കൈകാര്യം ചെയ്യാനുള്ള പക്വത സഭയിലെ ദൈവശാസ്ത്രജ്ഞന്മാരും പ്രവാചകന്മാരും കൈവരിച്ചിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. എങ്ങനെയാണ് ക്രിസ്തീയസഭയിൽ ആത്മവിമർശനം നടത്തേണ്ടത് എന്ന് നാം പഠിച്ചുവരുന്നതേയുള്ളൂ. എല്ലാ പ്രതികരണങ്ങളും ഇനിയുമേറെ നാം പഠിക്കാനുണ്ട് എന്നതിന്റെ സൂചനകളാണ്. രണ്ടായിരം വർഷത്തിന്റെ പാരമ്പര്യമുള്ള സഭയ്ക്ക് കൈകാര്യം ചെയ്യാൻ സാധിക്കാത്ത ഒരു വിമതനും കേരളത്തിലെങ്ങും ഉണ്ടായിട്ടില്ല. സുവിശേഷാത്മകമായ സമീപനങ്ങൾ നാം സ്വീകരിക്കണം എന്നു മാത്രം. 1938ൽ മുണ്ടശ്ശേരിയും എം.പി. പോളും കൂട്ടരും ചേർന്ന് ഇറക്കിയ 'കേരള കത്തോലിക്കൻ' എന്ന ലഘുലേഖയെക്കുറിച്ച് വന്ദ്യവയോധികനായ ഒരു ദൈവശാസ്ത്രജ്ഞൻ പരാമർശിക്കുന്നു. അതിൽ നടത്തിയ നിരീക്ഷണങ്ങൾ ഇന്നും പരിഗണിക്കപ്പെടാതെപോലും കിടക്കുന്നു എന്നതാണ് ഇന്നത്തെ പ്രശ്നങ്ങൾ സൂചിപ്പിക്കുന്നതത്രേ!

### നമ്മൾ കൈകോർക്കാൻ പഠിക്കുകയാണ്

മൂന്നാമതായി, നാം കൈകോർക്കാൻ പഠിക്കുകയാണ്. കഴിഞ്ഞ ഏതാനും ദശാബ്ദങ്ങളായി വിശ്വാസത്തിന്റെ വളർച്ചയെക്കാൾ വിശ്വാസസമൃദ്ധിയുടെ ആഡംബരങ്ങളായിരുന്നു കേരളസഭയിൽ നടന്നിരുന്നത് എന്ന് തോന്നുന്നു. അമിതമായ സ്വത്വബോധം ഇത്തരമൊരു ആഡംബരമാണ്. ഐക്യത്തിന്റെ ദൃശ്യമായ പ്രതീകങ്ങളെയും പ്രസ്ഥാനങ്ങളെയും ഒന്നൊന്നായി ഇല്ലാതാക്കുന്നതായിരുന്നു സഭയുടെ വളർച്ചാശൈലി. അമിത സ്വത്വബോധങ്ങൾക്ക് പലപ്പോഴും സുവിശേഷാത്മക സഹവർത്തിത്ത്വത്തിന്റെ വലിയ വില നല്കേണ്ടി വന്നു. സഭക്കെതിരായ സംഘടിതമായ ഗൂഢാലോചനകളെപ്പറ്റി ഒരുപാട് പറഞ്ഞുകേൾക്കുന്നുണ്ട്. സംഘടിതമായതിനെ സംഘാതമായിത്തന്നെ നേരിടുമ്പോഴാണ് ഗൂഢാലോചനകൾതന്നെ സഭയ്ക്ക് അവസരങ്ങളായി മാറുന്നത്. എല്ലാ വിഭജനങ്ങളും ദ്വൈതങ്ങളും അതീതമായി കേരളസഭ ഒരേ ഹൃദയത്തോടെ ചിന്തിക്കേണ്ടതിന്റെ ആവശ്യകതയാണ് ഇപ്പോൾ. സഭയിൽ ഒരുപാട് നന്മകളെ ജനിപ്പിക്കാൻ ഈ സംഘടിതമായ ഗൂഢാലോചനകൾ ഉപകാരപ്പെടും. ശിഷ്യന്മാർ മീൻ പിടിക്കാൻ പോകുമ്പോൾ സമൃദ്ധികൊണ്ട് വല കീറാൻ തുടങ്ങുകയാണ്. അപ്പോൾ മറ്റു വള്ളങ്ങളിലുള്ളവരെക്കൂടി വിളിക്കുകയാണ്. ടീംവർക്ക്! നോബൽ സമ്മാനങ്ങൾ പോലും ഇന്ന് വ്യക്തികൾക്കല്ല, ടീമുകൾക്കാണ് നല്കപ്പെടുന്നത്. കോർപ്പറേറ്റുകൾപോലും സ്വാർത്ഥപരമായി സഹകരണ മന്ത്രം ഉരുവിടുകയാണ്. കേരളസഭയിലെ വിശ്വാസത്തിന്റെ അതിസമൃദ്ധി നമുക്ക് ബാധ്യതയായി മാറിയിട്ടില്ലേ. അതിനാൽ നമ്മൾക്ക് വല കീറുന്ന സൂചനകൾ ലഭിക്കുമ്പോൾ നാം കൈകോർക്കേണ്ട സാഹചര്യം എത്തിച്ചേർന്നിരിക്കുന്നു.

സെക്കുലർ ഭാഷ സംസാരിക്കാൻ കഴിയുന്നവർ സഭയിൽ ചുരുക്കമാണ്. മുഖ്യധാരാസമൂഹത്തിൽ കേരളസഭ ഒറ്റപ്പെട്ടുപോകുന്നു. സാംസ്കാരികവും ബൗദ്ധികവുമായ ആഴം നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇത്തരത്തിലുള്ള നഗ്നതകളും ദാരിദ്ര്യവും നാം തിരിച്ചറിയണം. നാളേക്കുവേണ്ടി നാം എന്താണ് ഒരുമിച്ച് ചെയ്യേണ്ടത് എന്നാലോചിക്കേണ്ടതുണ്ട്. അല്മായരുടെയും സാംസ്കാരികനായകന്മാരുടെയും കൈപിടിക്കാനും നാം മടിക്കരുത്. പ്രൊഫഷണൽ പരിശീലനം നല്കി നമ്മുടെ വക്താക്കളായി അയക്കാൻ ആളുകൾ വേണം. വലിയ മാനവവിഭവശേഷിയുള്ള സഭയ്ക്ക് എന്തുകൊണ്ട് ഇപ്രകാരമുള്ള ദാരിദ്ര്യം അനുഭവപ്പെടുന്നുവെന്ന് ചിന്തിക്കണം. സഭയ്ക്കു വേണ്ടി സംസാരിക്കുന്നവർ എന്ന മട്ടിൽ മാധ്യമത്തിൽ അവതരിപ്പിക്കപ്പെട്ടവർതന്നെ സമൂഹത്തിന് മുന്നിൽ ഒരുപാട് സന്ദേഹങ്ങൾ അവശേഷിപ്പിക്കുന്നവരായിരുന്നുവത്രേ!

സംസ്കാരിക കേരളത്തെ അക്ഷരം പഠിപ്പിക്കുന്നതിൽ നല്ല പങ്ക് വഹിച്ച സഭയ്ക്ക് ദൃശ്യമാധ്യമ രംഗത്ത് സത്യം പറയാൻ ഒരു ചാനലില്ല എന്നത് നമ്മുടെ സഹകരണമില്ലായ്മയുടെ ദൃഷ്ടാന്തമാണ്. എന്നാൽ പ്രസാധനരംഗത്ത് ഇത്രയേറെ പണം ചെലവഴിക്കുന്ന ഒരു സമുദായവും ഉണ്ടാകില്ല. എന്തുകൊണ്ട് നമുക്കൊരു മീഡിയ ഇല്ലാതെ പോകുന്നു. സത്യം അടക്കിപ്പറഞ്ഞുകൊണ്ട് കരയാനല്ലാതെ അതുറക്കെ പ്രഘോഷിക്കാൻ എന്തുകൊണ്ട് നമുക്കൊരു മാധ്യമമില്ലാതെ പോകുന്നു. സഭാ പ്രസ്ഥാനങ്ങൾ തനിയെ തനിയെ വളരുന്നു. ഓരോ രൂപതയും സന്ന്യാസസഭയും ഓരോ സഭയെന്നതുപോലെ വർത്തിക്കുന്നു. അടിസ്ഥാനപരമായ പ്രശ്നം നമുക്കിടയിൽ ഐക്യമില്ല എന്നതാണ്.

വസ്തുനിഷ്ഠതക്കുവേണ്ടി നിലകൊള്ളുന്ന മാധ്യമങ്ങളുടെ സൈദ്ധാന്തികമായൊരു അഭാവം സാംസ്കാരിക കേരളത്തിൽ കാണാൻ സാധിക്കുന്നുണ്ട്. ഇന്ന് ധാർമ്മികമായി ഏറ്റവുമധികം തകർന്നിരിക്കുന്നത് മാധ്യമങ്ങൾതന്നെയാണ്. കേരളത്തിന്റെ ധാർമ്മികമനഃസാക്ഷിയെ രൂപപ്പെടുത്തുന്നതിൽ കേരളസമൂഹം മുഖ്യഃധാരാ മാധ്യമങ്ങളെത്തന്നെ പുറത്തു നിർത്തിയിരിക്കുകയാണ്. മാധ്യമങ്ങളുടെ അജണ്ടകൾക്ക് വിധേയപ്പെടുന്നവരല്ല കേരളസമൂഹം. അതിനാൽ കത്തോലിക്കാസഭയ്ക്ക് മാത്രം പറഞ്ഞു കൊടുക്കാൻ സാധിക്കുന്ന സത്യത്തിന്റെ ശബ്ദത്തിനായി കാതുകൂർപ്പിക്കുവാൻ വിശ്വാസീസമൂഹം മാത്രമല്ല, പൊതുസമൂഹംതന്നെ ഉണ്ടായിരിക്കും. ഇന്ന് മാധ്യമങ്ങൾ തട്ടിയെടുത്തിരിക്കുന്ന സഭാപ്രതിച്ഛായയുടെ തൂലികകൾ യഥാർത്ഥ ആഖ്യാതാക്കളിലേക്ക് തന്നെ തിരികെയെത്തിക്കുവാൻ സുദൃഢമായ പ്രായോഗികതീരുമാനങ്ങൾ കൂട്ടായ സഭാനേതൃത്വത്തിന്റെ പക്ഷത്തുനിന്നും ഉണ്ടാകേണ്ടതാണ്. സങ്കുചിത താത്പര്യങ്ങൾ മറന്ന് പൊതുനന്മയ്ക്കു വേണ്ടി കൈകോർക്കാൻ പഠിച്ചില്ലെങ്കിൽ കേരളസഭയുടെ പ്രശ്നങ്ങൾക്ക് ഒരിക്കലും

പരിഹാരമുണ്ടാകില്ല. സഹകരണത്തിന്റെയും സഹവർത്തിത്വത്തിന്റെയും സത്യത്തെ വീണ്ടെടുക്കാതെ സത്യാനന്തരയുഗത്തിൽ കേരളസഭ ഒരിക്കലും സത്യത്തിന്റെ വക്താവാകാൻ പോകുന്നില്ല.

**നമ്മൾ വിശ്വസിക്കാൻ പഠിക്കുകയാണ്!**

നാലാമതായി, നാം വിശ്വസിക്കാൻ പഠിക്കുകയാണ്. പരീക്ഷിക്കപ്പെടുമ്പോൾ പരാജയപ്പെടുന്നതല്ല, തെളിയിക്കപ്പെടാനും സ്ഥിരീകരിക്കപ്പെടാനുള്ളതാണ് വിശ്വാസം. അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും വലിയ സാക്ഷ്യങ്ങൾ കേരളസഭയ്ക്കുണ്ട്. ക്ഷതങ്ങളുടെയും ശൂന്യതകളുടെയും വിശ്വാസമാണ് കേരള സഭയ്ക്ക് ഇന്ന് അനിവാര്യം. മുറിവുകളെ തൊട്ട് നടത്തിയ വിശ്വാസപ്രഖ്യാപനത്തിന്റെ അപ്പസ്തോലിക പാരമ്പര്യം സഭാഗാത്രത്തിലെ മുറിവുകളാൽ തന്നെ ധന്യമാക്കപ്പെടാനുള്ളതാണ്. ഇത്തരം പ്രതിസന്ധികളിലൂടെ കേരളസഭയുടെ വിശ്വാസം കൂടുതൽ പക്വതയും സ്ഫുടതയും കൈവരിക്കുന്നതു കാണാം. സഭയിലെ ഹൈരാർക്കിവൃന്ദത്തിന്റെ അപചയങ്ങളും പ്രതിസാക്ഷ്യങ്ങളുമാണ് എന്നും, പ്രത്യേകിച്ച് ഇക്കാലത്ത്, ലോകത്തിന് മുന്നിൽ സഭയെ നാണം കെടുത്തിയിട്ടുള്ളത്. അനർഹരായവർ ജറുസലേമിന്റെ തെരുവുകളെ മലിനമാക്കുമ്പോഴും 'അച്ചാ, ഈശോ മിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ' എന്നുച്ചരിക്കുന്ന സത്യവിശ്വാസികളുടെ അധരങ്ങൾ തളരുന്നില്ല എന്നത് കേരളത്തിന്റെ ഉദാത്ത വിശ്വാസത്തിന്റെ വലിയ മുതൽക്കൂട്ടാണ്. കൊട്ടിയൂർ സംഭവത്തിൽ കുറ്റക്കാരനായ വൈദികൻ നിരപരാധിയാണെന്ന് ഇപ്പോഴും വിശ്വസിക്കുന്ന ഒരു നല്ല ശതമാനം വിശ്വാസികളുണ്ടത്രേ! സഭയെന്ന വികാരത്താൽ സ്വയം അന്ധമാകുന്ന ഈ വിശ്വാസിഗണം സഭയ്ക്ക് ഒരുപോലെ മുതൽക്കൂട്ടും ബാധ്യതയുമാണ്. ഈ സമൂഹത്തോട് മാത്രം സംവദിക്കുന്ന ശൈലി അറിയാതെ രൂപപ്പെടു ത്തുന്ന സഭ നാളെ ഈ ഗണത്തിന്റെ അനുപാതം ഗണ്യമായി താഴുമ്പോൾ ഒത്തിരി അപ്രസക്തമായി മാറുന്നു.

യഥാർത്ഥമായ വിശ്വാസത്തിന്റെ പരിശീലനം നാം പകർന്നു നല്കുന്നുണ്ടോ എന്നതാണ് ചോദ്യം. ക്രിസ്തുവിന്റെ പ്രതിപുരുഷന്മാരിൽ കുടുങ്ങിക്കിടക്കുന്ന വിശ്വാസത്തെ ക്രിസ്തുവിലേക്കുതന്നെ പൂർണ്ണമായും കേന്ദ്രീകരിക്കാനുള്ള അവസരങ്ങളാണ് പ്രതിപുരുഷന്മാരുടെ പ്രതിസാക്ഷ്യങ്ങൾ. സമരിയാക്കാരി സ്ത്രീയോട് സിക്കാർ നിവാസികൾ പറഞ്ഞത്, 'ഇപ്പോൾ ഞങ്ങൾ വിശ്വസിക്കുന്നത് നീ പറഞ്ഞതു കേട്ടിട്ടല്ല. ഞങ്ങൾ തന്നെ നേരിട്ടറിഞ്ഞതാണ്' എന്നാണ്. ഇതാണ് സിക്കാർ പട്ടണ വിശ്വാസികളുടെ പ്രായപൂർത്തി കൈവരിച്ച വിശ്വാസ മാതൃക. മുതിർന്നവർക്കു തന്നെ പറഞ്ഞുകൊടുക്കേണ്ട ശരിയായ വിശ്വാസപാഠങ്ങളുടെ വെല്ലുവിളികളാണ് സമീപകാല കോടതി വിധികൾ കൊണ്ടുവരുന്നത്. നിയമംമൂലം വിലക്കപ്പെട്ടിരിക്കുന്നതു കൊണ്ടല്ല. സ്വതന്ത്രരായിരിക്കുമ്പോഴാണ് പാപപുണ്യങ്ങളുടെ യഥാർത്ഥ വിവേചനം സത്യവിശ്വാസി കാണിക്കേണ്ടത്. ഇത്തരുണത്തിൽ കോടതിവിധികൾ വെല്ലുവിളി പോലെതന്നെ വിശ്വാസത്തിന്റെ മാറ്റുരയ്ക്കാനുള്ള അവസരങ്ങൾ കൂടിയാണ്.

പ്രതിവിധികളുടെ അന്വേഷണവും നമ്മുടെ ചർച്ചയുടെ വിഷയമാണല്ലോ. അടിസ്ഥാനകാരണങ്ങളുടെ തിരിച്ചറിവിൽ തന്നെ ശരിയായ പ്രതിവിധികൾക്കുള്ള ദിശാസൂചനകളും ഉൾച്ചേർന്നിട്ടുണ്ട്. 'ഇതും കടന്നുപോകും' എന്ന സമീപനം പുലർത്തി പ്രശ്നങ്ങളെ തമസ്കരിക്കുന്നത് തിരുസഭയോടു കാണിക്കുന്ന അനാദരവും ഉത്തരവാദിത്വമില്ലായ്മയുമായിരിക്കും. അമേരിക്കൻ സഭ ഇക്കാര്യത്തിൽ ചില ആശാവഹമായ സൂചനകൾ തരുന്നുണ്ട്. 2004-ൽ വിവാദങ്ങൾ പൊട്ടിപ്പുറപ്പെട്ടപ്പോൾ അമേരിക്കൻ മെത്രാൻ സമിതി പുറപ്പെടുവിച്ച 'ഡള്ളസ് ചാർട്ടർ' വളരെ വിഖ്യാതമാണ്, ഒരു കർദ്ദിനാളോ വൈദികനോ അംഗമാകാതെ പ്രഗത്ഭരായ സാമൂഹ്യശാസ്ത്രജ്ഞന്മാരെയും നിയമവിദഗ്ദരെയും സാംസ്കാരികനേതാക്കളെയും മാത്രം ഉൾപ്പെടുത്തിക്കൊണ്ട് ഒരു പന്ത്രണ്ടംഗ കമ്മീഷൻ രൂപീകരിച്ചു. അവർ കൊണ്ടുവന്ന മാർഗ്ഗരേഖയാണ് ഡള്ളസ് ചാർട്ടർ. വളരെ വിപ്ലവാത്മകമായ ചുവടുവയ്പായിരുന്നു അത്. തെറ്റുകൾ ഇനിയൊരിക്കലും ആവർത്തിക്കപ്പെടുകയില്ല എന്നാണ് ഡള്ളസ് ചാർട്ടർ ചർച്ച ചെയ്ത് അമേരിക്കൻ മെത്രാൻ സമിതി പറഞ്ഞത്. എന്നാൽ പിന്നീട് മെത്രാന്മാരും കർദ്ദിനാൾമാരും കുറ്റാരോപിതരായപ്പോൾ ഡള്ളസ് ചാർട്ടറിവനും പരിമിതികളുണ്ട് എന്നും അതുപോലും അപര്യാപ്തമായിരുന്നു എന്നുമാണ് അമേരിക്കൻ മെത്രാൻ സമിതിയുടെ പ്രസിഡന്റ് പറഞ്ഞത്. ഇതിന്റെ വെളിച്ചത്തിൽ മെത്രാൻ സമിതിയുടെ തീരുമാനങ്ങളും നടപടിക്രമങ്ങളും മാർപാപ്പയെ അറിയിച്ചു. മാപാപ്പയാകട്ടെ, മെത്രാൻ മാർ തമ്മിൽ തമ്മിലും മാർപ്പാപ്പയോയുടള്ള ഐക്യത്തിൽ വളരാൻ പ്രത്യേക ധ്യാനം നടത്താൻ ആവശ്യപ്പെട്ടിരിക്കുകയാണ്. അതിനായി റോമിൽ നിന്നും പ്രത്യേക ധ്യാന ഗുരുവിനെയും അയച്ചുകൊടുക്കുന്നു.

ജലന്തർ വിഷയത്തിന്റെ ശരിതെറ്റുകൾ ഇനിയും വേർതിരിക്കപ്പെടാനിരിക്കുന്നതേയുള്ളൂ. നിയമം നിയമത്തിന്റെ വഴിക്കു നീങ്ങുമ്പോഴും അരൂപിക്ക് നിയമത്തിന്റെ വഴി മാത്രമല്ല ഉള്ളത്. ഘടനാപരമായും നിയമപരമായും ധാർമ്മികമായും സഭയിലെ ചില blind spots ഈ വിവാദം കാട്ടിത്തരുന്നുണ്ട്. അവയെ യഥോചിതം തിരിച്ചറിഞ്ഞ് പരിഹാരങ്ങൾ കണ്ടെത്തേണ്ടതുണ്ട്. ഒരു സ്വതന്ത്ര വിദഗ്ദസമിതി യുടെ നേതൃത്വത്തിൽ സുതാരയവും സമഗ്രവുമായ വിശകലനംതന്നെ ഇനിയും തുടങ്ങിയിട്ടില്ലെങ്കിൽ അത് തീർത്തും നിരാശജനകമാണ്. പ്രാർത്ഥനയുടെ ആഹ്വാനങ്ങളും വാഗ്ദാനങ്ങളും നമ്മൾ ഒത്തിരി കേട്ടു. ഏറ്റവും പരിപാവനമായ ഈ പ്രതിവിധി തന്നെ ഒന്നും ചെയ്യാനും പറയാനും തയ്യാറല്ലാത്തവന്റെ സ്വയം പ്രതിരോധത്തിന്റെ മന്ത്രമായി ഉപയോഗിക്കപ്പെട്ടേക്കാം. നീതിപൂർവ്വകമായ പ്രാർത്ഥനയുടെ നിർബന്ധങ്ങൾ തന്നെയാണ് തുടർനടപടികൾ എന്ത് എന്ന ചോദ്യവും. പ്രതിവിധികൾ അറിയാത്തതല്ല, പ്രതിവിധികൾ വേണ്ടാത്തതിന്റെ സുരക്ഷിതത്വമാണ് നാം ഇന്ന് ഏറെ ഭയപ്പെടേണ്ടത്. വേദനിപ്പിക്കുന്ന പ്രതിവിധികൾ ആരായാനുള്ള ധൈര്യം തരണമേ എന്ന പ്രാർത്ഥന തന്നെ പ്രഥമ പ്രതിവിധി!





# നക്ഷത്രകുമാരന്റെ കഥ

ഫാ. ജോഷി മയ്യാറ്റിൽ, പി.ഒ.സി പാലാരിവട്ടം

ഇതൊരു കഥയാണോ? അറിയില്ല. ഇതൊരു നാടകമാണോ? അറിയില്ല. തീർച്ചയായും എനിക്ക് ഒന്ന റിയാം: ബൈബിൾ നിറയെ ഒരു നക്ഷത്രകുമാരന്റെ കഥയാണ് ... JESUS CHRIST THE SUPER STAR!!! ഈ വർഷം നക്ഷത്രം തൂക്കുമ്പോൾ ഓർമിക്കാൻ ഇതാ, ഈ കഥ തുടങ്ങുകയായി...

**രംഗം ഒന്ന് (ഉത് 2:5 – 3:19)**

ഒരിടത്തൊരിടത്തൊരു ഏദൻ ഉണ്ടായിരുന്നു. ആദാമിന്റെ ഏദൻ; ഹവ്വയുടെയും. അവിടെ നക്ഷത്ര ങ്ങൾ തിളങ്ങിയിരുന്നു. കിളികളുടെ പാട്ടിന് സ്വർഗം ശ്രുതിമീട്ടിയിരുന്നു. വൃക്ഷങ്ങളെല്ലാം നമ്രശിരസ്ക രായേ നിന്നിരുന്നുള്ളൂ. സിംഹവും മാനും ചങ്ങാത്തം കൂടിയിരുന്നു. രാപകലുകൾ എന്നും ലയവിസ്മയ നിറ ച്ചാർത്തുകൾ തീർത്തിരുന്നു.

ഒരിക്കൽ അവിടെ ഫണമുയർന്നു. വൃക്ഷം അഹങ്കാരിയായി ശിരസ്സുയർത്തി. നക്ഷത്രങ്ങൾ താഴെ പ്പതിച്ചു. എങ്ങും എവിടെയും മൂളലും മുരങ്ങലും. മണ്ണിൽ മുളച്ചതെല്ലാം മുള്ളുകൾ! ആദവും ഹവ്വയും ശിരസ്സു താഴ്ത്തി വൃക്ഷത്തിൻപിന്നിലൊളിച്ചു. നാണം, സർവത്ര നാണം.

ഇരുളിന്റെ കനത്ത വിതാനത്തിൽ കാലത്തിന്റെ വിദൂരകോണിൽ ഒരു ഉഷഃകാലതാരം അവ്യക്തമായി മിന്നി. 'സ്ത്രീ'. താഴെപ്പതിച്ച നക്ഷത്രങ്ങളുടെയെല്ലാം ഉടയവൻ അവൾക്കു പിന്നാലെ ഉണ്ടായിരുന്നു – 'നക്ഷ ത്രകുമാരൻ' (ഉത് 3:15).

**രംഗം രണ്ട് (സംഖ്യ 22:1 – 24:25)**

മൊവാബിൽ കോളിളക്കമുണ്ടായി! നാടോടി ശല്യം. ഈജിപ്തിൽനിന്ന് മുഖവും സ്വരവും നഷ്ട പ്പെട്ട് ഓടിപ്പോന്ന അബ്രാമിന്റെ സന്തതികളെ ബാലാ മിന്റെ ശാപക്കയ്പുകൂടി കുടിപ്പിക്കണമെന്ന് ബാലാ ക്കിനു കടുത്ത നിർബന്ധം. വിമോചനയാത്ര തടയാൻ വിവേകശൂന്യമായ യാത്ര നടത്തിയവൻ ഒടുവിൽ മൊഴിഞ്ഞു: "ഞാൻ അവനെ കാണുന്നു. എന്നാൽ ഇപ്പോഴല്ല, ഞാൻ അവനെ ദർശിക്കുന്നു. എന്നാൽ അടു ത്തല്ല. യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിക്കും . ." (സംഖ്യ 24:17). അതെ, ബാലാം കണ്ടു അവ്യക്തമായി, നക്ഷത്രകുമാരനെ!

**രംഗം മൂന്ന് (ഏശ 7–9)**

സിറിയായും എഫ്രായിമും കൈകോർത്തു. യൂദാ നടുങ്ങി വിറച്ചു. അസീറിയയിലേക്ക് ആഹാബ് ഉറ്റുനോക്കി. സഖ്യചിന്തകൾ രാജമനസ്സിൽ നിറഞ്ഞു. ഏശയ്യായുടെ പാഞ്ചജന്യം: "വിശ്വസിക്കുന്നില്ലെങ്കിൽ നിനക്കു സുസ്ഥിതി ലഭിക്കുകയില്ല" (ഏശ 7:9). എങ്കിലും അവിശ്വാസത്തിന്റെ സഖ്യചിന്തകൾക്കു ശമ നമുണ്ടായില്ല. കാംക്ഷിക്കാതിരുന്നിട്ടും ആഹാബിന് കർത്താവിന്റെ അടയാളത്തെക്കുറിച്ചുള്ള പ്രവചനം കേൾക്കേണ്ടിവന്നു. "യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ 'ഇമ്മാനുവേൽ' എന്നു വിളിക്കപ്പെടും" (ഏശ 7:14). പ്രവാചിക പ്രസവിച്ചു. ശരി തന്നെ. 'മാഹെർഷലാൽഹഷ്ബാ' എന്ന കുഞ്ഞ് സംസാരിക്കാൻ തുടങ്ങുംമുമ്പേ സിറിയായും സമരി യയും ബലശൂന്യരായി (ഏശ 8:3–4). അതും ശരിതന്നെ. പക്ഷേ, ആ കുഞ്ഞ് നക്ഷത്രകുമാരനായിരുന്നില്ല, നിഴൽ മാത്രമായിരുന്നു. നക്ഷത്രകുമാരൻ ദാവീദിന്റെ നക്ഷ ത്രമാണ് (ഏശയ്യ 9:7). കൂരിരുട്ടിന്റെ ദേശത്തു വസി ക്കുന്നവരുടെമേൽ ഉദിക്കുന്ന പ്രകാശം (ഏശ 9:2).

**രംഗം നാല് (സുവിശേഷങ്ങൾ)**

ബാലാമും ഏശയ്യായും ദൂരെ കണ്ട നക്ഷത്ര പ്രഭ മത്തായി സുവിശേഷകൻ അടുത്തുകണ്ടു. മത്താ യിയുടെ ഉൾക്കണ്ണുതിളങ്ങി രൂപപ്പെട്ടവരാണ് ജ്ഞാനി കൾ. അവർ കിഴക്ക് കുമാരനക്ഷത്രം കണ്ടത്രേ. യാക്കോ ബിൽ നിന്നുദിച്ച നക്ഷത്രം!

പൗരസ്ത്യദേശത്തുനിന്ന് ജറുസലേം വരെ നയിച്ച നക്ഷത്രത്തിന് കൊട്ടാരപരിസരത്തുവച്ച് എന്തു പറ്റി? ജ്ഞാനികൾക്കും ആഹാബിന്റെ നേത്രരോഗം പകർന്നുകിട്ടിക്കാണും. കർത്താവിന്റെ അടയാളത്തിനു മപ്പുറത്ത് സഖ്യത്തെക്കാണുന്ന അസുഖം! ശക്തിപ്ര താപങ്ങളുടെ കൊട്ടാരത്തിൽ നിന്നിറങ്ങാതെ കുമാര നക്ഷത്രം തെളിയില്ല. ആകാശത്തിൽമാത്രം നോക്കി നടന്നപ്പോൾ "കിഴക്കു കണ്ട നക്ഷത്രം അവർക്കുമുമ്പേ നീങ്ങിക്കൊണ്ടിരുന്നു" (മത്താ 2:9).

കുമാരൻ കിടന്നിരുന്ന സ്ഥലത്തിനു മുകളിലായി നക്ഷത്രം തിളങ്ങിനിന്നു. യാക്കോബിൽ നിന്നുദിച്ച നക്ഷത്രം പൗരസ്ത്യർ അടുത്തായി ദർശിച്ചു. കന്യക ഗർഭം ധരിച്ചു പ്രസവിച്ച നക്ഷത്രകുമാരനെ.

ലൂക്കായ്ക്കും നക്ഷത്രക്കാഴ്ച കിട്ടിക്കാണണം. സഖറിയായെക്കൊണ്ട് കൂരിരുട്ടിന്റെ ദേശത്തു തെളിഞ്ഞ പ്രകാശത്തെക്കുറിച്ച് അദ്ദേഹം പാട്ടുപാടിച്ചുവല്ലോ (ലൂക്ക 1:7). രാത്രിയിൽ ഇടയന്മാരുടെമേൽ കർത്താവിന്റെ മഹത്ത്വം പ്രകാശിച്ചു (ലൂക്ക 2:9) എന്ന് എഴുതിയതും മറ്റൊരർത്ഥത്തിലാവാൻ ഇടയില്ല.

യോഹന്നാന്റെ നക്ഷത്രകുമാരക്കാഴ്ചയും സുന്ദരംതന്നെ. ബാലകാലവിവരണങ്ങൾക്കു പകരം നില്ക്കുന്നു എന്നു കരുതപ്പെടുന്ന ആമുഖത്തിൽ (യോഹ 1:1-18) ത്തന്നെ അദ്ദേഹം കുറിച്ചുവച്ചു: "എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥവെളിച്ചം ലോകത്തിലേക്കു വരുന്നുണ്ടായിരുന്നു" (യോഹ 1:9). പിന്നീട്, ഞാൻ ലോകത്തിന്റെ പ്രകാശമാണ് (യോഹ 8:12) എന്നു പറഞ്ഞതും യോഹന്നാന്റെ യേശുവാണ്.

**രംഗം അഞ്ച് (വെളിപാട്)**

ഉത്പത്തിയിലെ 'സ്ത്രീ'യും ഏശയ്യായിലെ 'യുവതി'യും മത്തായിയിലെ 'കന്യക'യും യോഹന്നാനിലെ 'സ്ത്രീ'യും (2:4; 19:26) നക്ഷത്രകുമാരനോട് അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. വെളിപാടു പുസ്തകത്തിലും 'സ്ത്രീ' - പ്രത്യക്ഷപ്പെടുന്നു (വെളി 12). ഇവിടെ ക്രിസ്തുവിജ്ഞാനീയവും സഭാവിജ്ഞാനീയവും മരിയവിജ്ഞാനീയവും തമ്മിലുള്ള ബന്ധത്തിന്റെ ചുരുളഴിയുന്നു. സ്വർഗീയജറുസലേം ഭർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെ സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്നതായി 21-ാം അധ്യായത്തിൽ പ്രസ്താവിച്ചിരിക്കുന്നു. പട്ടണത്തെ പ്രകാശിപ്പിക്കാൻ മറ്റൊന്നിന്റെ ആവശ്യമില്ല. കാരണം, "അതിന്റെ ദീപം കുഞ്ഞാടാണ്" (വെളി 21:24). വെളിപാടിന്റെ അവസാനഅധ്യായത്തിൽ നക്ഷത്രരാജാവ് സ്വയം പരിചയപ്പെടുത്തുന്നു: "ഞാൻ ദാവീദിന്റെ വേരും സന്തതിയുമാണ്; പ്രഭാപൂർണനായ പ്രഭാതനക്ഷത്രം" (വെളി 22:16)

**നക്ഷത്രപ്പിറന്നാൾ**

ഏതായാലും നക്ഷത്രകുമാരന്റെ തിരുനാളിൽ നക്ഷത്രം തെളിക്കുന്ന മനുജന്റെ മനോധർമ്മം ശ്ലാഘനീയംതന്നെ. ക്രിസ്തുമസ്സിനായി നക്ഷത്രാലങ്കാരങ്ങൾ ഒരുക്കുമ്പോൾ ഈ കവിതാശകലം ഓർക്കുക:

ഉയരങ്ങളിലേക്കു നോക്കിയവർ
നക്ഷത്രം കണ്ടു . . .
നക്ഷത്ര വഴി കണ്ടു . . .
നക്ഷത്ര താവളം കണ്ടു . . .
നക്ഷത്രകുമാരനെ കണ്ടു . . .
നക്ഷത്രകുമാരനെ കണ്ടവർ ജ്വലിച്ചു, നക്ഷത്രങ്ങളായി . . . (സങ്കീ 36:19)

തെളിക്കുന്ന നക്ഷത്രം മനസ്സിൽ തെളിയട്ടെ! ആയിരം നക്ഷത്രാശംസകൾ!



Print Media & Communication

# ക്രൈസ്തവ പ്രസിദ്ധീകരണങ്ങളും സാംസ്കാരിക ഇടപെടലുകളും

**ശ്രീ. ഷാജി ജോർജ്**

കെആർഎൽസിസി, വൈസ് പ്രസിഡന്റ്

ഈ കാലഘട്ടത്തിൽ നമ്മുടെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളുടെ സാംസ്ക്കാരിക ഇടപെടലുകൾ ഏതെല്ലാം മേഖലകളിൽ ഉണ്ട് എന്ന് നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അന്ധവിശ്വാസങ്ങളെ അടിച്ചേല്പിക്കുന്ന ഒരു മാർഗമായി കത്തോലിക്കാസഭയിലെ ചില പ്രസിദ്ധീകരണങ്ങൾ മാറിയിട്ടുണ്ട്. ഉദാഹരണമായി ഞാൻ രണ്ടുദിവസം മുമ്പ് ഒരു വീട്ടിൽ ചെന്നപ്പോൾ ഒരു മുതിർന്ന സ്ത്രീ കൈയ്യിൽ മുറിവ് കെട്ടിയിട്ടുണ്ട്. മുറിവിന്റെ മുകളിൽ ഒരു ധ്യാനകേന്ദ്രത്തിലെ പത്രം വച്ചുകെട്ടിയിരിക്കുകയാണ്. നമ്മുടെ പ്രസിദ്ധീകരണങ്ങൾ മറ്റുള്ളവർക്ക് എത്രമാത്രം ഉപകാരപ്രദമാണ്, അതുവഴി ക്രൈസ്തവ സാംസ്കാരിക ഔന്നത്യം എത്രമാത്രം പ്രോത്സാഹിപ്പിക്കാൻ നമുക്ക് കഴിയുന്നുണ്ട്? നമ്മുടെ ഇടപെടലിലൂടെ എത്ര നോവലുകൾ, എത്ര കഥകൾ ഈ കാലഘട്ടത്തിലുണ്ടായിട്ടുണ്ട്? പെരുമ്പടവത്തിന്റെ 'ഒരു സങ്കീർത്തനം പോലെ' എന്ന നോവൽ പ്രസിദ്ധീകരിച്ചത് ദീപികയുടെ വാർഷിക പതിപ്പിലാണ്. കേരളത്തിൽ ഭാഷാപോഷണി നിലച്ചുപോയ സമയത്ത് അതിന്റെ വിടവു നികത്തിയത് കേരള ഡൈജസ്റ്റാണ്. അതിൽ കെ.എം. തരകൻ എഴുതിയ 'പാശ്ചാത്യസാഹിത്യ ചരിത്രം' വളരെ അധികം അക്കാദമിക് അവാർഡു നേടിയ ഗ്രന്ഥമാണ്. ഇതുപോലെയുള്ള ഇടപെടലുകൾ നമ്മൾ ഇക്കാലഘട്ടത്തിൽ നടത്തേണ്ടിയിരിക്കുന്നു.


എഴുപതുകളിൽ എഴുത്തുകൾ നടത്തിയ സാംസ്ക്കാരിക മാറ്റം ഇപ്പോൾ നടക്കുന്നുണ്ടോ? ആ എഴുപതുകളിൽ ഉള്ള പ്രേതം ഇപ്പോഴുള്ള നമ്മുടെ 'എഴുത്ത്'മാസികയിലുണ്ട്. ഉദാഹരണമായി നമ്മുടെ ദീപികയിലെ ചില മുഖപ്രസംഗങ്ങൾ ഏറെ മികവു പുലർത്തുന്നതാണ്. ഈ അടുത്തിടെ ഇറങ്ങിയ മുഖപ്രസംഗത്തിൽ ഇന്ത്യയെസംബന്ധിച്ച ദിശാബോധവും നമ്മുടെ രാജ്യം എങ്ങോട്ടുപോകുന്നു എന്ന ചിന്തകളും നല്കാൻ പ്രേരിപ്പിക്കുന്നവയാണ്. മതം നല്കുന്ന ഒരു ധാർമ്മിക ബോധം കാലത്തെ നോക്കി കാണാൻ പ്രേരിപ്പിക്കുന്നു. ദീപികയും മറ്റ് ക്രൈസ്തവ പ്രസിദ്ധീകരണങ്ങളും നിരവധി രാഷ്ട്രീയ സംഭാവനകൾ നല്കിയിട്ടുണ്ട്. പക്ഷെ ഇതെല്ലാം ആര് ഓർത്തുവെക്കുന്നു.

1900ന്റെ കാലഘട്ടങ്ങളിൽ കേരളത്തിൽ സമുദായ സംഘടനകൾ ഉണ്ടായ കാലഘട്ടമായിരുന്നു. എസ്.എൻ.ഡി.പിയും, എൻ.എസ്.എസ്, ലോകക്ഷേമ മഹാജനസഭ, മുസ്ലീംസമാജം, തുടങ്ങിയ നിരവധി സമുദായ സംഘടനകൾ അവരുടെ സമുദായങ്ങളുടെ നവീകരണത്തിന് വളർച്ചയ്ക്ക് പ്രോത്സാഹനം നല്കിയവരാണ്. എസ്.എൻ.ഡി.പിയുടെ 'വിവേകോദയം' എന്ന മാസികയുടെ എഡിറ്ററായിരുന്ന മഹാകവി കുമാരനാശാൻ ആമുഖപത്രത്തിലൂടെ സമുദായത്തിന്റെ ഉന്നമനത്തിന് വേണ്ടി എഴുതി. സഭയും ഈ കാലഘട്ടത്തിനോടനുബന്ധിച്ചു തന്നെ മാന്നാനത്തും ക്രൈസ്തവമഹാജനത്തിനു രൂപംകൊടുത്തു. നിരവധി അല്മായർ സഭയുടെ സാംസ്ക്കാരിക പുരോഗതിക്കുവേണ്ടി പ്രവർത്തിച്ചിട്ടുണ്ട്. കേരളക്രൈസ്തവരുടെ ആധുനിക അവസ്ഥ എഴുതിയ മയ്യനാട് ജോസഫ് കൊല്ലംകാരനാണ്. സഭയുടെ സാംസ്ക്കാരിക രംഗത്ത് പ്രവർത്തിച്ച പല അല്മായരേയും നാം ബോധപൂർവം മറന്നുപോവുകയാണ്. ഒത്തിരിയേറെ സാഹിത്യകാരന്മാർ നമ്മുടെ ഇടയിൽ ഉയർന്നു വന്നിട്ടുണ്ട്. വെട്ടമായാലും, മുട്ടത്തു വർക്കിയായാലും, സെബാസ്റ്റ്യൻ പോളായാലും, ജോർജ് ഓണക്കൂർ ആയാലും, ഇവരൊക്കെ പത്രമാധ്യമങ്ങളുടെ പിൻതുണയിൽ വളർന്നു വന്നവരാണ്. പൊൻകുന്നം വർക്കിയെപോലുള്ള ചിലരൊക്കെ വഴിമാറി സഞ്ചരിച്ചിട്ടുണ്ട്. സഞ്ചരിച്ചതിന്റെ കാരണങ്ങൾ ഒരു പക്ഷെ അവരുടെ അനുഭവങ്ങളാകാം. കേരളസാഹിത്യ അക്കാദമിയുടെ പ്രസിഡന്റായിരുന്ന പൊൻകുന്നം വർക്കിക്ക് കത്തോലിക്കാ സഭയെ വിമർശിച്ചെഴുതിയപ്പോഴാണ് സമൂഹത്തിൽ സ്ഥാനം ലഭിച്ചത്. ഇത്തരം വിരുദ്ധമായ അഭിപ്രായങ്ങൾ പറയുന്നവർക്കാണ് സമൂഹത്തിൽ സ്ഥാനം. ഈ അടുത്തിടെ ഇറങ്ങിയ ചില സിനിമകൾ എടുത്തുനോക്കിയാലും സിനിമകളിലെ (ആമ്മേൻ, ഈ.മ.യൗ)മിക്ക പേരുകളും ക്രൈസ്തവപേരുകളാണ്. എന്നാൽ അതിലെ റോളുകൾ നെഗറ്റീവ് ആയിരിക്കും. അതിലെ എഴുത്തുകാരും സംവിധായകരും ക്രൈസ്തവരായിരിക്കും. അതിന്റെ കാരണങ്ങൾ മിക്കവാറും അവർക്ക് ലഭിച്ച തിക്താനുഭവങ്ങളായിരിക്കാം. ചെറുപുഷ്പം, കേരള ടൈംസ്, ക്രിസ്ത്യൻ ഫെലോഷിപ്പ്, തുടങ്ങിയ മാസികകൾ നടത്തിയ ക്യാമ്പിലൂടെ വളർന്നുവന്നവരാണ് ബാലചന്ദ്രർ ചുള്ളിക്കാട്, തോമസ് ജോസഫ്, ജോർജ് ജോസഫ്, സെബാസ്റ്റ്യൻ പള്ളിത്തോട്, പി.എഫ്. മാത്യൂസ് തുടങ്ങിയ എഴുത്തുകാർ എന്നകാര്യം നാം ഓർക്കേണ്ടിയിരിക്കുന്നു.

റോസക്കുട്ടി കാപ്പൻ, വൈപ്പിശ്ശേരി അച്ചൻ എന്നീ പ്രതിഭകളെ നാം ആദരിക്കാൻ മറന്നുപോകുന്നു. മാതൃഭൂമിയിൽ വന്ന ലേഖനത്തിന്റെ അടിസ്ഥാനത്തിൽ ഒന്നു ചിന്തിക്കുമ്പോൾ നമ്മുടെ കന്യാസ്ത്രീമഠങ്ങളിൽ മൗനംഭജിക്കുന്നവരുണ്ടോ? മേരി ബെനീഞ്ഞജ്ഞയെപ്പോലുള്ളവർ നിരവധി സംഭാവനകൾ സാഹിത്യലോകത്തിനു നല്കിയത് മഠത്തിനുള്ളിൽ നിന്നു തന്നെയാണ്. അനേകം ചിന്തകർ നമുക്ക് ഉണ്ടായിട്ടുണ്ട്. എന്നാൽ മറ്റ് മാസികകളിൽ ലേഖനം വരുമ്പോൾ അതു വായിച്ച് അതേ നാണയത്തിൽ മറുപടി പറയാൻ നമ്മിൽ എത്രപേർക്ക് കഴിയുന്നുണ്ട്. ഇത്രയും ചിന്തകന്മാരും, ഇത്രയും എഴുത്തുകാരും ഉള്ളപ്പോൾ നാം എന്തിന് മൗനികളാകുന്നു?

കാലഘട്ടത്തിനനുരിച്ച് നമ്മുടെ കണ്ണുകൾ തുറക്കണം. സത്യം അറിയുന്നവരും, സത്യം ഗ്രഹിക്കുകയും ചെയ്യുന്നവർ നമ്മൾക്കിടയിൽ ഉണ്ടാകണം. നമ്മൾ കണ്ണടച്ച് ഇരുട്ടാക്കാതെ തുറന്നു പിടിക്കണം.

(കെസിബിസി മീഡിയാകമ്മീഷന്റെ ആഭിമുഖ്യത്തിൽ പാലാരിവട്ടം പി.ഒ.സി.യിൽ സംഘടിപ്പിച്ച കത്തോലിക്കാ എഡിറ്റർമാരുടെയും പ്രസാധകരുടെയും സമ്മേളനത്തിൽ നടത്തിയ പ്രഭാഷണത്തിൽ നിന്ന്)



# നവമാധ്യമ യുഗത്തിലെ
## ക്രിസ്തീയ പ്രസാധകരുടെ സംവേദനം, നയം, നിലപാട്

**ഫാ. ബിനോയ് പിച്ചളക്കാട്ട് എസ്. ജെ**
**എഡിറ്റർ, എഴുത്ത് മാസിക**

കാലഘട്ടത്തിന്റെ ആവശ്യങ്ങളോട് പ്രത്യുത്തരിക്കാനുള്ള സുതാര്യതയും പ്രവാചകധൈര്യവും നമുക്ക് ഉണ്ടാകണം. ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം പ്രസിദ്ധീകരണം, എഴുത്ത്, സാഹിത്യം, ഇതെല്ലാം സുവിശേഷത്തിനുള്ള ഉപാധിയാണ്. സഭയുടെ ചരിത്രവും നമ്മെ പഠിപ്പിക്കുന്നതും അതാണ്. നാം ഏതു വിഷയം ചർച്ച ചെയ്യുമ്പോഴും അടിസ്ഥാനപരമായി നോക്കേണ്ടത് എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു എന്നതാണ്. നമ്മൾ അനുവർത്തിക്കുന്ന രീതിശാസ്ത്രം എന്താണ്? രണ്ടായിരം വർഷങ്ങൾക്കു മുമ്പ് എഴുതപ്പെട്ട സുവിശേഷത്തെ ഇന്നത്തെ ആനുകാലിക സംഭവങ്ങളുടെ വെളിച്ചത്തിൽ വിശുദ്ധീകരിക്കുന്ന രീതിശാസ്ത്രം - അത് ഒരു ക്രൈസ്തപത്രധർമ്മ ത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മെത്തഡോളജിയാണെന്ന് ഞാൻ വിശ്വസിക്കുകയാണ്.

ക്രിസ്തീയ പ്രസാധകർക്കിടയിൽ ഇന്നു പ്രധാനമായും രണ്ടുതരത്തിലുള്ള പ്രസിദ്ധീകരണങ്ങളാണുള്ളത്. 1) ക്രൈസ്തവ സമൂഹത്തെ അഭിസംബോധന ചെയ്തുകൊണ്ടുള്ളവ 2) ക്രൈസ്തവേതര സമൂഹങ്ങളെ സംബോധന ചെയ്യുന്നവ. നമ്മുടെ ഇന്നത്തെ പ്രസിദ്ധീകരണങ്ങളെ പരിശോധിച്ചാൽ അവയെ നാലായി തരംതരിക്കാമെന്നു തോന്നുന്നു. 1) ഇൻസ്ട്രക്റ്റീവ് – ഉപദേശ നിർദേശങ്ങൾ നൽകുന്നവ. 2) ഡിഫൻസീവ് - ന്യായീകരണങ്ങൾ നിരത്തുന്നവ 3) ഒഫൻസീവ് - ഞാൻ മാത്രം ശരി, മറ്റുള്ളത് തെറ്റ് എന്ന സമീപനം സ്വീകരിക്കുന്നവ 4) ഡയലോജിക്കൽ -- എല്ലാത്തിനും ആനുപാതികമായ ഊന്നൽ നല്കി സംവാദാത്മകമാകുന്നവ. ഇക്കാര്യത്തിൽ ഫ്രാൻസിസ് പാപ്പയുടെ വാക്കുകളാണ് എനിക്ക് പ്രചോദനാത്മകമായി തോന്നുന്നത് "മതിലുകൾ കെട്ടാതെ പാലങ്ങൾ പണിയുന്നവരാകുക". ഇന്നത്തെ കാലഘട്ടത്തിൽ ഇതു വളരെ പ്രധാനമാണ്. സംഭാഷണത്തിന്റെയും സംവേദനത്തിന്റെയും ഒരു സംസ്ക്കാരം ഉണ്ടാകണം. അത്തരത്തിലുള്ള വിട്ടുകൊടുക്കലുകളും ഉടച്ചു വാർക്കലുകളും നമ്മുടെ മനോഭാവത്തിൽ വന്നു ചേരണം.

ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ എല്ലാം നമ്മുടെ മുഖപത്രങ്ങളാണ്. ജിഹ്വ എന്നു പറയുന്നപോലെ, നമ്മുടെ നിലപാടുകൾ അവതരിപ്പിക്കാനുള്ള വേദിയാണ്. ചരിത്രം പരിശോധിച്ചാൽ സാഹിത്യത്തെ, എഴുത്തിനെ സുവിശേഷവത്കരണത്തിന്റെ ഉപകരണമായി കാണുന്ന ഒരു മഹനീയമായ പാരമ്പര്യം നമുക്കുണ്ട്. പല സഭാ വിഭാഗങ്ങളിലും, കത്തോലിക്കാ സഭയിലും അതുണ്ട്. എന്നാൽ സഭയ്ക്കുള്ളിൽ നിന്നു കൊണ്ടു മാത്രമല്ലാതെ അൽപം മാറി ചിന്തിക്കുന്ന ക്രൈസ്തവ എഴുത്തുകാരുണ്ട്. അവരുടെ അനുഭവങ്ങൾ അത്ര മനോഹരമല്ല. ക്രൈസ്തവ മൂല്യങ്ങളിൽ ഉറച്ചു നിന്നുകൊണ്ട് ക്രൈസ്തവേതര വിഷയങ്ങളെ കൈകാര്യം ചെയ്യുന്നതിന്റെ പേരിൽ അവരെ ഉൾക്കൊള്ളാനാകാതെ മാറ്റി നിറുത്തപ്പെടുന്ന അവസ്ഥയുണ്ട്. പൊൻകുന്നം വർക്കി, എം പി പോൾ, മുണ്ടശ്ശേരി മാസ്റ്റർ പോലുള്ള എഴുത്തുകാർ ഒന്നുകിൽ നമ്മുടെ ഫ്രെയിമിനുള്ളിൽ നിന്നില്ല അഥവാ അവരെ ഉൾക്കൊള്ളാൻ നമുക്കായില്ല. അതു ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. അവർ പുറത്തു വന്ന് അവർക്ക് അനുഗുണമായിട്ടുള്ള കാഴ്ചപ്പാടുകൾ സമ്മാനിക്കുന്ന പക്ഷങ്ങളോടു ചേരുകയും അവയുടെ വക്താക്കളായി മാറുകയും ചെയ്തു. അതേസമയം, ക്രൈസ്തവ മൂല്യങ്ങളിൽ അടിയുറച്ചു നിന്ന് ക്രൈസ്തവ സാഹിത്യത്തിനു സെക്കുലറായുള്ള മതനിരപേക്ഷതയുടെ അടയാളപ്പെടുത്തലുകൾ നടത്തിയ സിസ്റ്റർ മേരി ബെനീഞ്ഞയെപ്പോലുള്ള സാഹിത്യകാരികളുമുണ്ട്. അപ്പോൾ എവിടെയാണ് അടിസ്ഥാനപരമായ പ്രശ്നം എന്നു നാം ചോദിക്കേണ്ടിയിരിക്കുന്നു.

ക്രിസ്ത്യൻ ബോധമണ്ഡലം അല്ലെങ്കിൽ പൊതു ബോധമണ്ഡലം എന്നതിൽ അധികം വേർതിരിവുകളില്ല. സഭയുടെ ഉള്ളിലെ പ്രശ്നം സഭയ്ക്കു മാത്രം കൈകാര്യം ചെയ്യുന്ന പ്രശ്നമായി ഇന്നു മാറിയിട്ടില്ല. അതു പുറത്തേക്കു പോകുകയാണ്. ഇതാണ് നമ്മൾ മനസിലാക്കേണ്ടത്. ഇന്നു നാം ചർച്ച ചെയ്യേണ്ട പ്രശ്നങ്ങൾ പൊതുബോധമണ്ഡലത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു.

പൊതുബോധമണ്ഡലത്തിൽ നമുക്കെങ്ങനെ വ്യാപരിക്കാനാകും എന്നതാണു നാം പ്രധാനമായും ചിന്തിക്കേണ്ടത്. നമുക്ക് ഇക്കാര്യത്തിൽ മാതൃകകളുണ്ട്. ഏറ്റവും നല്ല മാതൃകയായി ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്, സഭയുടെ സാമൂഹിക പ്രബോധനങ്ങളാണ് (Social Thinking of Catholic Church). നമ്മുടെ നയവും നമ്മുടെ നിലപാടും ക്രിസ്തു കേന്ദ്രീകൃതമാകണം, സുവിശേഷാധിഷ്ഠിതമാകണം. അതിൽ യാതൊരു മായവും പറ്റില്ല. കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് പ്രതികരിക്കേണ്ടത് എങ്ങനെയെന്നു നമുക്കു കാണിച്ചു തന്ന നല്ല ചാക്രിക ലേഖനങ്ങളും മറ്റും നമുക്കു മുന്നിലുണ്ട്. തൊഴിലാളികളുടെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന 'റേരും നൊവാരും'. അതു കത്തോലിക്കരുടെ മാത്രം കാര്യമല്ല. അതേക്കുറിച്ചുള്ള പഠനങ്ങളും ഗവേഷണങ്ങളും ഇന്നും നടന്നുകൊണ്ടിരിക്കുന്നു. അതുപോലെ മനുഷ്യാന്തസ്സിനെ സംബന്ധിച്ച എഴുത്തുകൾ, സഭ യുടെ പ്രബോധനങ്ങൾ, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചില മാർഗ്ഗരേഖകൾ ഇതെല്ലാം സഭയുടെ ചരിത്ര പങ്കാളിത്തത്തിൽ പൊതുവായ പരിവർത്തനമാണ് നല്കിയിരിക്കുന്നത്. എന്നാൽ ഇത് എത്രത്തോളം നമ്മുടെ ദർശനത്തിൽ നാം എടുക്കു ന്നുണ്ട് എന്നു പരിചിന്തിക്കേണ്ടതാണ്.

അകത്തും പുറത്തുമുള്ള ജീർണതകളെ പൊളിച്ചെഴുതാൻ കഴിയണം. അകത്തും പുറത്തും ജീർണതകളുണ്ടെന്ന് വളരെ വിനയത്തോടെ നാം അംഗീകരിക്കണം. ഡിഫൻസീവും ഒഫൻസീവും ഡിസ്ട്രക്റ്റീവും വേണ്ട എന്നല്ല ഇരട്ടസ്വഭാവമുള്ളതാകരുത് നമ്മുടെ ചിന്തകൾ. ഇവിടെയാണ് തുറന്ന ചർച്ചയ്ക്കുള്ള വേദിയാക്കി നമ്മുടെ പ്രസിദ്ധീകരണങ്ങളെ നാം കൊണ്ടുവരേണ്ടത്. തുറന്ന ചർച്ചകൾ നടക്കട്ടെ. വിമർശനം പോലുള്ള ഒരു ശുദ്ധീകരണം നമ്മിൽ നടക്കണം. അവഗണിക്കപ്പെട്ടവരുടെ ശബ്ദമാകണം, സ്ത്രീകൽ, ദളിതർ, ആദിവാസികൾ ഇവരൊക്കെ പരിഗണിക്കപ്പെടണം. പ്രശ്നങ്ങളുടെ അടിസ്ഥാന കാരണങ്ങളിലേക്കു നാം കടന്നു ചെല്ലണം. രീതിശാസ്ത്രപരമായ

വിശദീകരണങ്ങൾ അന്വേഷി ച്ചാൽ മാത്രമേ സംവേദനങ്ങൾ കാര്യക്ഷമമാകുകയുള്ളൂ. സഭയിലെ ഒരു പ്രശ്നം ഇന്നു പൊതുപ്രശ്നമായി മാറാം. പൊതുപ്രശ്നത്തെ കൈകാര്യം ചെയ്യണമെങ്കിൽ പൊതുമണ്ഡലത്തിൽ നിൽക്കുന്ന പ്രബുദ്ധരായ, പ്രതിഭാധനരായ വ്യക്തികളുമായി സംവേദനം നടത്തണം.

സംഭാഷണത്തിന്റെ സംസ്ക്കാരം സഭയിൽ വരട്ടെ. ദ്വന്ദ (binary) ചിന്ത എന്ന പരിമിതികളെ മാറ്റി സമഗ്രമായ ചിന്തകൾ നമ്മുടെ കാഴ്ചപ്പാടിൽ വരണം. അപ്പോൾ മാത്രമേ പാർശ്വവത്കരിക്കപ്പെട്ടവരുടെയും പാവപ്പെട്ടവരുടെയും ശബ്ദം നമ്മുടെ ഇടയിൽ നിന്നു വരൂ. അതുണ്ടാകണമെങ്കിൽ നാം അവരെ കേൾക്കണം. പൊതുബോധത്തെയും സെക്കുലർ ബോധത്തെയും കേൾക്കുക എന്നതു വളരെ പ്രധാനപ്പെട്ടതാണ്. കാരണം നമുക്കൊപ്പം നിൽക്കുന്നവരാണ് നമ്മുടെ ക്രൈസ്തവ സഹോദരങ്ങൾ. അതിനാൽ ക്രൈസ്തവാബോധം പൊതു ബോധത്തിന്റെ വിശാല വിഷയങ്ങളുമായി ചേർന്നു പോകണം. അത്തരം വിഷയങ്ങളെ അവതരിപ്പിക്കാനായി ചില പരുവ പ്പെടുത്തലുകളും ഉടച്ചുവാർക്കലുകളും മാധ്യമരംഗത്തു നാം നടത്തേണ്ടതുണ്ട്.

(കെസിബിസി മീഡിയാകമ്മീഷന്റെ ആഭിമുഖ്യത്തിൽ പാലാരിവട്ടം പി.ഒ.സി.യിൽ സംഘടിപ്പിച്ച കത്തോലിക്കാ എഡിറ്റർമാരുടെയും പ്രസാധകരുടെയും സമ്മേളനത്തിൽ നടത്തിയ പ്രഭാഷണത്തിൽ നിന്ന്)

# മാധ്യമങ്ങളുടെ സഭാവിരുദ്ധത

**ഫാ. ബൊവാസ് മാത്യു**
**ചീഫ് എഡിറ്റർ, ക്രൈസ്തവകാഹളം**




പത്രങ്ങളും ദൃശ്യമാധ്യമങ്ങളും ക്രൈസ്തവ വിരുദ്ധ നിലപാടാണ് ഈ അടുത്ത കാലഘട്ടത്തിൽ എടുക്കുന്നത് എന്ന ചിന്തയാണ് നമ്മൾ വച്ചുപുലർത്തുന്നത്. മറ്റ് സഭകളെ ഇന്ന് കത്തോലിക്കാസഭ മാധ്യമങ്ങളുടെ സൂക്ഷ്മനിരീക്ഷണത്തിലാണ്. സഭാവിരുദ്ധത എന്നതിനേക്കാൾ സാമ്പത്തിക മാർഗ്ഗങ്ങൾ കണ്ടെ ത്താൻ മാധ്യമങ്ങൾ തന്ത്രങ്ങൾ മെനയുകയാണ്. നമ്മുടെ മാധ്യമ സ്ഥാപനങ്ങൾ എടുത്തു പരിശോധിച്ചാൽ ബഹുഭൂരിപക്ഷവും ധനകാര്യ സ്ഥാപനങ്ങളാണെന്ന് പറയേണ്ടിവരും. വാർത്തയുടെ മൂല്യത്തേക്കാൾ സാമ്പത്തിക ഇടപാടുകളാണ് അവിടെ നടക്കുന്നത്. ഉദാഹരണമായി അൽഫോൻസാമ്മയെയും മറ്റ് വിശുദ്ധരെയും വിശുദ്ധപദവിയിലേക്ക് ഉയർത്തിയപ്പോഴും ബസേലിയോസ് ക്ലീമിസ് ബാവ കർദ്ദിനാളിന്റെ സ്ഥാനാരോഹണ വുമായി ബന്ധപ്പെട്ട കാര്യങ്ങൾ വന്നപ്പോഴും മാതൃഭൂമി അടക്ക മുള്ള പല പത്രങ്ങളും ചാനലുകളും അവരുടെ റിപ്പോർട്ടറുമാരെ റോമിലേക്കു അയച്ചു. അതിലെ സാംഗത്യമെന്താണ്? അവരുടെ ചാനലുകളുടെ റെയിറ്റിംങ്ങ് കൂട്ടി പണം ഉണ്ടാക്കാനുള്ള ഉപാധിയാണ് അത്. അടിസ്ഥാന പരമായി സഭാവിരുദ്ധതയേക്കാൾ നമ്മൾ കാണേണ്ടത് സാമ്പത്തിക ഉറവിടങ്ങളും മാർഗങ്ങളുമാണ്. മിക്ക പത്രങ്ങൾക്കും ചാനലുകൾക്കും മതരാഷ്ട്രീയ താത്പര്യ ങ്ങൾ ഉണ്ട് എന്നതു ശരിയാണ്. എന്നാൽ അതിലെല്ലാം ഉപരി സാമ്പത്തിക നേട്ടങ്ങൾ തന്നെയാണ് എല്ലാ ചാനലുകളെയും നയിക്കുന്നത്.

മാധ്യമങ്ങൾ സഭാവിരുദ്ധമാണ് എന്ന നില പാടിലേക്കു പോകുന്നതിനു മുമ്പ് നാം ഓർക്കണം കത്തോലിക്കാസഭയെ എല്ലാ കാലത്തും വിരുദ്ധ നിലപാടുകളോടുകൂടി അടിച്ചിട്ടുള്ളവർ എറെയു ണ്ടെന്ന കാര്യം. അത് സാമ്രാജ്യമാകാം, ചക്രവർത്തി മാരാകാം, പ്രത്യയശാസ്ത്രമാകാം ചരിത്രമങ്ങനെയാണ്. പക്ഷെ സഭ ഒരിക്കലും പുറകോട്ടുപോയിട്ടില്ല. കാലഘട്ടങ്ങളെ തിരിച്ചറിഞ്ഞ് നമ്മുടെ ഇടയിൽ തന്നെ ആഴമായ ചർച്ചകളും പരിചിന്തനങ്ങളും നടത്തു കയും തിരുത്തേണ്ടത് തിരുത്തിയും വളരെ ക്രിയാ ത്മകമായി സഭയെ മുന്നോട്ടു നയിച്ച വിശുദ്ധരും പണ്ഡിതന്മാരും ഉണ്ടായിട്ടുണ്ടെന്നുള്ളത് നമ്മൾ ഓർക്കണം. ചാനലുകളുടെ റേറ്റിങ്ങിനേക്കാൾ കൂടുതൽ റേറ്റിങ്ങ് കത്തോലിക്കാ പൗരോഹിത്യത്തിനുണ്ട്. ചാനലുകളുടെ മുമ്പിൽ ഒന്നോ രണ്ടോ മണിക്കൂർ ചെലവഴിക്കുന്ന തിനേക്കാൾ കൂടുതൽ ആളുകൾ ഞായറാഴ്ച പള്ളിയിൽ പുരോ ഹിതരുടെ മുമ്പിൽ ഉണ്ട് എന്ന കാര്യം വിസ്മരിക്കരുത്. ശക്തമായ മാധ്യമ അവബോധം നല്കാൻ ഇന്നിന്റെ പൗരോഹിത്യത്തിനു കഴിയണം.

സഭാവിരുദ്ധനിലപാടാണ് മാധ്യമങ്ങൾ സ്വീകരിക്കുന്നത് എന്ന ചിന്ത നമ്മളെ നയിക്കുമ്പോഴും മാധ്യമങ്ങളെ മറയാക്കി മറ്റ് പലരും പ്രവർത്തിക്കുന്നു എന്ന് നാം തിരിച്ചറിയണം. സഭയുടെ ക്രെഡിബിലിറ്റി കുറച്ച് കാണിച്ച് ശക്തിപ്രാപിക്കുന്ന വിരുദ്ധശക്തി കളാണ് അവർ. ചാനലുകളും പത്രങ്ങളും മാസികകളും അല്ല നമ്മൾ ബഹിഷ്ക്കരിക്കേണ്ടത്. മാധ്യമങ്ങളുടെ സാമ്പത്തിക നില കൂട്ടുന്ന പരസ്യങ്ങൾ നല്കുന്ന കമ്പനികളെ നാം തിരിച്ചറിയണം. നമ്മുടെ പ്രസിദ്ധീകരണങ്ങളിലൂടെ പരസ്യങ്ങൾ നല്കുന്ന പരസ്യ സാധനങ്ങൾ നമ്മൾ ഒന്നു ചേർന്ന് ബഹിഷ്ക്കരിക്കുന്നു എന്നു പറയാൻ പറ്റിയാൽ നൂറു മടങ്ങ് ഇംപാക്റ്റ് സമൂഹത്തിൽ സൃഷ്ടിക്കാൻ കഴിയും. മാധ്യമങ്ങളുടെ പരസ്യവരുമാനം അന്വേഷിച്ചു കണ്ടെത്തി ആ പരസ്യകമ്പനികളെക്കുറിച്ചും അവരുടെ ബ്രാൻഡ് സാധനങ്ങളുടെ ബഹിഷ്ക്കരണത്തെ ക്കുറിച്ചും കത്തോലിക്കാ സഭയുടെ മുഴുവൻ പ്രസിദ്ധീക രണങ്ങളിലും ഒരേ തലക്കെട്ടിൽ ലേഖനം വന്നാൽ വിഷയം മാറും.

ഇതുപോലെ ചില വിഷയങ്ങൾ എടുത്ത് ഒരുപോലെ പ്രതികരിച്ചാൽ വ്യാപകമായ ഫലം കണ്ടെത്താൻ കഴിയും. നമ്മുടെ മിനിസ്ട്രി മുഴുവൻ കള്ളനാണയങ്ങളാണെന്നു വരുത്തിതീർക്കുന്ന തത്പരകക്ഷികളുണ്ട്. കുട്ടികളെ സ്കൂളിൽ, അല്ലെങ്കിൽ ഹോസ്റ്റലിൽ ചേർക്കുമ്പോൾ, സിസ്റ്റേഴ്സ് നടത്തുന്ന സ്ഥാപനങ്ങൾ തേടിപ്പിടിച്ച് അച്ചടക്കത്തിൽ വളർത്താൻ വെമ്പൽ കൊള്ളുന്ന മാതാപിതാക്കൾ ഇന്നുമുണ്ട്. നമ്മുടെ പ്രവർത്തനത്തിൽ അസൂയാലുക്കളായ തത്പരകക്ഷികൾ നമ്മുടെ സ്ഥാപനങ്ങളെ ഇല്ലാതാക്കാൻ, നമ്മളെ ചിത്രത്തിൽ നിന്നു മാറ്റി പ്രതിക്കൂട്ടിൽ നിർത്താൻ, മാധ്യമങ്ങളെ മറയാക്കുന്നു എന്ന കാര്യവും നാം തിരിച്ചറിയണം.

സഭയ്ക്കുമേൽ അടികൾ വന്നപ്പോൾ നമ്മുടെ സന്ന്യസ്തർ എഴുതാൻ തുടങ്ങി. പ്രശ്നംവരുമ്പോൾ മാത്രമല്ല എഴുതേണ്ടത്. ഈയിടെ ദീപികയിൽ സന്ന്യസ്തരെക്കുറിച്ച് വന്ന ലേഖനങ്ങൾ, അതുപോലെയുള്ള വിഷയങ്ങൾ നാം എഴുതുമ്പോൾ നമ്മുടെ പ്രസിദ്ധീകരണങ്ങൾ കേരളത്തിലെ എല്ലാ പബ്ലിക് ലൈബ്രറികളിലേക്കും നാം അയച്ചു കൊടുക്കണം. ഏതെങ്കിലും ഒരു കുട്ടിയെങ്കിലും അത് വായിക്കാൻ ലൈബ്രറിയിൽ ഉണ്ടാകും. ഇതൊക്കെ നമ്മൾ സൃഷ്ടിക്കുന്ന പ്രതിരോധ മാർഗ്ഗങ്ങൾ ആകണം. നമ്മൾ തിരുത്തപ്പെട്ട ജീവിതക്രമം ഉള്ളവരും പ്രബോധകരും ആയി മാറണം. അതിനായി നമ്മൾ പ്രാർഥിക്കണം, സ്വയം വിശുദ്ധീകരിക്കണം, ബുദ്ധിയും വിവേകവും ഉള്ളവരെക്കൊണ്ട് നാം എഴുതിക്കുകയും പറയിക്കുകയും ചെയ്യണം.

(കെസിബിസി മാധ്യമകമ്മീഷന്റെ ആഭിമുഖ്യത്തിൽ പാലാരിവട്ടം പി.ഒ.സി.യിൽ സംഘടിപ്പിച്ച കത്തോലിക്കാ എഡിറ്റർമാരുടെയും പ്രസാധകരുടെയും സമ്മേളനത്തിൽ നടത്തിയ പ്രഭാഷണത്തിൽ നിന്ന്)



# ഒഴുക്കിനെതിരെയുള്ള ജീവിതമാണ്, സന്ന്യാസജീവിതം


**സി. വിമൽ ജോസ് സി.എം.സി**

പ്രിൻസിപ്പൽ, സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജ്, എറണാകുളം


മുപ്പത്തിയഞ്ചു വർഷങ്ങൾക്കുമുമ്പ് സമർപ്പിത ജീവിതം ആഗ്രഹിച്ച് സി.എം.സി. സന്ന്യാസി സമൂഹത്തിൽ അംഗമായ ഞാൻ നോവിഷ്യേറ്റ് കാലഘട്ടത്തിൽ മനസ്സിലാക്കിയ ഒരു സത്യമുണ്ട്. സമർപ്പിതരുടെ സമ്പത്ത് 'സന്നിധാന'മാണ്. നോക്കിയിരിക്കാൻ ദിവ്യകാരുണ്യവും കെട്ടിപ്പിടിക്കാൻ തിരുവചനവും മറോടണയ്ക്കാൻ ക്രൂശിതരൂപവുമുണ്ടെങ്കിൽ സമർപ്പിതജീവിതത്തിൽ സംതൃപ്തി കണ്ടെത്താം. മറ്റൊന്നിലും ആശ്രയിക്കാതെ വേണം ഒരാൾ സമർപ്പിതജീവിതം നയിക്കേണ്ടത്. ഗുരു മുഖത്തുനിന്ന് കണ്ണെടുത്ത പത്രോസ്ശ്ലീഹായ്ക്ക് സംഭവിച്ചത് ഓരോ സമർപ്പിതയും ധ്യാനവിഷയമാക്കണം.

എന്റെ സമർപ്പിതജീവിതത്തിൽ വിളിച്ചവൻ കൈവിട്ട് മാറിനിന്ന അനുഭവമേയുണ്ടായിട്ടില്ല. അനുദിനം ദിവ്യബലിയിൽ നിന്നും പ്രാർഥനയിൽ നിന്നും സ്വീകരിക്കുന്ന ഊർജമാണ് ഇടർച്ചയെ അഭിമുഖീകരിക്കാൻ പാർശ്വവത്കരിക്കപ്പെട്ടവരെ നേടാൻ സന്യാസ ചൈതന്യം ഉൾക്കൊള്ളാൻ സമർപ്പിതരെ പ്രാപ്തയാക്കുന്നത്. ഇനി അല്പമൊന്ന് ഇടറിപ്പോയാലും മാസധ്യാനങ്ങളിലൂടെ, കുമ്പസാര ത്തിലൂടെ അവിടുന്ന് എന്നെ വീണ്ടെടുക്കുന്നു.

ഒരു സമർപ്പിതയുടെ ജീവിതപാതയിൽ അനിവാര്യമായിരിക്കേണ്ട സന്ന്യാസ ചൈതന്യത്തിന് ഉപരിയായി മറ്റൊന്നും നമുക്ക് പ്രതിഷ്ഠിക്കാനാവില്ല. കേരളത്തിലെ സിസ്റ്റേഴ്സിനെ 'സേവ്' ചെയ്യാനിറങ്ങിയവർ ഒരു കാര്യം മറന്നു: സഭയിലെ സമർപ്പിതരിൽ ഭൂരിഭാഗവും സമർപ്പിതജീവിതം അതിന്റെ ആഴത്തിലും ചൈതന്യത്തിലും ജീവിക്കുന്നവരാണെന്നത്. അതുകൊണ്ടു തന്നെ ഇപ്പോഴും ചില മാധ്യമങ്ങൾ ആഘോഷിക്കുന്ന "സമർപ്പിത സംരക്ഷണസേന" യഥാർത്ഥ സന്ന്യാസത്തെ, സമർപ്പിതർ സമൂഹത്തിനു നല്കുന്ന നിസ്വാർത്ഥമായ സേവനത്തെ തമസ്ക്കരിക്കാനാണ് ശ്രമിക്കുന്നത്.

### സ്വതന്ത്ര്യം/പാരതന്ത്ര്യം?

മനുഷ്യൻ ഈ ലോകജീവിതമാകുന്ന പരീക്ഷ ജയിച്ച് സ്രഷ്ടാവിൽ എത്തിച്ചേർന്ന് നിത്യത അനുഭവിക്കാൻ വിളിക്കപ്പെട്ടവനാണ് എന്നാണ് എല്ലാ മതങ്ങളും പഠിപ്പിക്കുന്നത്. മിക്ക മതങ്ങളിലും പൗരോഹിത്യവും സന്ന്യാസവുമുണ്ട്. ശരീരത്തിന്റെ അധമവാസനകളെ ആത്മാവിനാൽ നിയന്ത്രിക്കാൻ മനുഷ്യന് കഴിയും. ന്യായ, വൈശേഷിക, സാംഖ്യ, യോഗ, മീമാംസ, വേദാന്ത, ബുദ്ധ, ജൈന, ഭാരതീയ ദർശനങ്ങളെല്ലാം തന്നെ ശരീരത്തിന്റെ സ്വാഭാവിക പ്രവണതകളെയും ചായ്‌വുകളെയും എങ്ങനെ നിയന്ത്രിക്കണമെന്ന് പഠിപ്പിക്കുന്നുണ്ട്. പാശ്ചാത്യ തത്ത്വശാസ്ത്രത്തിലാണെങ്കിലും മരണാനന്തര ജീവിതത്തിന് പ്രാധാന്യം നല്കുന്ന ആശയവാദം മാത്രമല്ല മരണാനന്തര ജീവിതത്തിൽ വിശ്വസിക്കാത്ത പ്രകൃതിവാദവും പ്രായോഗിക വാദവും യഥാതഥവാദവും(Realism) മനുഷ്യമഹത്വവാദവും അസ്തിത്വവാദവുമെല്ലാം നിയമങ്ങൾക്കും അച്ചടക്കത്തിനും മനസ്സിന്റെയും ശരീരത്തിന്റെയും രൂപീകരണത്തിനും പ്രാധാന്യം നല്കുന്നു. മനുഷ്യമനസ്സിനെ സംസ്കരിക്കുകയും സ്ഫുടം ചെയ്തെടുക്കുകയും ചെയ്യുന്ന പ്രക്രിയയാണ് സന്ന്യാസ രൂപീകരണം. സന്ന്യാസ രൂപീകരണത്തിലൂടെ സന്ന്യാസത്തിന്റെ നിയമങ്ങളും ക്രമങ്ങളും ചൈതന്യവും അച്ചടക്കവും സ്വന്തമാക്കി വ്യക്തിത്വത്തിൽ വ്യതിയാനം വരുത്തിയാണ് സന്ന്യാസവ്രതമെടുക്കാൻ ഒരു വ്യക്തി തയ്യാറാകുന്നത്. ഇത് വർഷങ്ങൾ നീണ്ടുനില്ക്കുന്ന പ്രക്രിയയാണ്. വ്രതമെടുത്തതിനുശേഷവും തുടർപരിശീലനങ്ങളും ഓരോ സന്ന്യാസസഭയും തങ്ങളുടെ അംഗ ങ്ങൾക്ക് നല്കിവരുന്നു. അതുകൊണ്ടാണ് ആരുടെയും സ്വന്തമാകാതെ എല്ലാവരെയും സ്വന്തമായി കരുതി സ്നേഹിക്കാനും ശുശ്രൂഷിക്കാനും സമർപ്പിതർക്ക് സാധിക്കുന്നത്. പരിശീലനകാലഘട്ടം എന്റെ വ്യക്തിത്വത്തിൽ മാറ്റം വരുത്താനുള്ള കാലഘട്ടമാണെന്ന് തിരിച്ചറിഞ്ഞ് അതിനായി ആത്മാർത്ഥമായി പരിശ്രമിക്കുമ്പോൾ എവിടെയാണ് പാരതന്ത്ര്യം കടന്നുവരുന്നത്? കന്യാസ്ത്രീകൾക്ക് സ്വാതന്ത്ര്യമില്ല എന്നുപറഞ്ഞ് മുതലക്കണ്ണീർ പൊഴിക്കുന്നവർ എങ്ങനെയാണാവോ സ്വാതന്ത്ര്യത്തെ നിർവ്വചിക്കുന്നത്? സ്വാതന്ത്ര്യം എന്നുപറയുന്നത് എന്തും ചെയ്യാനുള്ള ലൈസൻസ് അല്ല. മറിച്ച് ശരി/നന്മ തെരഞ്ഞെടുക്കാനുള്ള മനസ്സിന്റെ കഴിവും പക്വതയുമാണ്. സ്വാതന്ത്ര്യം ശരിയായി അനുഭവിക്കാൻ തെറ്റിനെക്കുറിച്ചും ശരിയെക്കുറിച്ചും നമുക്ക് അവബോധമുണ്ടാകണം. നന്മ തെരഞ്ഞെടുക്കാനുള്ള ഇച്ഛാശക്തിയും സ്വാഭാവികവാസനകളെ നിയന്ത്രിക്കാനുള്ള പക്വതയുണ്ടാകണം.

### സ്വാംശീകരിക്കണം സന്ന്യാസചൈതന്യം

രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും സമുദായത്തിന്റെയും സ്ഥാപനത്തിന്റെയും നിയമങ്ങൾ നമുക്ക് ദിശാ

ബോധം തരുന്ന ചൂണ്ടുപലകകളാണ്. അവ പൂർണ്ണമനസ്സോടെ അനുസരിക്കാൻ കഴിയുന്നതല്ലേ യഥാർത്ഥ സ്വാതന്ത്ര്യം? നിയമങ്ങൾ ലംഘിക്കുന്നതാണോ സ്വാതന്ത്ര്യം? എന്തും ചെയ്യാൻ ഓരോരുത്തരും തുനിയുന്നത് ശരിയാണെങ്കിൽ എന്തിനാണ് പോലീസും കോടതിയും മറ്റ് അനുബന്ധ സംവിധാന ങ്ങളും? 'പ്രിൻസിപ്പാളിന്റെ കസേര കത്തിച്ചസംഭവം' ഉണ്ടായപ്പോൾ അത് കുട്ടികളുടെ സ്വാതന്ത്ര്യമായിട്ടല്ലല്ലോ കോടതി പരിഗണിച്ചത്. പൂർണ്ണ മനസ്സോടെ രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും സ്ഥാപനത്തിന്റെയും നിയമങ്ങൾ പാലിക്കാനുള്ള പക്വതയല്ലേ വിദ്യാഭ്യാസത്തിലൂടെ നേടേണ്ടത്. അതിനുള്ള പക്വത ആർജ്ജി ക്കുവാൻ വിദ്യാഭ്യാസം സഹായിക്കുന്നില്ലെങ്കിൽ ആ വിദ്യാഭ്യാസം നാം നവീകരിക്കുകയാണ് വേണ്ടത്. ഇതിന് സമാനമാണ് സന്യാസ രൂപീകരണവും. സന്യാസം ജീവിക്കാനാവശ്യമായ പക്വത നേടണം. സന്യാസചൈതന്യം സ്വാംശീകരിച്ച് പക്വത നേടി ചൈതന്യത്തോടെ സന്യാസം ജീവിക്കുന്നവർക്ക് അത് സ്വാതന്ത്ര്യമാണ് നല്കുന്നത്. സന്യാസനിയമങ്ങൾ കൂച്ചുവിലങ്ങും ചങ്ങലകളുമല്ല. സ്ഥാപന ത്തിന്റെ നിയമങ്ങൾ സന്തോഷത്തോടെ പാലിച്ച് ആത്മാർത്ഥമായി പഠിച്ച് പക്വതയാർജ്ജിച്ച് ലക്ഷ്യബോധത്തോടെ ജീവിതത്തിലേ ക്കിറങ്ങുന്ന എത്രയോ യുവത്വങ്ങളാണ് നമ്മുടെ ക്യാംപസ്സു കളിൽ ഉള്ളത്. ചുരുക്കം ചിലർ മയക്കുമരുന്നിലേക്കും സമരകോലാഹല ങ്ങളിലേക്കും അക്രമരാഷ്ട്രീയത്തിലേക്കും ലൈംഗിക അരാജകത്വത്തിലേക്കും കൂപ്പുകുത്തുന്നു. ഇവരിൽ ആരാണ് യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കുന്നവർ? സ്വഭാവ വൈകൃത ങ്ങളിലേക്ക് പോകാത്തവരല്ലേ? യാഥാർത്ഥ്യമിങ്ങനെയാണെ ന്നിരിക്കേ മാന്യമായി പക്വതയോടെ ജീവിക്കുന്ന സമർപ്പിതർ ആവൃതിയിൽ വീർപ്പുമുട്ടുകയാണെന്നും ജീവിതത്തിൽ എവിടെയോ കാലിടറി തിരുസഭയെയും സന്യാസത്തെയും ദുഷിപ്പിക്കുകയും ചെളിവാരി എറിയുകയും ചെയ്യുന്ന ചില 'മുൻ സമർപ്പിതർ' മാത്രം സ്വാതന്ത്ര്യം അനുഭവിക്കുന്നു വെന്നും മാധ്യമങ്ങൾ പറഞ്ഞു പഠിപ്പിക്കുന്നത് എന്തുകൊണ്ട്? കുടുംബ ജീവിതം നയിക്കുന്ന എന്റെ സഹോദരനും സഹോദരിയും സുഹൃത്തുക്കളും അനുഭവിക്കുന്നതിനെക്കാൾ കൂടുതൽ സ്വാതന്ത്ര്യം ഞാനിന്ന് അനുഭവിക്കുന്നു എന്ന് നിസ്സംശയം പറയാനാകും.

ഞാൻ മനസ്സുവച്ചാൽ എനിക്ക് എല്ലാ നിയമങ്ങളും പാലിക്കാം, അധികാരികളെ അനുസരിക്കാം, എല്ലാവരെയും സ്നേഹിക്കാം, എല്ലാവരോടും ക്ഷമിക്കാം. എന്റെ ഈശോയോടു കൂടി ആയിരിക്കാം, പ്രാർത്ഥനയിലൂടെ അനേകർക്ക് ദുഃഖ ങ്ങളിൽ ആശ്വാസമേകാം, സാന്ത്വനിപ്പിക്കാം, ശുശ്രൂഷിക്കാം. അതിനുള്ള സന്യാസ ചൈതന്യവും ത്യാഗസന്നദ്ധ തയും വൈകാരികപക്വതയും പ്രാർത്ഥനാനുഭവവും സ്വന്തമായിരി ക്കണമെന്നുമാത്രം. സന്യാസചൈതന്യം സ്വന്തമാക്കാതെ ഇതൊന്നും സാധ്യമാവുകയില്ല. അല്ലെങ്കിൽ എല്ലാം ഭാരമായും കൂച്ചുവിലങ്ങായും പാരതന്ത്ര്യമായും അനുഭവപ്പെടും.

**അണിയണം ആത്മീയ ആയുധങ്ങൾ**

ഒരു സമർപ്പിത അനുദിനം സന്ന്യാസ വസ്ത്രത്തോടൊപ്പം അണിയേണ്ട ആത്മീയ ആയുധങ്ങൾ എഫേ.6:10-17ൽ നാം കാണുന്നുണ്ട്. സമർപ്പണ ജീവിതത്തിന്റെ തുടക്കംമുതൽ സന്ന്യാസ വ്രതത്രയ ങ്ങൾ ആത്മീയ ആയുധമായി പാലിക്കാൻ കഴിഞ്ഞാൽ ആരെയും തിരുത്താൻ പോരുന്ന ആത്മീയ ബലവും ഏതു പ്രതിസന്ധിയേയും നേരിടാൻ ഉള്ള ഉൾക്കരുത്തും സമർപ്പിതർക്ക് സ്വന്തമാക്കാൻ കഴിയും.

ആത്മാവും ശരീരവും എന്ന രണ്ട് യാഥാർത്ഥ്യ ങ്ങളും വിപരീത ദിശകളിലേക്ക് ആകർഷിക്കപ്പെടുന്നു എന്നുള്ളത് നാം ഏവരും ഓരോ നിമിഷവും അനുഭവിക്കുന്ന യാഥാർത്ഥ്യമാണ്. സമർപ്പിതജീവിതം ഒഴുക്കിനനുസരിച്ചുള്ള ജീവിതമല്ല. മറിച്ച് ധീരതയോടെ ഒഴുക്കിനെതിരെ നീന്താനുള്ള ജീവിതമാണ് എന്ന സത്യം സമർപ്പിത ഓർത്തിരിക്കേണ്ടതാണ്. ആത്മീയ ജീവിത ത്തിലെ പ്രശ്നങ്ങൾക്ക് ഭൗതിക ലോകത്തിന്റെ മാനദണ്ഡങ്ങൾ ഉപയോഗിച്ച് പ്രതിവിധി കാണാനുമാവില്ല. ഹൈക്കോർട്ടിനടുത്ത് ഇരുന്ന് നടത്തിയ സമരം ഒരു ആത്മീയ ആയുധമല്ല. തൊട്ടടു ത്തുള്ള ആരാധനാചാപ്പലിലോ ഏതെങ്കിലും ഒരു പള്ളിയിലോ ദിവ്യകാരുണ്യത്തിനു മുമ്പിലോ ആണ് 15-16 ദിവസം ആ 5 സിസ്റ്റേഴ്സ് 'ഭജന' ഇരുന്നതെങ്കിൽ അതൊരു ആത്മീയ ആയുധം ആകുമായിരുന്നു. സമർപ്പിത വസ്ത്രം ധരിച്ചതുകൊണ്ടുമാത്രം ആത്മീയ ജീവിതപാത പരിചിതമാകണമെന്നില്ല.

കഴിഞ്ഞ 32 വർഷം സിഎംസിയിൽ ഒരു സമർപ്പിത യായി ഈശോയുടെ കൈപിടിച്ചു ജീവിച്ചു. വിദ്യാർത്ഥിനിയായി, ഗവേഷകയായി, അധ്യാപക പരിശീലകയായി, സ്ഥാപനമേധാവി യായി എല്ലാം വർത്തിക്കേണ്ടിവന്നു. Additional Examiner, Chief Examiner, Chairperson of Board of examiners, P.G. Board of studies member എന്നീ ഔദ്യോഗിക ജോലി നിർവ്വഹിച്ചു. ഔദ്യോഗിക കാര്യങ്ങൾ നിർവ്വഹിക്കാൻ അധികാരി കളുടേയും സമൂഹാംഗങ്ങളുടേയും അനുവാദവും ആശീർ വാദവും പ്രോത്സാഹനവും നിർലോഭം ലഭിച്ചു, ഒപ്പം പ്രാർത്ഥന യുടെ പിൻബലവും. പലതുറകളിലും, പലനിലവാരങ്ങളിലു മുള്ളവരുമായി അടുത്തിടപഴകാനും സൗഹൃദം സ്ഥാപിക്കാനും സൗഹൃദം തുടരാനും കഴിയുന്നു. ഒപ്പം, Syro Malabar Synodal Commission for Religious and Consecrated life ന്റെ secretary യായി 5 വർഷം ശുശ്രൂഷ ചെയ്തപ്പോൾ സീറോ മലബാർ സഭയിലെ അഭിവന്ദ്യ പിതാക്കന്മാരുമായും അടുത്ത് ഇടപഴകേണ്ടി വന്നു. ആശയപരമായ ഭിന്നതകൾ ധൈര്യത്തോടെ ചൂണ്ടിക്കാണിക്കാനും പിതാക്കന്മാർ ഹൃദയ വിശാലതയോടെ സ്വീകരിക്കുന്നത് കാണാനും ദൈവം എനിക്ക് അവസരം തന്നു.

**സമർപ്പിതയുടെ 'ഹോംവർക്ക്'**

ലോകാവസാനം വരെ ഞാൻ നിങ്ങളോടു കൂടെ ഉണ്ടാ യിരിക്കും (മത്താ 18:20) എന്നാണല്ലോ ഈശോ പറഞ്ഞിട്ടുള്ളത്. അല്ലാതെ 'Save our Sisters' groupപോലെ ആരെയും സമർപ്പിതരെ സംരക്ഷിക്കാനായി അവിടുന്ന് ഭരമേല്പിച്ചിട്ടില്ല. അവിടുത്തേക്ക് ആരോടും പക്ഷഭേദമില്ല, മുഖംനോട്ടമില്ല. നിശ്ചയ ദാർഢ്യത്തോടെ, 'വില'കൊടുത്ത് സ്വന്തമായ ഒരു ആധ്യാത്മികത ഓരോ സമർപ്പിതയും രൂപപ്പെടുത്തണം. അഭിഷേകമായ തിരുവചനമോ, ഇഷ്ട രൂപമോ, ഇഷ്ടപ്പെട്ട വിശുദ്ധനോ, ഇഷ്ടപ്പെട്ട ഭക്തകൃത്യമോ, എന്തെങ്കിലുമൊക്കെ ആത്മീയ പാതയിൽ ഊന്നുവടിയായി കണ്ടെത്തണം. ഇത് സമർപ്പിതയുടെ തികച്ചും വ്യക്തിപരമായ ഉത്തരവാദിത്വമാണ്. ഇതിലേക്ക് നയിക്കുന്നതിന് സഹായകമായ ക്ലാസ്സുകളും സാഹചര്യങ്ങളും നല്കാനേ സഭ അധികാരികൾക്ക് സാധിക്കൂ. ഈ ഉത്തരവാദിത്വ നിർവ്വഹണമാണ് സമർപ്പിതയുടെ 'ഹോം വർക്ക്' എന്നതുകൊണ്ട് ഞാൻ ഉദ്ദേശിച്ചത്. ഈ ഹോം വർക്ക് ചെയ്യാതെ സമർപ്പിതജീവിതം സാധ്യമല്ല.

മാനുഷികനീതിയും തുല്യതയും സ്ഥാനമാനങ്ങളു മൊന്നും ഈശോ വാഗ്ദാനം ചെയ്തിട്ടില്ല. മറിച്ച്, "ആരെങ്കിലും എന്നെ അനുഗമിക്കാനാഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" (മത്താ 16:24) എന്നാണ് അവിടന്ന് പറഞ്ഞത്. സമരത്തിനിറ ങ്ങാതിരുന്ന സമർപ്പിതർക്കും "കന്യാസ്ത്രീസമരം" ആത്മശോധന യ്ക്കും ജീവിതനവീകരണത്തിനും കാരണമാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

# സന്ന്യാസത്തിന്റെ സൗന്ദര്യം നശിപ്പിക്കുന്നവർ

**ബിഷപ് മാർ ജോസഫ് പാംപ്ലാനി**

**തിരുസഭയുടെ** സൗന്ദര്യമാണ് സന്ന്യാസം. സഭയിൽ ഇരുൾ പരന്ന പ്പോഴെല്ലാം പ്രകാശഗോപുരങ്ങളായി ഉയർന്നുനിന്നത് സന്ന്യസ്തരാണ്. മത മർദ്ദനകാലത്തെ സഭാപിതാക്കന്മാർ മുതൽ ഇരുണ്ടയുഗത്തിലെ അസ്സീസി പുണ്യവാനും പ്രൊട്ടസ്റ്റന്റു വിപ്ലവത്തെ പ്രതിരോധിച്ച ഇഗ്നേഷ്യസ് ലെയോ ളയും റോക്കോസ്- മേലൂസ് ശീശ്മ യെ പ്രതിരോധിച്ച ചാവറയച്ചൻ വരെ ഇതിന്റെ സജീവസാക്ഷ്യങ്ങളാണ്. സുവിശേഷത്തിന്റെ പ്രായോഗിക മുഖമാ കുന്ന സന്ന്യസ്തർ സഭയുടെ നന്മയുടെ പ്രതീകമാണ്. മദർ തെരേസ മുതൽ എയ്ഡ്സ് രോഗിയെ പരിചരിക്കുന്ന സിസ്റ്റർ വരെ സുവിശേഷത്തിന്റെ കരുത്ത് ലോകത്തിനു വെളിപ്പെടുത്തുന്നവരാണ്. സുവിശേഷസത്യങ്ങൾക്ക് നല്കപ്പെട്ട ഏറ്റവും നല്ല വ്യാഖ്യാനം സന്ന്യാസിനിമാരുടെ ജീവിതമായിരുന്നു.

**സന്ന്യാസഹിംസയ്ക്കുള്ള പുറപ്പാട് തിരിച്ചറിയണം**

സഭയുടെ ശക്തി സന്ന്യാസമാണെന്ന തിരിച്ചറിവിൽനിന്ന് സന്ന്യാസഹിം സയ്ക്കുള്ള പടപ്പുറപ്പാട് ആരംഭിച്ച വിവരം വൈകിയാണെങ്കിലും നാം തിരി ച്ചറിയണം. കേരളത്തിലെ വർഗ്ഗീയ ചേരിതിരിവിന്റെ വക്താക്കളായ ജിഹാ ദികളും സംഘികളും ഈ ലക്ഷ്യത്തിനായി കൈകോർത്തു എന്ന സത്യവും നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. സഭയുടെ ശത്രുക്കൾ കുമ്പസാരത്തിനും പൗരോഹിത്യത്തിനും സഭാസംഘടനയ്ക്കും എതിരെ മുൻകൂട്ടി തയ്യാറാക്കിയ സമരപ്പന്തലിൽ പീഡിതയായ സഹോദരിയുടെ സഹപ്രവർത്തകരായ സന്ന്യസ്തരെ എത്തിച്ച സഭാവിരുദ്ധരുടെ തന്ത്രം ഒരു സംഘാതനീക്ക ത്തിന്റെ ഭാഗമായിരുന്നു എന്ന് തിരിച്ചറിയാൻ നാം വൈകി. കത്തോലിക്കാ സഭാവിരുദ്ധരുടെ സമരത്തെ സന്ന്യസ്തരുടെ സമരമാക്കാൻ കഴിഞ്ഞതാണ് അവരുടെ വിജയം. സഭാധ്വംസനത്തിന് സംഘപരിവാറിൽനിന്നോ ജിഹാദി കളിൽനിന്നോ ക്വട്ടേഷൻ സ്വീകരിച്ചിട്ടുള്ള ചില മുഖ്യധാരാ മാധ്യമങ്ങളെ അണിനിരത്തി നടത്തിയ നാടകത്തിൽ കേരളസഭ പകച്ചുപോയി എന്ന താണു സത്യം. എന്നാൽ ഈ നാടകത്തിൽനിന്ന് നാം ചില സന്ന്യാസപാഠ ങ്ങൾ പഠിക്കേണ്ടതുണ്ട്.

**പഠിക്കേണ്ട സന്ന്യാസപാഠങ്ങൾ**

1. നമ്മുടെ സമർപ്പിതരുടെ ആവശ്യങ്ങളെയും ആവലാതികളെയും കൂടുതൽ ഗൗരവത്തോടെ പരിഗണിക്കേണ്ടതുണ്ടെന്ന പാഠമാണ്. തിരുസഭ യുടെ നന്മയുടെ മുഖങ്ങളായ സമർപ്പിതരെ അടിമകളും പീഡിതരും അവ മാനിതരുമായി ചിത്രീകരിച്ച് സന്ന്യാസത്തെ തകർക്കാൻ ശ്രമിക്കുന്നവർക്ക് അവസരം കൊടുക്കാതിരിക്കാനുള്ള ബോധപൂർവമായ ശ്രമം ആവശ്യമാണ്. സന്ന്യാസത്തിന്റെ ആവൃതിക്കുള്ളിലെ യാഥാർത്ഥ്യങ്ങളെക്കുറിച്ച് കുറേക്കൂടി യാഥാർത്ഥ്യബോധമുള്ള വെളിപ്പെടുത്തലുകൾ ആവശ്യമാണ്. സന്ന്യാസത്തിൽ വഴിതെറ്റിയവരെ സന്ന്യാസത്തിന്റെ മാനദണ്ഡങ്ങളായി അവതരിപ്പിക്കുന്ന മാധ്യമ ക്രൂരതയെ പ്രതിരോധിക്കാൻ സന്ന്യാസത്തിന്റെ സന്തോഷത്തെക്കു റിച്ച് തുറന്നെഴുത്തുകൾ ആവശ്യമാണ്. മദർ തെരേസമാരായി പ്രവർത്തി ക്കുന്ന സന്ന്യാസികളെ മുഖ്യധാരയിൽ ആദരിക്കാൻ സഭയൊന്നാകെ മുൻകൈ എടുക്കണം.

2. എണ്ണമല്ല ഗുണമാണ് പ്രധാനം എന്ന തിരിച്ചറിവ് സന്ന്യാസാധികാരി കൾക്ക് ആവശ്യമാണ്. സന്ന്യാസത്തിന്റെ മഹത്ത്വം മനസ്സിലാക്കാൻ കഴിവി ല്ലാത്ത ചിലരെങ്കിലും ആവൃതിക്കുള്ളിൽ കുടുങ്ങിപ്പോയിട്ടുണ്ട്. മാന്യമായ മാർഗങ്ങളിലേക്ക് അവരെ കൈപിടിച്ചു കടത്തിവിടാൻ സന്ന്യാസ നേതൃത്വ ത്തിനു കഴിയണം. സന്ന്യാസത്തെ തോന്ന്യാസമാക്കി മാറ്റുന്നവർക്കെതിരെ അച്ചടക്ക നടപടികൾക്ക് ഒട്ടും അമാന്തം പാടില്ല. അച്ചടക്ക നടപടികൾ സമയാസമയങ്ങളിൽ സ്വീകരിക്കാൻ അധികാരികൾ കാട്ടിയ അമാന്തമാണ് സഭയ്ക്കൊന്നാകെ അപമാനകരമായ അവസ്ഥയുണ്ടാക്കിയത്. ദൈവവി ളിയുടെ വിവേചനത്തിലും എണ്ണത്തെക്കാൾ ഗുണത്തെ മുറുകെപ്പിടിക്കാൻ കഴിയാതെ പോയതും സമകാലിക വിഷയങ്ങളുടെ പിന്നാമ്പുറ സത്യമാണ്.

3. ഇനിമേൽ ഒരു കുട്ടിപോലും മഠത്തിൽ ചേരാൻ പാടില്ല എന്ന വ്യക്ത മായ പ്രഖ്യാപനത്തോടെയാണ് സമകാലിക സന്ന്യസ്തസമരം താല്ക്കാലിക മായി അവസാനിപ്പിച്ചിരിക്കുന്നത് എന്നത് ശ്രദ്ധിക്കണം. വിവേകത്തെക്കാൾ വികാരത്താൽ നയിക്കപ്പെടുന്ന ഒരു മുൻ ന്യായാധിപനും മലയാളസാഹി ത്യത്തിലെ ശിക്കാരി ശംഭുവായ ഒരു സാഹിത്യകാരനുമാണ് ഈ ആഹ്വാന ങ്ങൾ പരസ്യമായി നല്കിയത്. സന്ന്യസ്തരുടെ ആത്മാഭിമാനത്തെ അടച്ചാ ക്ഷേപിച്ച ഇവർ സന്ന്യാസത്തിലേക്കുള്ള കവാടങ്ങളെ പൂട്ടി മുദ്രവയ്ക്കാ നാണ് ശ്രമിക്കുന്നത്. ദൈവവിളിയുടെ നീരുറവകൾ ഇത്തരം വികടത്വങ്ങ ളാൽ മലിനമാകാതിരിക്കാൻ സഭയൊന്നാകെ ജാഗ്രത പാലിക്കണം. നമ്മുടെ ഓരോ വാർഡുപ്രാർത്ഥനകളിലും കുടുംബകൂട്ടായ്മകളിലും ദൈവവിളി യെക്കുറിച്ച് ആത്മാർത്ഥമായ പഠനങ്ങളും വിലയിരുത്തലുകളും യുവജന ങ്ങളുടെയും കുട്ടികളുടെയും പങ്കാളിത്തത്തോടെ നടത്തണം.

4. സഭാവിരുദ്ധർ നിർബാധം മേയുന്ന സോഷ്യൽ മീഡിയായിൽ സഭയുടെ മക്കൾ സജീവമാകണം. നിക്ഷിപ്ത താല്പര്യങ്ങളാൽ നയിക്കപ്പെടുന്ന സഭ യിലെ ഒരു ശതമാനം പോലും ഇല്ലാത്ത സഭാവിരുദ്ധരുടെ അഭിപ്രായപ്രക ടനങ്ങൾകൊണ്ട് സാമൂഹികമാധ്യമങ്ങൾ മലിനമാക്കപ്പെട്ടിരിക്കുന്നു. സഭ യ്ക്കെതിരായി നല്കപ്പെടുന്ന നിരീക്ഷണങ്ങളിലെ നിക്ഷിപ്ത താല്പര്യ ങ്ങൾക്കെതിരേ ഒരു വരിയെങ്കിലും എഴുതി പ്രതികരിക്കാതെ നാം നിസ്സം ഗരാകരുത്. ഫോർവേഡു ചെയ്തു കിട്ടിയ മെസേജ് ആണെങ്കിലും ഫോർവേഡു ചെയ്തവരോടു നാം പ്രതികരിക്കണം.

**സത്യവിശ്വാസത്തിന്റെ സംരക്ഷകരാകാം**

മാധ്യമങ്ങൾ സഭയ്ക്കെതിരായതിനാൽ നാം ആശങ്കപ്പെടേണ്ടതില്ല. നൂറ്റാ ണ്ടുകൾകൊണ്ട് സഭ ആർജ്ജിച്ച സന്ന്യാസത്തിന്റെ പുണ്യങ്ങളെ തമസ്കരി ക്കാൻ വഴിതെറ്റിയ ചില സന്ന്യാസികളെ കൂട്ടുപിടിച്ച് ചില മാധ്യമങ്ങൾ നട ത്തുന്ന പരിശ്രമത്തിൽ നാം പതറരുത്. ഈ കാലഘട്ടത്തിൽ സഭാസ്നേഹം പ്രകടമാക്കേണ്ടത് സാമൂഹികമാധ്യമങ്ങളിൽ സഭയ്ക്കുവേണ്ടി സജീവനില പാടു സ്വീകരിച്ചുകൊണ്ടായിരിക്കണം. ചില മാധ്യമങ്ങളും സമുദായങ്ങളും വർഗ്ഗീയ അജണ്ടയോടെ സഭാനാശത്തിനു കോപ്പുകൂട്ടുമ്പോൾ വിദൂഷകവേ ഷങ്ങൾ അഴിച്ച് സഭയുടെ സത്യവിശ്വാസത്തിന്റെ സംരക്ഷകരാകാൻ നമുക്ക് ഒരുമിക്കാം. (**സത്യദീപം**, 15/11/2018)

# ക്രിസ്തുവിന്റെ സഭ പീഡിപ്പിക്കപ്പെടുന്നുവോ?

**ബിഷപ് മാർ തോമസ് തറയിൽ**

**ക**ത്തോലിക്കാസഭയിലെ പവിത്രമായ സന്ന്യാസത്തെയും വിശുദ്ധരായ ശുശ്രൂഷകരെയും ആത്മീയരംഗം മുഴുവനെയും പര സ്യവിചാരണയ്ക്കിട്ട് അവഹേളിച്ച സംഭവവികാസങ്ങളാണ് കന്യാസ്ത്രീ സമരവുമായി ബന്ധപ്പെട്ട് ഈയിടെ കേരളത്തിൽ നടന്നത്. കന്യാ സ്ത്രീകൾക്കു നീതി നടത്തിക്കൊടുക്കാമെന്നു പറഞ്ഞു വന്നവർ, നേടിയെടുത്തത് നീതി തന്നെയാണോ എന്ന ചോദ്യം പ്രസക്തമായി തുടരുന്നു. കന്യാസ്ത്രീകളെ സംരക്ഷിക്കാനായി വന്നവർ കേര ളീയസമൂഹത്തിനു അവരെക്കുറിച്ചു നല്കിയ ചിത്രം അഭിമാന കരമായിരുന്നോ അപമാനകരമായിരുന്നോ? കന്യാസ്ത്രീകൾ പൊതുനിരത്തുകളിൽ പരിഹാസശരങ്ങളാൽ ആക്ഷേപിക്കപ്പെ ട്ടപ്പോൾ വിജയിച്ചത് കന്യാസ്ത്രീകളുടെ അവകാശപ്പോരാട്ടമോ? വിശുദ്ധമായ ബ്രഹ്മചര്യത്തെയും അനുസരണത്തെയും മസാല ക്കൂട്ടുകളോടെ മത്സരിച്ചവതരിപ്പിച്ച ചാനൽചർച്ചക്കാരും പന്തൽപ്രസംഗകരും സ്ത്രീത്വത്തെ അവമതിക്കുകയായിരു ന്നില്ലേ?

**സഭയുടെ നിലപാടുകളും അച്ചടക്കവും**

അനീതി പ്രവർത്തിക്കുന്നുവെന്നു ബോധ്യമുള്ളവരെ പദവികളിൽനിന്നും ശുശ്രൂഷാമേഖലകളിൽനിന്നും മാറ്റിനിർത്തി അവർക്ക് അനുതാപത്തിന് അവസരമുണ്ടാക്കാനാണു സഭ ശ്രദ്ധിക്കുന്നത്. എന്നാൽ, കുറ്റമാരോപിക്കപ്പെട്ടു എന്നതുകൊണ്ടു മാത്രം വ്യക്തികളെ ക്രൂശിക്കാൻ സഭയുടെ പിന്തുണ പ്രതീക്ഷിക്കരുത്. സഭ അനീതിക്കു കൂട്ടുനിന്നു എന്ന് ആരോപിക്കപ്പെടുന്ന വേളകളിൽ സഭയ്ക്കു പലപ്പോഴും വിശദീകരണങ്ങളില്ലാതെ പോകുന്നത് എതിർപ്പു പ്രകടിപ്പിക്കുന്നവരുടെ സ്വകാര്യത സംരക്ഷിക്കേണ്ടത് കടമയായി കരുതുന്നതുകൊണ്ടാണ്.

ശിക്ഷാനടപടികളിലൂടെയാണു കത്തോലിക്കാസഭ അച്ചടക്കം പുലർത്തുന്നത് എന്നു കരുതുന്നവർക്കു തെറ്റി. ശിക്ഷകളിലൂടെയല്ല, അനുസരണത്തിലൂടെയാണു സഭയിൽ ക്രമം പാലിക്കപ്പെടുന്നത്. മാർപാപ്പാമാർ തുടങ്ങി സാധാരണ വിശ്വാസിവരെ സഭയോടും സഭാപ്രബോധനങ്ങളോടും സഭാസംവിധാനങ്ങളോടും അനുസരണത്തിലൂടെ വിധേയപ്പെടുമ്പോൾ ഉണ്ടാകുന്നതാണു സഭയിലെ കെട്ടുറപ്പ്. ആധുനികകാലത്തെ സഭയിൽ ശിക്ഷകളെക്കാൾ ജനത്തെ അച്ചടക്കത്തിൽ നിലനിർത്തുന്നത് സ്നേഹവും വിശ്വാസവുമാണ്.

സഭയ്ക്ക് മാനുഷികമുഖമുള്ളിടത്തോളം കുറവുകളും തിന്മകളും സഭാംഗങ്ങളെ ചിലപ്പോഴൊക്കെ വേട്ടയാടിയേക്കാം. അതുകൊണ്ടാണല്ലോ പാപസങ്കീർത്തനത്തിനായി കുമ്പസാരക്കൂടുകൾ തുറന്നുവച്ച് ദൈവകാരുണ്യത്തിന്റെ ആഘോഷത്തിലേക്കു സഭാമാതാവ് ഏവരെയും ക്ഷണിക്കുന്നത്. തെറ്റു ചെയ്യുന്നവരെ തെരുവിലെറിയുന്നതിനെക്കാൾ അവരെ അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും നയിക്കുകയാണ് സഭയുടെ ദൗത്യം. വ്യക്തിയുടെ ആത്മരക്ഷയിലേക്കു നയിക്കാത്ത ശിക്ഷണനടപടികൾ സഭയ്ക്ക് അന്യമാണ്.

**പ്രചരിക്കപ്പെടുന്ന തെറ്റിധാരണകൾ**

*1. നിർബന്ധത്തിന്റെ പേരിലാണു പലരും വൈദികരും സന്ന്യസ്തരുമാകുന്നത്!*

പ്രചരിക്കപ്പെട്ട തെറ്റിധാരണയാണിത്. ആരെങ്കിലും തങ്ങളുടെ ജീവിതത്തിൽ നൂറു ശതമാനം ബോധ്യപ്പെട്ട് ഏതെങ്കിലും തീരുമാനം എടുക്കുന്നുണ്ടോയെന്നു സംശയമാണ്. വിവാഹിതരായ എത്രപേർക്കു പറയാൻ പറ്റും തങ്ങൾ നൂറു ശതമാനം തൃപ്തരാണെന്ന്! ഓരോ ജീവിതത്തിനും അതിന്റേതായ വെല്ലുവിളികളുണ്ട്. ഒരു പുരുഷൻ സഭയിൽ സമർപ്പിതജീവിതത്തിനു തീരുമാനിക്കുമ്പോൾ ഏതാണ്ട് 28 വയസ്സാകും. ഒരു സ്ത്രീയാണെങ്കിൽ അവൾ നിത്യവ്രതമെടുക്കുമ്പോഴേക്കും 25 നും 30 നും ഇടയ്ക്കു പ്രായമാകും. ഇക്കാലഘട്ടമത്രയും പരിശീലനത്തിലൂടെ കടന്നുപോകുമ്പോൾ സ്വതന്ത്രമായ തീരുമാനമെടുക്കാൻ നിരന്തരമായ പ്രചോദനമാണ് അവർക്കു ലഭിക്കുന്നതും. ജീവിതത്തിലെന്നെങ്കിലും വ്രതബദ്ധമായ ജീവിതം നയിക്കാനാവില്ലെങ്കിൽ ജീവിതാന്തസ്സു മാറാനും സ്വാതന്ത്ര്യമുണ്ട്. അതുകൊണ്ടുതന്നെ വ്യക്തികളുടെ കുറവുകൾക്ക് സഭാസംവിധാനങ്ങളെ പഴിക്കുന്നതിലർത്ഥമില്ല.

*2. സന്ന്യാസം അടിമത്തമാണ്!*

ആന്തരികസ്വാതന്ത്ര്യമുള്ളവർക്കു മാത്രമേ സന്ന്യാസത്തിൽ വളരാൻ സാധിക്കൂ. അത്തരം സ്വാതന്ത്ര്യം ജീവിക്കുന്നതുകൊണ്ടാണ് സന്ന്യാസിനീസന്ന്യാസികൾക്കു സഭയിലും സമൂഹത്തിലും നിസ്തുലമായ ശുശ്രൂഷകൾ സാധിക്കുന്നത്. അവരുടെയിടയിൽ കോളജ് - സ്കൂൾ അധ്യാപകരും പ്രിൻസിപ്പൽമാരുമുണ്ട്, സാമൂഹികപ്രവർത്തകരുണ്ട്, അഭിഭാഷകരുണ്ട്, ഡോക്ടർമാരും- നഴ്സുമാരുമുണ്ട്, കാരുണ്യപ്രവർത്തകരുണ്ട്. അടിമകൾക്കു ചിന്തിക്കാനാവുന്ന ശുശ്രൂഷകളാണോ സന്ന്യാസികൾ സമൂഹത്തിനു ചെയ്തുകൊണ്ടിരിക്കുന്നത്? അവർ ജോലി ചെയ്തു ലഭിക്കുന്ന പ്രതിഫലം സമൂഹത്തിനു നല്കുന്നത് അവരെടുക്കുന്ന ദാരിദ്ര്യവ്രതത്തിന്റെ ഭാഗമാണ്. 'തങ്ങൾക്കുണ്ടായിരുന്നതെല്ലാം അവർ പൊതുവായി കരുതി' എന്ന ആദിമക്രൈസ്തവസമൂഹത്തിന്റെ ചൈതന്യമാണത്. ദാരിദ്ര്യവ്രതമെടുക്കാത്ത ബ്രഹ്മചാരികൾക്കു സ്വകാര്യസ്വത്ത് സൂക്ഷിക്കാനവകാശമുണ്ടുതാനും.

*3. സഭയിലെ അനീതിക്കെതിരെ പോരാടണ്ടേ?*

സഭയിൽ അനീതിയും അക്രമവും ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ സഭയിൽത്തന്നെ ധാരാളം സംവിധാനങ്ങളുണ്ടെന്നതാണു വാസ്തവം. സഭ നടപടിയെടുത്തില്ലെന്നു സമീപകാലത്ത് ആരോപണമുന്നയിക്കപ്പെട്ട കേസിൽ ന്യായമായ അധികാരികളുടെയടുത്ത് ഒരു പരാതിയും നല്കിയിരുന്നില്ല എന്നതാണു വാസ്തവം. പരാതിപ്പെട്ടെന്നു പറയുന്നിടത്തും, പോലീസിന്റെ പക്കൽ നല്കിയ ആരോപണം ഉന്നയിച്ചിരുന്നില്ലതാനും. ഇതു വ്യക്തമായറിഞ്ഞിട്ടും സഭയിലെ ഏതാനും വൈദികർപോലും സഭാധികാരികളെ കുറ്റപ്പെടുത്തുമ്പോൾ വസ്തുതകളെക്കാൾ തോന്നലുകൾക്കാണ് ജനപ്രിയതയെന്ന മാധ്യമതത്ത്വത്തിൽ അവരും വിശ്വസിക്കുന്നുണ്ടെന്നു തോന്നുന്നു. ഗൗരവമായ വ്രതലംഘനംപോലെയുള്ള പരാതികളിൽ ചൂഷണം തടയാനുള്ള നടപടികൾ താമസം വിനാ ഉണ്ടാകുന്നുവെന്നതാണ് അനുഭവം. പരാതികളുടെ വാസ്തവം അന്വേഷിക്കാനുള്ള സാവകാശം സഭാധികാരികൾക്കും നല്കണം. പരാതികൾക്കു പരിഹാരം തേടി ലോകത്തിന്റെ വഴികൾ തേടുന്ന സന്ന്യാസികളും പുരോഹിതരും തങ്ങളുടെ സമർപ്പിതജീവിതത്തെത്തന്നെ ജനമധ്യത്തിൽ പരിഹാസ്യമാക്കുന്നു.

**ക്രിസ്തുവിന്റെ സഭ പരിഹസിക്കപ്പെടുന്നു**

ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ സമർപ്പിതർ തെരുവിലിറങ്ങുകയും സഭയുടെ തണലിൽ വളർന്നവർ നീതിയുടെ വിപ്ലവം നയിക്കുകയും ചെയ്യുമ്പോൾ തെരുവിൽ കല്ലെറിയപ്പെടുന്നത് ക്രിസ്തുവിന്റെ സഭ മുഴുവനുമാണ്. വ്യക്തികളുടെ കുറവുകളെ സഭാസംവിധാനങ്ങളുടെ മുഴുവൻ കുറ്റങ്ങളായി പ്രചരിപ്പിച്ചാലേ മാധ്യമങ്ങൾക്കു അവരുദ്ദേശിക്കുന്ന ഫലം ലഭിക്കൂ. അതുകൊണ്ടാണ് ഒറ്റപ്പെട്ട കേസിലെ കുമ്പസാരരഹസ്യലംഘനം കുമ്പസാരമെന്ന കൂദാശയെയും, സന്ന്യസ്തരുടെയും പുരോഹിതന്മാരുടെയും ഒറ്റപ്പെട്ട അവിശ്വസ്തതകൾ സന്ന്യാസപൗരോഹിത്യജീവിതങ്ങളെയും ആക്രമിക്കാനായി തത്പരകക്ഷികൾ ഉപയോഗിക്കുന്നത്. ഇവിടെ സാത്താന്റെ കൈയിലെ ഉപകരണമാകുന്നത് സഭ പരിശീലിപ്പിച്ചുവിട്ടവർ തന്നെയാണെന്ന വൈരുധ്യം നിലനിൽക്കുന്നു.

സഭയ്ക്ക് ഇന്നും ലോകത്തിൽ കരുണയുടെയും സ്നേഹത്തിന്റെയും സാന്നിധ്യമാകാൻ സാധിക്കുന്നുണ്ടെങ്കിൽ അതിലേറ്റവും വലിയ പങ്കുവഹിക്കുന്നത് സഭാസ്ഥാപനങ്ങളും സമർപ്പിതരുടെ നേതൃത്വവുമൊക്കെയാണ്. സമർപ്പിതരും പുരോഹിതന്മാരും നല്കുന്ന നേതൃത്വമാണ് സഭയുടെ കെട്ടുറപ്പിന് ഉപകരണമായി മാറുന്നത് എന്നതുകൊണ്ടുതന്നെ അവരുടെയെണ്ണം കുറയ്ക്കേണ്ടത് സാത്താന്റെ വലിയ ലക്ഷ്യമാണ്. സഭയുടെ നന്മകൾ മുഴുവൻ ഒറ്റപ്പെട്ട തിന്മകളുടെ നിഴലിലാക്കാനുള്ള സാത്താന്റെ തന്ത്രം വിജയിക്കുന്നു! നീതിക്കുവേണ്ടിയുള്ള ചില പടയോട്ടങ്ങൾ സഭയോടുള്ള അനീതിയായി മാറാം എന്ന തിരിച്ചറിവ് നമ്മെ കൂടുതൽ പക്വമായ പ്രതികരണങ്ങളിലേക്കു നയിക്കേണ്ടതാണ്. **(ദീപനാളം, 2018)**



# സമത്വം തെളിയിക്കാൻ ശബരിമലയ്ക്ക് പോകണോ?

**ഫാ. വർഗീസ് വള്ളിക്കാട്ട്**
**പി.ഒ.സി പാലാരിവട്ടം**

ശബരിമല സ്ത്രീ പ്രവേശവുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധിയിൽ സ്ത്രീ, പുരുഷതുല്യാവകാശം, തുല്യ അന്തസ്, വ്യക്തി സ്വാതന്ത്ര്യം, എന്നിവയ്ക്കാണ് കോടതി ഊന്നൽ നല്കിയിരിക്കുന്നത്. ആരാധന നടത്താൻ ഏവർക്കും സ്വാതന്ത്ര്യമുണ്ട്. ഈ ആരാധനാ സ്വാതന്ത്ര്യം അയ്യപ്പ സന്നിധിയിൽ പ്രവേശിക്കാൻ വ്യക്തികൾക്ക് അവകാശം നല്കുന്നു. വ്യക്തി പുരുഷനോ സ്ത്രീയോ കുട്ടിയോ, ട്രാൻസ് ജെൻഡറോ ആകാം, കോടതിയുടെ ദൃഷ്ടയിൽ ആർക്കും മലക്ക് പോകാം, പോകാതിരിക്കാം.

ക്ഷേത്രാരാധനയിൽ സ്ത്രീ- പുരുഷ വ്യത്യാസമോ പ്രായഭേദ പരിഗണനകളോ ഇല്ലാത്ത ആചാരാനുഷ്ഠാനങ്ങൾ മാത്രമേ ആകൂവൂ എന്ന് സാരം. ജാതി, വർഗം, ലിംഗം, പ്രായം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനപരമായ അനുഷ്ഠാനങ്ങൾ നിയമവിരുദ്ധവും ഭരണഘടനാ ധാർമ്മികതക്ക് നിരക്കാത്തതുമാണെന്നു കോടതി വിധിച്ചിരിക്കുന്നു. ഈ വിധി ഭരണഘടന ഉറപ്പുതരുന്ന മത സ്വതന്ത്ര്യത്തിന്മേലുളള കൈ കടത്തലായും, ആചാരാനുഷ്ഠാനങ്ങളിന്മേലുള്ള അനാവശ്യ കടന്നുകയറ്റമായും അയ്യപ്പഭക്തരിൽ വലിയൊരുഭാഗം കരുതുന്നു. ഇക്കാര്യങ്ങൾ റിവിഷൻ ഹർജിയിൽ പരിഗണിക്കാൻ പരമോന്നത കോടതി മാറ്റിവച്ചിരിക്കുകയാണല്ലോ. ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങളുടെ അനന്യതയും, അതിനു കാരണമായ പ്രതിഷ്ഠാസങ്കല്പവും, അതിന്റെ സവിശേഷതകളും കോടതിയെ ബോധിപ്പിക്കാൻ ഭക്തർക്ക് കഴിയട്ടെ! അതിന്റെ മൂല്യവും പ്രാധാന്യവും കോടതിക്ക് ബോധ്യപ്പെടട്ടെ!

മണ്ഡലകാലം തുടങ്ങിയപ്പോൾമുതൽ അയ്യപ്പഭക്തർ മലചവിട്ടി സന്നിധാനത്തേക്ക് വന്നുതുടങ്ങി. പത്തിനും അമ്പതിനും ഇടയിൽ പ്രായമുള്ള ഭക്ത സത്രീകൾ ആരുംതന്നെ സന്നിധാനത്ത് എത്തിയില്ലെങ്കിലും, ആചാരലംഘനം ലക്ഷ്യമിട്ടു ചില ആക്ടിവിസ്റ്റുകൾ എത്തുകയും അവരെ സന്നിധാനത്തെത്തിക്കാൻ ഭരണകൂടം എടുത്ത താത്പര്യം, കേരളത്തിൽ രാഷ്ട്രീയ കോളിളക്കങ്ങളുണ്ടാക്കുകയും ചെയ്തു. ദക്ഷിണേന്ത്യയിൽ തങ്ങളുടെ ശക്തിതെളിയിക്കാൻ 'മുകളിൽനിന്നു വീണുകിട്ടിയ' അവസരമായി ശബരിമല വിധിയെക്കണ്ടവർ ഒരു കലാപത്തിനുതന്നെ ഇറങ്ങി പുറപ്പെട്ടു. ഇത്തരം വിഷയങ്ങളിൽ, രാഷ്ട്രീയം കലർത്താതെ വകതിരിവോടെ പെരുമാറാനുള്ള വിവേകം, പ്രധാന പ്രതിപക്ഷത്തിനും ഉണ്ടായില്ല. തൊട്ടആരുടേയും കൈ അത്ര ശുദ്ധമല്ലാത്ത അവസ്ഥയാണിപ്പോഴുള്ളത്.

കോടിത വിധി സ്റ്റേ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ, കോടതി, അനുവദിച്ചു നല്കിയ സ്വാതന്ത്ര്യം 'ഉപയോഗിക്കാൻ' ആരെങ്കിലും തീരുമാനിച്ചാൽ, നിയമ വാഴ്ചയോടു വിധേയത്വം പുലർത്താൻ എല്ലാവർക്കും കടമയുണ്ട്. നിയമവാഴ്ച ഉറപ്പുവരുത്താൻ സർക്കാരിനും കടമയുണ്ട്. പ്രബുദ്ധമായ ഹൈന്ദവ സമൂഹത്തിൽ, ഭക്തർ ആചാരലംഘനത്തിന് മുതിരാത്തിടത്തോളം ആക്ടിവിസ്റ്റുകൾ അവിവേകത്തിനു തുനിഞ്ഞിറങ്ങാതിരിക്കുന്നതാണ് സംസ്കാരം.

മതാനുഷ്ഠാനങ്ങൾ ഭക്തരുടെ ജീവിതത്തിനു നല്കുന്ന അർത്ഥവും, മാർഗ്ഗദർശനങ്ങളും, വിശ്വാസ ബോധ്യങ്ങളും മാനിക്കപ്പെടണം. ജീവിതത്തിന്റെ പരമമായ അർത്ഥമെന്ത് എന്ന് പരകോടി ജന്മങ്ങളെ അനുസ്മരിപ്പിക്കുന്ന 'മത പ്രതീകങ്ങൾ' ജീവിതത്തിനു പ്രചോദനവും മാർഗ്ഗ ദർശനവും നല്കുന്നില്ലെങ്കിൽ മനുഷ്യ ജീവിതം ശുഷ്കവും, നിരർത്ഥകവുമാകും.

കാലാനുസൃതമായി മാറുന്ന ജീവിതത്തോടൊപ്പം ആചാരാനുഷ്ഠാനങ്ങളും മാറാം. എന്നാൽ അത് ഒരു കോടിതി വിധിയിലൂടെയോ, സർക്കാരിന്റെ ഉത്തരവിലൂടെയോ നടപ്പാക്കുക എളുപ്പമല്ല. സാഹചര്യങ്ങൾ ഒരുക്കുന്ന സമ്മർദങ്ങൾ ഉൾക്കൊണ്ടു മാറ്റങ്ങൾ ഉള്ളിൽ നിന്നു വരുമ്പോളാണ് അത് ആധുനിക, പരിഷ്കൃത സമൂഹത്തിനു ചേരുന്ന വളർച്ചയോ പുരോഗതിയോ ആയി മാറുന്നത്. ആചാരനുഷ്ഠാനങ്ങൾക്കു നവീന അർത്ഥതലങ്ങൾ നല്കി വിപുലപ്പെടുത്തുകയോ പരിഷ്കരിക്കുകയോ ചെയ്യുന്നത് വെല്ലുവിളികളേറെയുള്ള ഒരു പ്രക്രിയയാണ്. ആത്മജ്ഞാനവും, ആത്മീയ ചൈതന്യവുമുള്ളവർ നിർവഹിക്കേണ്ട ഒരു കർത്തവ്യം. എന്നാൽപ്പോലും കൂടിച്ചേരലിന്റെയും വഴിപിരിയലിന്റെയും ആനന്ദവും, യാതനയും അതുണ്ടാക്കുകതന്നെ ചെയ്യും. ചുരുക്കത്തിൽ ജീവിതം മറ്റൊന്നായി മാറും. ചരിത്രം അത്തരം ധാരാളം സന്ദർഭങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്.

> **ശബരിമലയുടെ പവിത്രത നഷ്ടപ്പെടാതെ കാത്തു സൂക്ഷിക്കണം: ആർച്ചു ബിഷപ് ഡോ. സൂസൈപാക്യം**
>
> ശബരിമല ക്ഷേത്രത്തിലെ പവിത്രത നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കണമെന്ന് കെസിബിസി പ്രസിഡന്റും തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ചുബിഷപ്പുമായ ഡോ.എം. സൂസൈപാക്യം. പത്രസമ്മേളനത്തിൽ ചോദ്യത്തിനു മറുപടി നല്കുകയായിരുന്നു അദ്ദേഹം.
>
> ധാരാളം വിശ്വാസികൾ ശബരിമലയിൽ പോയി ദൈവാനുഭവത്തോടെ മടങ്ങിവരികയാണ്. പ്രാർഥനയുടെയും സന്തോഷത്തിന്റെയും ഇടമായി കണ്ട് ശുദ്ധീകരണത്തോടെ മടങ്ങിവരുന്ന തീർത്ഥാടന കേന്ദ്രമാണ് ശബരിമല. ഞങ്ങളെല്ലാം പ്രതീക്ഷയോടെയും അത്ഭുതത്തോടെയുമാണു ശബരിമലയെ കാണുന്നത്. രാഷട്രീയമോ നിക്ഷിപ്തമോ ആയ താത്പര്യക്കാർ കടന്നുകൂടി ശബരിമലയെ കളങ്കപ്പെടുത്തുകയാണ്. ശബരിമലയുടെ പവിത്രത സംരക്ഷിക്കണമെന്നും ആർച്ച്ബിഷപ് ആവശ്യപ്പെട്ടു. **(ദീപിക, 15/11/2018)**

ദിവസേനയെന്നോണം മലയാളിയുടെ ഔചിത്യബോധം പരീക്ഷണ വിധേയമാകുന്ന ദിനങ്ങളാണ് കടന്നുപോകുന്നത്. ജനുവരി 22 വരെ, ഓരോ ദിവസവും ജനങ്ങളുടെ കോടതിയിൽ പുനഃപരിശോധിക്കപ്പെടുന്നതു ഭക്തിയുടെ പേരിലുള്ള അമിതാവേശങ്ങളും, അതിരുകടന്ന രാഷ്ട്രീയ താത്പര്യങ്ങളും തന്നെയാവും. ഇക്കാര്യത്തിൽ ഏറ്റവും കരണീയമായിട്ടുള്ളത് രാഷ്ട്രീയപാർട്ടികൾ വിശ്വാസ ആചാരവിഷയങ്ങളിൽനിന്നു ആരോഗ്യകരമായ അകലം പാലിക്കുക എന്നതാണ്. ഒപ്പം, വിശ്വാസികളും അവിശ്വാസികളും സംയമനം പാലിക്കുക, മറ്റുള്ളവരുടെ വിശ്വാസാചാരങ്ങളെ മാനിക്കുക, എങ്കിൽ മാത്രമേ എല്ലാവരും നിയമ വാഴ്ചക്ക് വിധേയരാവുന്ന ജനാധിപത്യ സമൂഹമായി നമുക്ക് നിലനില്ക്കാൻ കഴിയൂ.

വിവേകം ജയിക്കട്ടെ!

(ഫെയ്സ്ബുക്ക് പോസ്റ്റ്)

## കെസിബിസി സമ്മേളനം
## പ്രളയാനന്തര അതിജീവനം – പ്രവർത്തന പദ്ധതിയുമായി കേരള കത്തോലിക്കാസഭ



കൊച്ചി : ഈ നൂറ്റാണ്ടിൽ കേരളം നേരിട്ട മഹാപ്രളയത്തിൽ സർവ്വതും നഷ്ടപ്പെട്ടവരുടെ പുനരുദ്ധാനത്തിനായി കേരള കത്തോലിക്ക മെത്രാൻ സമിതി ആവിഷ്കരിച്ച പരിപാടികളുടെ ഉദ്ഘാടനം കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കത്തോലിക്ക ബാവ ഉദ്ഘാടനം ചെയ്തു. ആർച്ച് ബിഷപ്പ് സൂസൈപാക്യം അധ്യക്ഷത വഹിച്ചു. സി.ബി.സി.ഐ യുടെ സാമൂഹിക വികസന പ്രസ്ഥാനമായ കാരിത്താസ് ഇന്ത്യയും കെ.സി.ബി.സി യും സംയുക്തമായാണ് പ്രളയപുനരുദ്ധാരണപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്തകുന്നത്. 32 രൂപതകളിലായി 2620 പുതിയ വീടുകളും ഭാഗികമായി തകർന്ന 6630 വീടുകളും 4226 ശൗചാലയങ്ങളും 4744 കിണറുകളുടെ പുനർനിർമ്മാണവും നടത്തുന്നതാണ്. 31851 കുടുംബങ്ങൾക്ക് ഉപജീവനത്തിനായി വരുമാനവർദ്ധന പദ്ധതികളും യോഗത്തിൽ പ്രഖ്യാപിച്ചു. വിവിധ രൂപതകളുടെയും സന്ന്യാസസഭകളുടെയും സഹകരണത്തോടെ 36.5 ഏക്കർ ഭൂമി ഭൂരഹിതർക്കായി സമാഹാരിച്ചു നൽകുവാൻ സഭയ്ക്ക് കഴിഞ്ഞു. രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ മത്സ്യ ത്തൊഴിലാളികൾക്ക് കേരള കത്തോലിക്ക സഭയുടെ ആദരവ് സമർപ്പിച്ചു. ദുരിതാശ്വാസ നടത്തിപ്പിനും ക്യാമ്പുകളുടെ നടത്തിപ്പിനും അവരുടെ തുടർന്നുളള അതിജീവനത്തിനുമായി കേരള കത്തോലിക്കാ സഭ 164 കോടി പ്രഥമഘട്ടത്തിൽ ചെലവഴിക്കുകയുണ്ടായി. സർക്കാർ, സർക്കാർ ഇതര സംവിധാനങ്ങളുമായി കൈക്കോർത്തുകൊണ്ടാണ് സഭയുടെ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നത്. യോഗത്തിൽ ആർച്ച് ബിഷപ്പ് തോമസ് മാർ കുറിലോസ് കാരിത്താസ് ഇന്ത്യ ഡയറക്ടർ ഫാ. പോൾ മുഞ്ഞേലി, ഫാ. ജോളി പുത്തൻപുര, ഫാ. വർഗ്ഗീസ് വളളിക്കട്ട്, ഫാ. ജോർജ്ജ് വെട്ടികാട്ടിൽ എന്നിവർ സംസാരിച്ചു.

### ഓഖി ദുരന്ത ബാധിതരുടെ പുനരധിവാസം ത്വരിതപ്പെടുത്തണം

2018 ഡിസംബർ 4 മുതൽ 6 വരെ പിഒസി യിൽ വച്ച് നടത്തപ്പെട്ട കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ശീതകാലസമ്മേളനം ഓഖി ചുഴലിക്കൊടുങ്കാറ്റിൽപ്പെട്ടവരുടെ പുനരധിവാസ പുരോഗതി വിലയിരുത്തി. ദുരിതബാധിതർക്ക് സർക്കാർ വാഗ്ദാനംചെയ്ത പദ്ധതികൾ ഇഴഞ്ഞുനീങ്ങുന്നതിൽ യോഗം ഉത്കണ്ഠ രേഖപ്പെടുത്തി. സഭയുടെ സാമൂഹികക്ഷേമ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റികൾ നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതിയും ചിലവാക്കിയ തുകയും വിലയിരുത്തി. ജൂൺ മാസത്തോടുകൂടി ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാവുമെന്ന് കരുതുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കന്യാകുമാരി ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട ദുരന്ത ബാധിതർക്കാണ് സഭയുടെ സഹായ ഹസ്തം നല്കുന്നത്. 400 ഓളം കുടുംബങ്ങൾക്ക് ഭവനനിർമാണം, വരുമാനവർധന പദ്ധതികൾ, ശൗചാലയം എന്നിവ കേരള കത്തോലിക്കാസഭയുടെ ആഭിമുഖ്യത്തിൽ നല്കുന്നത്. യോഗത്തിൽ സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ മുഴുവനായും നടപ്പിലാക്കാത്തതിലുള്ള നിരാശ മെത്രാൻ സമിതി രേഖപ്പെടുത്തി. കത്തോലിക്ക സഭയുടെ ദുരിത ബാധിതർക്കായുള്ള നിർമ്മാണപ്രവർത്തനങ്ങൾക്ക് പിഒസിയും കേരള സോഷ്യൽ സർവീസ് ഫോറവുമാണ് നേതൃത്വം നല്കുന്നത്.

ഓഖി പുനരധിവാസപ്രവർത്തനങ്ങൾക്ക് ഇതുവരെ 13,18,09,641/ രൂപ സഭ ചെലവഴിച്ചു. ഇതിൽ 5,18,09,641 രൂപ കെസിബിസി സമാഹരിച്ചതാണ്. ഓഖി പുനരധിവാസത്തിനായി സർക്കാർ സമാഹരിച്ച തുക വകമാറ്റിവിട്ടില്ല എന്നറിയുന്നത് ആശ്വാസകരമാണ്. എന്നാൽ ഇക്കാര്യത്തിൽ ഇപ്പോൾ കാര്യമായി ഒന്നും നടക്കുന്നില്ല എന്നത് വേദനാജനകമാണ്.

### കെസിബിസി ക്രിസ്ത്യൻ മീഡിയേഷൻ കൗൺസിൽ ആരംഭിക്കും

സഭയിലെ വിവിധ വിഭാഗങ്ങൾ തമ്മിലുണ്ടാകാവുന്ന പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതിനായി കെസിബിസി ക്രിസ്ത്യൻ മീഡിയേഷൻ കൗൺസിലിന് രൂപം നല്കും. ഇക്കാര്യത്തിനായി നിയമവിദഗ്ധരും വ്യത്യസ്ഥ രംഗങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ചവരുമായ വിശ്വാസികളുടെ സമിതിയെ നിയോഗിക്കും. വ്യത്യസ്ത വീക്ഷണങ്ങളും നവീന ആശയങ്ങളും പങ്കുവയ്ക്കാനും തുറന്ന സംവാദങ്ങളിൽ ഏർപ്പെടാനും സഭയ്ക്കുള്ളിലുള്ള ഉചിതമായ സംവിധാനങ്ങളും അവസരങ്ങളും പ്രയോജനപ്പെടുത്തണം. പൊതുമാധ്യമങ്ങളിൽ സഭയുടെ നിലപാടുകളും അഭിപ്രായങ്ങളും അറിയിക്കാൻ നിയോഗിക്കപ്പെട്ടവരൊഴിച്ച് വ്യക്തികൾ രേഖപ്പെടുത്തുന്ന അഭിപ്രായങ്ങളും നിലപാടുകളും അവരുടേതു മാത്രമാണ്. സഭയുടെ സ്ഥാപനങ്ങൾ അവയുടെ സ്ഥാപനോദ്ദേശം നിറവേറ്റുന്നു എന്നുറപ്പുവരുത്തുന്ന മിഷൻ ഓഡിറ്റിന് കാലാകാലങ്ങളിൽ വിധേയമാകണം. ഓരോ സ്ഥാപനവും നല്കുന്ന സേവനത്തിന്റെ സ്വഭാവവും ലക്ഷ്യവും അനുസരിച്ച് സുവിശേഷാത്മകമായ മാനദണ്ഡങ്ങൾക്കനുസരിച്ചുവേണം ഇത് നിർവഹിക്കാൻ. ഇതിന്റെ മാതൃക കെസിബിസി പ്രസിദ്ധീകരിക്കും.

### മതനിരപേക്ഷ, ജനാധിപത്യമൂല്യങ്ങൾ സംരക്ഷിക്കണം

രാജ്യത്തിന്റെ മതനിരപേക്ഷ, ജനാധിപത്യമൂല്യങ്ങളെ അപകടപ്പെടുത്തുന്ന പ്രതിലോമ ശക്തികൾക്കെതിരെ, ഭരണഘടനയുടെ അന്തസഃത്ത ഉയർത്തിപ്പിടിക്കുന്ന നിലപാടെടുക്കാൻ എല്ലാ വിശ്വാസികൾക്കും കടമയുണ്ട്. എന്നാൽ, കോടതികൾ ഭരണഘടനയും മൗലികാവകാശങ്ങളും വ്യാഖ്യാനിക്കുമ്പോൾ വ്യക്തികൾക്കും സമൂഹത്തിനുമുള്ള അവകാശങ്ങൾ പരസ്പരം റദ്ദാക്കുന്നില്ലാ എന്നുറപ്പുവരുത്തേണ്ടതാണ്. വ്യക്തിയുടെ സ്വാതന്ത്ര്യം കുടുംബത്തിന്റെ നിലനില്പിനും ഭദ്രതയ്ക്കും ഭീഷണിയാകുന്നതും, വ്യക്തിസമത്വവും സ്വാതന്ത്ര്യവും മറ്റു വ്യക്തികളുടെയും സമൂഹങ്ങളുടെയും ആരാധനാ സ്വാതന്ത്ര്യത്തിനും വിശ്വാസാചാരങ്ങൾക്കും ഭീഷണിയാകുന്നതും സമൂഹത്തിൽ അസ്വസ്ഥതയുണ്ടാക്കും.

### നവീകരണത്തിന്റെ പാതയിൽ സഭ മുന്നേറണം

പ്രതിസന്ധിയുടെ ഘട്ടങ്ങളുണ്ടാകുമ്പോൾ സഭ ആത്മാർത്ഥമായ ആത്മപരിശോധനയ്ക്കും തിരുത്തലിനും നവീകരണത്തിനും വിധേയമാകണം. ഇക്കാര്യത്തിൽ കേരളസഭയ്ക്ക് തുറന്ന മനസ്സാണുള്ളത്. സഭയെ ബലഹീനമാക്കാനും തകർക്കാനുമുള്ള ബോധപൂർവമായ പരിശ്രമങ്ങളെ തിരിച്ചറിയാനും അതിജീവിക്കാനു

മുള്ള ആത്മീയബലം സഭയ്ക്കുണ്ട്. വിശ്വാസം, ശരണം, ഉപവി എന്നീ ദൈവീക മൂല്യങ്ങളിൽ അടിയുറച്ച സമീപനമാണ് സഭയുടേത്. സ്നേഹവും കൂട്ടായ്മയും കാരുണ്യത്തിന്റെ പ്രവർത്തിയുമാണ് സഭയെ എക്കാലവും ശക്തിപ്പെടുത്തിയിട്ടുള്ളത്. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് സഭ മുന്നേറുകതന്നെ ചെയ്യും.

## കുമ്പസാരത്തിനെതിരായ പരാമർശം: കെസിബിസി മുഖ്യമന്ത്രിക്കു പരാതി നല്കി

**കൊച്ചി**: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാസികയായ വിജ്ഞാന കൈരളിയുടെ ആഗസ്റ്റ് ലക്കത്തിൽ ക്രൈസ്തവസഭ പരിപാവനമായി കരുതുന്ന കുമ്പസാരമെന്ന കൂദാശയെ വികലമായും അപഹാസ്യമായും ചിത്രീകരിച്ചുകൊണ്ട്, മാസികയുടെ എഡിറ്റർ 'ലജ്ജിക്കണം" എന്ന ശീർഷകത്തിൽ എഴുതിയ മുഖപ്രസംഗത്തിലെ പരാമർശങ്ങളിൽ ദുഃഖവും പ്രതിഷേധവും അറിയിച്ച് കേരള കത്തോലിക്കാ മെത്രാൻ സമിതി മുഖ്യമന്ത്രിക്ക് പരാതി നല്കി. കർദിനാൾ മാർ ജോർജ് ആലഞ്ചേരി, കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ, ആർച്ചുബിഷപ് സൂസപാക്യം എന്നിവർ സംയുക്തമായി നല്കിയ പരാതിയിൽ കുമ്പസാരത്തെക്കുറിച്ച് തെറ്റിദ്ധാരണ പരത്തുന്ന പരാമർശങ്ങളിലും സ്ത്രീകൾ കുമ്പസാരം ബഹിഷ്ക്കരിക്കണമെന്ന ആഹ്വാനത്തിലും കത്തോലിക്കാസഭയ്ക്കുള്ള ശക്തമായ പ്രതിഷേധം അറിയിച്ചു.

"മറ്റൊരാളുടെ മുമ്പിൽ ചെയ്ത പ്രവൃത്തി ഏറ്റുപറയുന്നതാണ് കുമ്പസാരം;" "മനുഷ്യമനസ്സിന്റെ സങ്കല്പമായ സ്വർഗമെന്ന യുട്ടോപ്യ ലൈംഗികാസക്തി തീർക്കുന്നതിനുള്ള വെറും ഉപകരണമായി തീർന്നുപോയതിൽ പരസ്യമായി കുമ്പസാരിക്കേണ്ടത് പൗരോഹിത്യമാണ്," "സ്ത്രീശരീരം ഒരു ഭോഗവസ്തുവാണെന്ന് കരുതുന്നില്ലെങ്കിൽ ഇനിമുതൽ ഒരു സ്ത്രീയും, കാമുകിയായാലും കർത്താവിന്റെ മണവാട്ടിയായാലും ആരുടെ മുമ്പിലും കുമ്പസാരിക്കരുത്;" "മരിക്കാൻ ഞങ്ങൾക്ക് മനസ്സില്ല എന്നു പാട്ടു പാടിയാൽ മാത്രം പോരാ, കുമ്പസാരിക്കാൻ ഞങ്ങൾക്ക് മനസ്സില്ലെന്ന് സ്ത്രീസമൂഹം ഒറ്റക്കെട്ടായി അലറി വിളിക്കണം" തുടങ്ങിയ പരാമർശങ്ങളിലൂടെ ക്രൈസ്തവരുടെ വിശ്വാസത്തിന്റെ ഭാഗവും വിശുദ്ധ കൂദാശയുമായ കുമ്പസാരത്തെയാണ് അവഹേളിക്കുകയും എതിർക്കുകയും ചെയ്തിരിക്കുന്നതെന്ന് ചൂണ്ടിക്കാണിക്കുന്നു. ക്രൈസ്തവമതങ്ങളെക്കുറിച്ചും മതാനുഷ്ഠാനങ്ങളെക്കുറിച്ചും വിജ്ഞാനകൈരളിയുടെ എഡിറ്റർക്കുള്ള അജ്ഞത മാത്രമല്ല, അയാളുടെ മനസ്സിലെ മതവിരുദ്ധതയും വർഗീയ വിദ്വേഷവും പ്രകടമാക്കുന്ന പരാമർശങ്ങളാണിവ. ഇതിനെതിരേ സമൂഹത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും പ്രതിഷേധമുണ്ടായ സാഹചര്യത്തിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. വി. കാർത്തികേയൻ നായരുടെ പേരിൽ പ്രസിദ്ധീകരിച്ച വിശദീകരണക്കുറിപ്പിലൂടെ വിശ്വാസ വിരുദ്ധ നിലപാടുകൾ ആവർത്തിക്കുകയും ന്യായീകരിക്കുകയും ചെയ്തത് പ്രശ്നത്തെ കൂടുതൽ സങ്കീർണമാക്കിയിരിക്കുകയാണ്.

ക്രൈസ്തവ വിശ്വാസത്തിന്റെ ഭാഗമായ പൗരോഹിത്യത്തെക്കുറിച്ചും, മതപരമായ അനുഷ്ഠാനമായ കുമ്പസാരം എന്ന കൂദാശയെക്കുറിച്ചും മുഖപ്രസംഗത്തിൽ നടത്തിയ അവഹേളനപരമായ പരാമർശങ്ങൾ പിൻവലിക്കാനും ഖേദം പ്രകടിപ്പിക്കാനുമുള്ള സാമാന്യ മര്യാദപോലും വിജ്ഞാന കൈരളിയുടെ പത്രാധിപർ കാണിച്ചിട്ടില്ല. വിശദീകരണക്കുറിപ്പിൽ മുഖപ്രസംഗത്തിലെ മോശം പരാമർശങ്ങളെക്കുറിച്ച് നിശ്ശബ്ദത പാലിച്ച്, കണ്ണടച്ച് ഇരുട്ടാക്കാനുള്ള ശ്രമമാണ് നടത്തിയിരിക്കുന്നത്. മതവും മതസങ്കല്പങ്ങളും കുമ്പസാരവുമൊക്കെ ലൈംഗികാസക്തി തീർക്കുന്നതിനുള്ള വെറും ഉപകരണമായിതീർന്നു എന്ന മുഖപ്രസംഗത്തിലെ ദുസ്സൂചനയും, ഇനിമുതൽ ഒരു സ്ത്രീയും ആരുടെ മുമ്പിലും കുമ്പസാരിക്കരുത് എന്ന ആഹ്വാനവും ചീഫ് എഡിറ്ററുടെ മതവിരുദ്ധതയ്ക്കും വർഗീയതയ്ക്കും തെളിവാണെന്ന് മെത്രാന്മാർ കുറ്റപ്പെടുത്തി. "കുമ്പസാരക്കൂട്ടിൽ ഉത്തമവിശ്വാസത്തിൽ ഏറ്റുപറയുന്ന തെറ്റിന്റെ പേരിൽ സ്ത്രീ പീഡിപ്പിക്കപ്പെടുന്നു" എന്ന വിശദീകരണം പരിഹാസ്യവും അസ്വീകാര്യവുമാണ്. ക്രൈസ്തവ സഭകളുടെ ചരിത്രത്തിൽ അത്തരം ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ടായിരിക്കാം. എന്നാൽ, നൂറ്റാണ്ടുകളായി ലക്ഷക്കണക്കിനു സ്ത്രീകൾ ഉൾപ്പെടെയുള്ള വിശ്വാസികൾ ഒരു പരാതിക്കും ഇടനല്കാതെ അനുഷ്ഠിച്ചുവരുന്ന ഒരു കൂദാശ, ഇനിമേൽ ഒരു സ്ത്രീയും അനുഷ്ഠിക്കരുതെന്നു നിർദേശിക്കാൻ ചില ഒറ്റപ്പെട്ട സംഭവങ്ങൾ എങ്ങനെ ന്യായീകരണമാകും? ഒരു ഡോക്ടർ സ്ത്രീ രോഗിയോട് അപമര്യാദയായി പെരുമാറിയതുകൊണ്ട് ഇനിമേൽ സ്ത്രീകൾ പുരുഷഡോക്ടറുടെ അടുത്ത് ചികിത്സയ്ക്ക് പോകരുത് എന്നു പറയുമോ? ഒരു പ്രൊഫസർ ഒരു വിദ്യാർത്ഥിനിയോട് അപമര്യാദയായി പെരുമാറിയതുകൊണ്ട് ഇനിമേൽ പെൺകുട്ടികളെ പുരുഷന്മാരായ പ്രൊഫസർമാർ പഠിപ്പിക്കരുത് എന്നു പറയുമോ? ഒരു പത്രാധിപർ സഹപ്രവർത്തകയോട് അപമര്യാദയായി പെരുമാറിയതുകൊണ്ട് പുരുഷപത്രാധിപന്മാരുള്ള മാധ്യമങ്ങളിൽ വനിതകൾ ജോലി ചെയ്യരുത് എന്നു പറയുമോ? ശബരിമലയിലെ പ്രശ്നങ്ങളെക്കുറിച്ച് എഴുതാൻ ചീഫ് എഡിറ്റർ ക്രൈസ്തവ വിശ്വാസത്തെയും അനുഷ്ഠാനങ്ങളെയും മറയാക്കിയത് വളരെ നീചമായിപ്പോയി എന്നും മെത്രാന്മാർ ചൂണ്ടിക്കാട്ടുന്നു.

### വിജ്ഞാനകൈരളി മുഖപ്രസംഗം – ചീഫ് എഡിറ്റർ ഖേദം പ്രകടിപ്പിച്ചു

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാസികയായ വിജ്ഞാന കൈരളിയുടെ ആഗസ്റ്റ് ലക്കത്തിൽ പ്രസിദ്ധീകരിച്ച മുഖപ്രസംഗം ക്രൈസ്തവരുടെ വിശ്വാസത്തെ വ്രണപ്പെടുത്തുന്നതാണെന്ന് അഭിവന്ദ്യപുരോഹിതന്മാർ പരാതിപ്പെട്ടതായി അറിയുന്നു. മതമൂല്യങ്ങളെ നിരാകരിക്കുകയോ അപകീർത്തിപ്പെടുത്തുകയോ ചെയ്യുകയെന്നത് മാസികയുടെ നയമല്ല. ബോധപൂർവം അങ്ങിനെ ചെയ്യാൻ ശ്രമിച്ചിട്ടുമില്ല. പ്രസ്തുത മുഖപ്രസംഗം ആർക്കെങ്കിലും വേദനയുണ്ടാക്കിയെങ്കിൽ അതിൽ നിർവ്യാജം ഖേദം പ്രകടിപ്പിക്കുന്നു. ലേഖനത്തിലെ പരാമൃഷ്ടാഭാഗം റദ്ദാക്കിയതായും അറിയിക്കുന്നു.

'കുമ്പസാരം' എന്ന കൂദാശ രാജ്യത്തെ ഒരു നിയമത്തിനും എതിരല്ല; ധാർമികതയ്ക്കെതിരല്ല; പൊതുജനാരോഗ്യത്തിനെതിരല്ല; ക്രമസമാധാനത്തിനെതിരല്ല; പിന്നെ എന്തടിസ്ഥാനത്തിലാണ് വിശ്വാസികളോട് കുമ്പസാരിക്കരുത് എന്നു മുഖപ്രസംഗം എഴുതിയ ആൾ ആഹ്വാനം ചെയ്തത്? ഒറ്റപ്പെട്ട ചില സംഭവങ്ങളുടെ പേരിൽ ഒരു മതാനുഷ്ഠാനത്തെ അവഹേളിക്കുന്നത് സംസ്കാരമുള്ളവർക്ക് യോജിച്ചതല്ലല്ലോ. അത്തരം വീഴ്ചകളുണ്ടായാൽ രാജ്യത്തെ നിയമവ്യവസ്ഥയനുസരിച്ചുള്ള നടപടികൾ ഉറപ്പുവരുത്തുകയല്ലേ വേണ്ടത്. മലയാളഭാഷയിലെ കുറേ പദങ്ങൾ അർത്ഥവും സന്ദർഭവും നോക്കാതെ പ്രയോഗിച്ച്, ഉദാത്തമായ പൗരോഹിത്യത്തെ അവഹേളിക്കുന്നതും "കാമുകിയായാലും കർത്താവിന്റെ മണവാട്ടിയായാലും" തുടങ്ങിയ പ്രയോഗങ്ങൾ പരിഹാസ രൂപേണ നടത്തുന്നതും പ്രതിഷേധാർഹമാണ്. ഇത്തരം കാഴ്ചപ്പാടുകൾ പുലർത്തുന്നവർ വിദ്യാർത്ഥികൾക്കു വിജ്ഞാനം പകർന്നു നല്കുന്ന ജോലി നിർവഹിക്കുന്നതിനെ ഓർത്തല്ലേ

യഥാർത്ഥത്തിൽ ലജ്ജിക്കേണ്ടത്?

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും ബഹുമാനപ്പെട്ട സാംസ്കാരിക മന്ത്രി വൈസ്ചെയർമാനുമായുള്ള ഭരണസമിതി നിയന്ത്രിക്കുന്ന കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഔദ്യോഗിക പ്രസിദ്ധീകരണത്തിലാണ് ക്രൈസ്തവ വിശ്വാസാനുഷ്ഠാനങ്ങൾക്കെതിരായ വലിയ കടന്നാക്രമണം നടത്തിയിരിക്കുന്നത് എന്നത് ഏറെ വേദനാജനകമാണ്. മതനിന്ദ കുരുന്നുകളിൽ കുത്തിവച്ച്, തെറ്റിദ്ധരിപ്പിച്ച്, മതപരമായ ആചാരങ്ങളിൽ നിന്ന് വിദ്യാർത്ഥികളെ അകറ്റി നിർത്തുക എന്ന ലക്ഷ്യം ഇതിന്റെ പിന്നിലില്ലേ എന്നു സംശയിക്കുവാൻ ഞങ്ങൾ നിർബന്ധിതരാകുകയാണ് . ഒക്ടോബർ ലക്കത്തിലും സമാനമായ പരാമർശങ്ങൾ ആവർത്തിക്കപ്പെട്ടപ്പോൾ ഇത് വ്യക്തമായ ലക്ഷ്യത്തോടെ കുട്ടികളിൽ മതനിരാസവും മതവിരുദ്ധ ചിന്തകളും വളർത്തുവാനുള്ള നിഗൂഢ അജണ്ടയുടെ ഭാഗമാണെന്ന സംശയം ശക്തമാവുകയാണ്. പാഠപുസ്തകങ്ങളിലും വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പ്രസിദ്ധീകരണങ്ങളിലും മതനിന്ദയും മതവിദ്വേഷവും സൃഷ്ടിക്കുന്ന പരാമർശങ്ങൾ വർഗ്ഗീയത വളർത്തുന്ന പരാമർശങ്ങൾ പോലെ അപകടകരമാണ്. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്പോലുള്ള ഒരു സർക്കാർ സ്ഥാപനംതന്നെ ഇത്തരം പ്രചാരണത്തിന്റെ ഭാഗമാകുന്നത് അത്യന്തം ദുഃഖകരവും പ്രതിഷേധാർഹവുമാണ്.

ഇന്ത്യൻ ഭരണഘടന ഉറപ്പു നല്കുന്ന മൗലികാവകാശങ്ങളായ മതസ്വാതന്ത്ര്യവും, ആരാധനാസ്വാതന്ത്ര്യവും നിഷേധിക്കുന്ന നിലപാട് ഒരു മതേതര സർക്കാരിനും ഭൂഷണമല്ല. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന മതേതരത്വം ഈശ്വരനിഷേധമോ, മതനിഷേധമോ അല്ല; പ്രത്യുത എല്ലാ മതങ്ങൾക്കുമുള്ള തുല്യ പരിഗണനയാണ്. ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും മതാചാരങ്ങൾ അനുഷ്ഠിക്കാനും മതം പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യവും അവകാശവും എല്ലാ പൗരന്മാർക്കുമുണ്ട്. ഒരു മതത്തിന്റെ വിശ്വാസത്തെയോ അനുഷ്ഠാനങ്ങളെയോ വിമർശിക്കാനും എതിർക്കാനും ഒരു മതേതരജനാധിപത്യസർക്കാരിനോ സർക്കാരിന്റെ പ്രസിദ്ധീകരണങ്ങൾക്കോ അവകാശമില്ല. മതവികാരത്തെ വ്രണപ്പെടുത്തുന്ന വാക്കുകളും പ്രവൃത്തികളും ക്രിമിനൽ കുറ്റമായി പരിഗണിക്കപ്പെടുന്ന സമൂഹത്തിൽ ഒരു സർക്കാർ പ്രസിദ്ധീകരണത്തിന്റെ മുഖപ്രസംഗത്തിൽ ഇത്തരം പരാമർശങ്ങൾ ഉണ്ടാകുന്നത് പ്രതിഷേധാർമാണ്. ഇത്തരം പരാമർശങ്ങളിലൂടെ, സർക്കാരിന്റെ തന്നെ നിലപാടാണ് വ്യക്തമാക്കപ്പെടുന്നതെന്ന് പൊതുസമൂഹം ധരിക്കാനിടയുണ്ട്. അതുകൊണ്ട് വിജ്ഞാനകൈരളിയുടെ എഡിറ്ററുടെ പരാമർശവിധേയമായ അഭിപ്രായങ്ങളെക്കുറിച്ച് കേരളസർക്കാരിന്റെ നിലപാട് അറിയാൻ ക്രൈസ്തവസഭകൾക്കും പൊതുസമൂഹത്തിനും അവകാശമുണ്ട്.

മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ ഗൗരവമായ ഇടപെടലുകൾ ഉണ്ടാകണമെന്നും അവഹേളനാപരമായ പരാമർശങ്ങൾ പിൻവലിക്കുന്നതിനും തുടർന്ന് ഉണ്ടാകാതിരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും കെസിബിസി ആവശ്യപ്പെട്ടു. (8/11/2018)

## വിശ്വാസവിരുദ്ധ പരാമർശം – സർക്കാർ നടപടി സ്വീകരിക്കണം: കെസിബിസി, ഐക്യജാഗ്രതാ കമ്മീഷൻ

**കൊച്ചി:** ക്രൈസ്തവ വിശ്വാസത്തിന്റെ ഭാഗമായ കുമ്പസാരം എന്ന വിശുദ്ധ കൂദാശയെ നിന്ദിച്ചും അവഹേളിച്ചും കേരളാഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വിജ്ഞാനകൈരളി മാസികയിൽ പ്രഫ. വി. കാർത്തികേയൻ നായർ നടത്തിയ പരാമർശം ക്രൈസ്തവരെ മാത്രമല്ല, മതസ്വാതന്ത്ര്യത്തിലും ജനാധിപത്യമൂല്യങ്ങളിലും വിശ്വസിക്കുന്ന എല്ലാവരേയും അസ്വസ്ഥരാക്കുന്നതാണ്.

നാഷണൽ സർവീസ് സ്കീം (എൻ.എസ്.എസ്) വൊളന്റിയർമാരിലൂടെ സംസ്ഥാനത്തെ സ്കൂളുകളിൽ വിതരണം ചെയ്യുന്ന പ്രസ്തുത മാസികയിലെ പരാമർശം നിരുത്തരവാദപരവും ദുരുദ്ദേശ്യപരവും ഭരണഘടന ഉറപ്പുനല്കുന്ന മതസ്വാതന്ത്ര്യത്തിന്റെ ലംഘനവുമാണ്. സർക്കാരിന്റെ ഉത്തരവാദിത്വപ്പെട്ട സ്ഥാപനത്തിൽ നിന്നുമുണ്ടാകുന്ന ഇത്തരം നീക്കങ്ങൾ ആശങ്കാജനകമാണ്. "ഇനിമുതൽ ഒരു സ്ത്രീയും കാമുകിയായാലും കർത്താവിന്റെ മണവാട്ടിയായാലും ആരുടേയും മുമ്പിൽ കുമ്പസാരിക്കരുത്"എന്ന പരാമർശം പ്രത്യേകിച്ച് ക്രൈസ്തവ സ്ത്രീകളേയും സന്ന്യാസിനികളേയും അവഹേളിക്കുന്നതു മാത്രമല്ല പുതുതലമുറയിൽ മതനിരാസം വളർത്താനുള്ള ബോധപൂർവമായ ശ്രമത്തിന്റെ ഭാഗംകൂടിയാണ്." ജനാധിപത്യ മൂല്യങ്ങളും മതസ്വാതന്ത്ര്യവും ഉറപ്പുവരുത്താൻ ബാധ്യതയുള്ള സർക്കാർ സ്വന്തം പ്രസിദ്ധീകരണത്തിലൂടെ വിദ്യാർത്ഥികളിൽ മതവിരുദ്ധ ചിന്താഗതി വളർത്താൻ ശ്രമിക്കുന്നത് ഉത്തരവാദിത്വപ്പെട്ടവർ കണ്ടില്ലെന്നു നടിക്കുന്നത് അപലനീയമാണ്. മാസങ്ങൾക്കുമുമ്പ് ദേശീയ വനിതാ കമ്മീഷൻ അംഗം കുമ്പസാരമെന്ന കൂദാശയെ നിരോധിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ അതിനെതിരെ പ്രതികരിച്ച ഇടതു രാഷ്ട്രീയ നേതാക്കൾ ഇത്തരത്തിലുള്ള ഒരു പ്രസിദ്ധീകരണത്തെക്കുറിച്ച് പല തലങ്ങളിൽ നിന്നും ആക്ഷേപം ഉണ്ടായിട്ടും ഇതുവരെയും ഒരു നിലപാടും വ്യക്തമാക്കാത്തത് ദുരൂഹമാണ്. വിദ്യാർത്ഥികൾക്ക് വിജ്ഞാനം പകരുന്നു എന്നവകാശപ്പെടുന്ന വിജ്ഞാന കൈരളി മാസിക സർക്കാരിന്റെ വിശ്വാസവിരുദ്ധ നിലപാടിനെയാണോ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത് എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. മതനിന്ദയും മതവിദ്വേഷവും സൃഷ്ടിക്കുന്ന ഇത്തരം പരാമർശങ്ങൾ നടത്തുന്നവർക്കെതിരേ ബന്ധപ്പെട്ടവർ ശക്തമായ നടപടികൾ സ്വീകരിക്കുകയും വിശ്വാസീസമൂഹം അതീവ ജാഗ്രത പുലർത്തുകയും വേണമെന്ന് കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ടിന്റെ അധ്യക്ഷതയിൽ പിഒസിയിൽ ചേർന്ന കെസിബിസി ഐക്യജാഗ്രതാ സമിതിയുടെ അവലോകനയോഗം ആവശ്യപ്പെട്ടു. (29/10/2018)

## അഭിഭാഷകരായ വൈദികരുടെയും സമർപ്പിതരുടെയും ദേശീയ സമ്മേളനം

### നീതിക്കായുള്ള പ്രവർത്തനവും അജപാലനശുശ്രൂഷ:

**ബിഷപ്പ് മാർ വാണിയപ്പുരയ്ക്കൽ**



**കൊച്ചി:** നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള പ്രവർത്തനവും അജപാലനശുശ്രൂഷ തന്നെയാണെന്നു സീറോ മലബാർ സഭയുടെ കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ. അഭിഭാഷകരായ വൈദികരുടെയും സമർപ്പിതരുടെയും ദേശീയ സമ്മേളനം പി.ഒ.സി.യിൽ ഉദ്ഘാടനംചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ആധുനിക ലോകത്തിൽ സഭയുടെ അജപാലനശുശ്രൂഷ കേവലം ഇടവക കേന്ദ്രീകൃതമായ ആത്മീയ പ്രവർത്തനങ്ങൾ മാത്രമല്ല. പീഡിതരുടെയും പാർശ്വ

വത്കരിക്കപ്പെട്ടവരുടെയും കണ്ണീരും രോദനവും നമുക്ക് അവഗണിക്കാനാവില്ല. അഭിഭാഷകർ മനുഷ്യാവകാശത്തിന്റെ പ്രസരിപ്പുള്ള പ്രവാചകരാകണം. നീതിക്കായി കോടതിയുടെ മുന്നിലെത്താൻ സാധിക്കാത്ത സാധാരണ മനുഷ്യനു സഹായകമാകുന്ന ദേശീയതലത്തിലുള്ള ഒരു മിഷനറി നെറ്റ്‌വർക്കായി പ്രവർത്തിക്കാൻ അഭിഭാഷകരായ വൈദികർക്കും സമർപ്പിതർക്കും സാധിക്കണമെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന ന്യൂനപക്ഷാവകാശ കമ്മീഷൻ അംഗം അഡ്വ. ബിന്ദു തോമസ് മുഖ്യാതിഥിയായിരുന്നു. വൈദിക, സന്യസ്ത അഭിഭാഷക ഫോറത്തിന്റെ ദേശീയ അധ്യക്ഷൻ ഫാ. പി.ഡി. മാത്യു അധ്യക്ഷത വഹിച്ചു. പി.ഒ.സി. ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, കേരള ഫോറം കൺവീനർ ഫാ. തോമസ് ജോസഫ് തേരകം, ദേശീയ ഉപാധ്യക്ഷ സിസ്റ്റർ ജൂലി ജോർജ്ജ്, ഫാ. സ്റ്റീഫൻ, സിസ്റ്റർ ജോയ്സി, ഫാ. സിബി പാറടിയിൽ എന്നിവർ നേതൃത്വം നല്കി. ഭാരതത്തിലെ 14 സംസ്ഥാനങ്ങളിൽ നിന്നായി 75 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. **(9/11/2018)**

### കുട്ടികൾ യേശുവിന്റെ മനോഭാവം സ്വീകരിക്കണം: ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്



**മാവേലിക്കര:** കുട്ടികൾ യേശു ജീവിതത്തിൽ പുലർത്തിയ മനോഭാവത്തോടെ തങ്ങളുടെ പഠനകാലഘട്ടം പൂർത്തീകരിക്കണമെന്ന് മാവേലിക്കര രൂപതാധ്യക്ഷൻ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്. കെ.സി.എസ്.എൽ. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ കറ്റാനം പോപ് പയസ് XIഹയർ സെക്കന്ററി സ്കൂളിൽ നടന്ന "വീ ഫോർ ക്രൈസ്റ്റ് വി ഫോർ ഫെയ്ത്ത്" പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനവും ലോഗോ പ്രകാശനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു അഭിവന്ദ്യപിതാവ്. ഈ കാലഘട്ടത്തിലെ സാമൂഹ്യാന്തരീക്ഷവും നവമാധ്യമസംസ്ക്കാരവുമെല്ലാം വെല്ലുവിളി ഉയർത്തുന്ന സാഹചര്യത്തിൽ വിശ്വാസസംരക്ഷണം അവകാശവും കടമയുമാണെന്ന് പിതാവ് അഭിപ്രായപ്പെട്ടു. വിശുദ്ധ കുർബാനയിൽ അധിഷ്ഠിതമായ ജീവിതശൈലി സ്വീകരിച്ച് വിദ്യാർത്ഥികൾ ക്രിസ്തുവിന്റെ വഴിയെ ചരിക്കാനുള്ള പരിശീലനം കെ.സി.എസ്.എൽ സംഘടന നല്കുന്നത് അഭിനന്ദാർഹമാണ്. കൂദാശകളും ക്രൈസ്തവവിശ്വാസവും അവഹേളിക്കപ്പെടുന്ന ഈ കാലഘട്ടം കുട്ടികളുടെ പരിശീലനം സഭാനേതൃത്വം അതീവ ഗൗരവത്തോടെ കാണുന്നു. കെ.സി.എസ്.എൽ കേരളത്തിലെ കത്തോലിക്കാ വിദ്യാർത്ഥികളിൽ കഴിഞ്ഞ 104 വർഷങ്ങളായി നല്കുന്ന വിശ്വാസബോധ്യങ്ങൾ സഭ വിലമതിക്കുന്നു എന്നും പിതാവ് കൂട്ടിച്ചേർത്തു. കെ.സി.എസ്.എൽ. സംസ്ഥാന പ്രസിഡന്റ് മാത്തുക്കുട്ടി കുത്തനാപ്പിള്ളിൽ സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു. സംസ്ഥാന ഡയറക്ടർ ഫാ. തോംസൺ പഴയചിറപീടികയിൽ ആമുഖ സന്ദേശം നല്കി. മാവേലിക്കര രൂപതാ കെ.സി.എസ്.എൽ. ഡയറക്ടർ ഫാ. ജോസഫ് പടിപ്പുര സ്വാഗതവും സംസ്ഥാന ഓർഗനൈസർ സിറിയക് നരിതൂക്കിൽ കൃതജ്ഞതയും അർപ്പിച്ചു. സംസ്ഥാന ചെയർമാൻ മാസ്റ്റർ ആന്റണി എൽഡ്രിൻ, സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി ഡെയ്സി എസ്, സംസ്ഥാന കമ്മറ്റി അംഗങ്ങളായ മനോജ് ചാക്കോ, ഷാജു എ. തോമസ്, സി. മോളി ദേവസ്സി, മിനി ബാബു, വിദ്യാർത്ഥി ഭാരവാഹികൾ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. **(31/10/2018)**

### ആചാരാനുഷ്ഠാനങ്ങളിൽ കടന്നുകയറി വിശ്വാസികളെ വ്രണപ്പെടുത്തരുത്: കെസിഎഫ്



**കൊച്ചി:** മതസമൂഹങ്ങളുടെ ആചാരാനുഷ്ഠാനങ്ങളിൽ കടന്നുകയറി വിശ്വാസികളെ വ്രണപ്പെടുത്തുന്ന നടപടികളിൽ നിന്നു സർക്കാരുകളും ഭരണഘടനാസ്ഥാപനങ്ങളും പിന്തിരിയണമെന്നു പി.ഒ.സി.യിൽ കൂടിയ കേരള കാത്തലിക് ഫെഡറേഷൻ (കെസിഎഫ്) സംസ്ഥാന ജനറൽ അസംബ്ലി ആവശ്യപ്പെട്ടു.

200വർഷം പാരമ്പര്യമുള്ള കുമ്പസാരം ക്രൈസ്തവരുടെ ധർമവും അവകാശവും അനുഷ്ഠാനവുമാണ്. അത് നിരോധിക്കാനോ, സ്ത്രീകൾ കുമ്പസാരിക്കരുതെന്നു പറയാനോ ഭരണഘടന സ്ഥാപനത്തിനും സർക്കാരിനും അവകാശമില്ല. കുമ്പസാരത്തെ അവഹേളിച്ചും വനിതകൾ കുമ്പസാരിക്കരുതെന്നു പറഞ്ഞും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖപ്രസംഗം എഴുതിയ പത്രാധിപർ പരസ്യമായി മാപ്പ് പറയണം. ലേഖനം വന്ന മാസിക പിൻവലിക്കണമെന്നും കെസിഎഫ് ജനറൽ അസംബ്ലി ആവശ്യപ്പെട്ടു. അല്മായ കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഉദ്ഘാടനം ചെയ്തു. സഭ ചരിത്ര പഠനസെമിനാറിൽ ഫാ. ജോളി വടക്കൻ, പീറ്റർ സി. എബ്രഹാം മൈലപ്ര എന്നിവർ വിഷയം അവതരിപ്പിച്ചു. ജേക്കബ് എം. എബ്രഹാം മോഡറേറ്ററായിരുന്നു. **(18/11/2018)**

### ദേശീയ മദ്ധ്യസ്ഥ പ്രാർഥനാ സംഗമത്തിനു തുടക്കമായി

**ചാലക്കുടി:** കത്തോലിക്ക കരിസ്മാറ്റിക് നവീകരണ ശുശ്രൂഷകളുടെ ദേശീയ സേവന സമിതിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ഭാരതത്തിലെ 174 രൂപതകളിൽ നടന്നുവന്ന 'ജറീക്കോ' പ്രാർഥനയുടെ സമാപനമായി മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ നടക്കുന്ന ദേശീയ മദ്ധ്യസ്ഥപ്രാർഥന സംഗമത്തിനു തുടക്കമായി. സിബിസിഐ പ്രസിഡന്റ് കർദിനാൾ ഡോ. ഓസ്‌വാൾഡ് ഗ്രേഷ്യസ് സംഗമം ഉദ്ഘാടനം ചെയ്തു. **(20/11/2018)**

### കെസിബിസി നാടകമത്സരം: 'കുരുത്തി' മികച്ച നാടകം



**കൊച്ചി**: മുപ്പത്തിയൊന്നാമത് കെസിബിസി അഖിലകേരള പ്രഫഷണൽ നാടകമത്സരത്തിൽ ആറ് അവാർഡുകൾ കരസ്ഥമാക്കിയ അക്ഷര ക്രിയേഷൻസ് തിരുവനന്തപുരം അവതരിപ്പിച്ച 'കുരുത്തി' മികച്ച നാടകമായി തെരഞ്ഞെടുക്കപ്പെട്ടു. സനാതനമൂല്യങ്ങളുടെ ദൃശ്യമായ ആവിഷ്കാരമാണ് നാടകങ്ങളിലൂടെ അനുഭവവേദ്യമാകേണ്ടതെന്ന് അവാർഡുദാനസമ്മേളനം ഉദ്ഘാടനം ചെയ്തു മാധ്യമക്കമ്മീഷൻ ചെയർമാൻ ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ അഭിപ്രായപ്പെട്ടു. പി.ഒ.സി. അസിസ്റ്റന്റ് ഡയറക്ടർ മോൺ. ഡോ. ജോർജ് കുരുക്കൂർ അധ്യക്ഷതവഹിച്ച യോഗത്തിൽ വിധികർത്താക്കളായിരുന്ന ജോൺ ടി. വേക്കൻ, ഫ്രഫ. ഡോ. തോമസ് പനക്കളം, ഫാ. ഷെയ്സ്, ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഡോ. ജോൺസൺ പുതുശേരി, മാധ്യമക്കമ്മീഷൻ സെക്രട്ടറി ഫാ. ജോളി വടക്കൻ എന്നിവർ ആശംസകളർപ്പിച്ചു. (16/11/2018)

### കെസിബിസി മതാധ്യാപക അവാർഡുകൾ പ്രഖ്യാപിച്ചു

**കൊച്ചി**: വിശ്വാസപരിശീലനരംഗത്ത് നിസ്തുലമായ സേവനങ്ങൾ നല്കിയിട്ടുള്ള മതാധ്യാപകർക്കായി കേരള കത്തോലിക്കാ മെത്രാൻ സമിതി ഏർപ്പെടുത്തിയിട്ടുള്ള 2018-ലെ അവാർഡു ജേതാക്കളെ പ്രഖ്യാപിച്ചു. അവാർഡ് ജേതാക്കൾ പാലക്കാട് രൂപതയിലെ കല്ലടിക്കോട് മേരി മാതാപള്ളി ഇടവകാംഗമായ ശ്രീ. സി.എം. മാത്യു, കൊല്ലം രൂപതയിലെ മുതുകുകളം സെന്റ് ജോസഫ് ചർച്ച് ഇടവകാംഗമായ ശ്രീ. എസ്.കെ. അലക്സ് (അ ജി. എസ്), പാറശ്ശാല രൂപതയിലെ കൊറ്റമം സെന്റ് ജോസഫ് മലങ്കര പള്ളി ഇടവകാംഗമായ ശ്രീ. എൻ. തങ്കരാജൻ എന്നിവരാണ്. കേരള സഭയിലെ മതബോധനരംഗത്ത് പ്രശംസനീയമായ സംഭാവനകൾ നല്കി കടന്നു പോയ ഫാ. മാത്യു നടയ്ക്കലിന്റെ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നടയ്ക്കൽ കുടുംബാംഗങ്ങളും കെസിബിസിയും സംയുക്തമായി ഏർപ്പെടുത്തിയതാണ് കെസിബിസി മതാധ്യാപക അവാർഡുകൾ. (26/11/2018)

### പ്രതിസന്ധികളിൽ പ്രത്യാശ കൈവിടാതെ മുന്നേറാൻ സഭയ്ക്കാകും
**ആർച്ചുബിഷപ് ഡോ. എം.സൂസൈപാക്യം**



**കെസിബിസിയുടെയും കേരള കാത്തലിക് കൗൺസിലിന്റെയും സംയുക്ത സമ്മേളനം ആർച്ചുബിഷപ് ഡോ. എം. സൂസൈപാക്യം ഉദ്ഘാടനംചെയ്യുന്നു. ഫാ. വർഗീസ് വള്ളിക്കാട്ട്, ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്, ബിഷപ് യൂഹാന്നോൻ മാർ ക്രിസോസ്റ്റോം, അഡ്വ. ജോജി ചിറയിൽ എന്നിവർ സമീപം**

**കൊച്ചി**: കേരളസഭയെ നിരവധി പ്രശ്നങ്ങൾ ഇന്ന് അലട്ടുന്നുണ്ടെങ്കിലും പ്രത്യാശ കൈവെടിയാതെ സത്യത്തിന്റെ പാതയിൽ മുന്നേറണമെന്ന് കേരള കത്തോലിക്കാ മെത്രാൻസമിതിയുടെയും കേരള കാത്തലിക് കൗൺസിലിന്റെയും സംയുക്തസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് കെസിബിസി പ്രസിഡന്റ് ആർച്ചുബിഷപ്പ് ഡോ. സൂസ പാക്യം. സഭയുടെ ശക്തി ക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവസ്നേഹമാണ്. സ്നേഹത്തിന്റെയും സത്യത്തിന്റെയും ചൈതന്യത്തിൽ ജീവിക്കാനും മറ്റുള്ളവർക്ക് സേവനം ചെയ്യാനും സഭ പ്രതിജ്ഞാബദ്ധമാണ്. ദൈവരാജ്യ സംസ്ഥാപനത്തിനായി പ്രാർഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതോടൊപ്പംതന്നെ നീതിയും സമാധാനവും സമൂഹത്തിൽ സംജാതമാകാൻ സഭ മുന്നിട്ടിറങ്ങണമെന്നും അദ്ദേഹം ആഹ്വാനംചെയ്തു. കെസിബിസിയുടെയും കേരള കത്തോലിക്കാ കൗൺസലിന്റെയും സംയുക്ത വാർഷിക പൊതുയോഗത്തിൽ കെസിബിസി വൈസ് പ്രസിഡന്റ് ബിഷപ്പ് യൂഹാന്നോൻ മാർ ക്രിസോസ്റ്റോം അധ്യക്ഷതവഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ ആർച്ചു ബിഷപ്പ് മാർ മാത്യു മൂലക്കാട്ട്, ആലുവ-മംഗലപ്പുഴ സെന്റ്ജോസഫ് പൊന്തിഫിക്കൽ സെമിനാരി റെക്ടർ റവ ഡോ. മാത്യു ഇല്ലത്തുപറമ്പിൽ, കെസിസി പ്രസിഡന്റ് അഡ്വ. ജോജി ചിറയിൽ, കെസിബിസി ഡപ്യൂട്ടി സെക്രട്ടറി ഫാ. വർഗീസ് വള്ളിക്കാട്ട് തുടങ്ങിയവർ സംസാരിച്ചു. കെസിബിസി ശീതകാല സമ്മേളനം ഡിസംബർ 6-ാം തീയതി വരെ തുടരും.

### മാനേജുമെന്റുകളും അധ്യാപകരും പ്രക്ഷോഭത്തിലേക്ക്: കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്

2016 ഡിസംബറിൽ സംസ്ഥാന സർക്കാർ കേരള വിദ്യാഭ്യാസചട്ടങ്ങളിൽ വരുത്തിയ ഭേദഗതികളും വിദ്യാഭ്യാസരംഗത്തുള്ള നയസമീപനങ്ങളും കേരളത്തിലെ എയ്ഡഡ് വിദ്യാഭ്യാസമേഖലയെ പ്രതികൂലമായി ബാധിക്കുകയാണ്.

കേരള വിദ്യാഭ്യാസചട്ടങ്ങളിലെ പുതിയ ഭേദഗതികൾ പ്രകാരം 1979-നു മുമ്പ് സ്ഥാപിതമായ എയ്ഡഡ് വിദ്യാലയങ്ങളിലെ അധിക തസ്തികകളിൽ 50% നിയമനങ്ങളും 1979-ന് ശേഷം സ്ഥാപിതമായ വിദ്യാലയങ്ങളിലെ 100% നിയമനങ്ങളും സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. വിവിധ കോർപ്പറേറ്റ് മാനേജുമെന്റുകൾ, അധികം വരുന്ന തങ്ങളുടെ അദ്ധ്യാപകരെ അതേ മാനേജുമെന്റിനു കീഴിലുള്ള മറ്റു വിദ്യാലയങ്ങളിലേക്ക് മാറ്റി നിയമിക്കുകയാണ്. ഇത് മൂലം സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല. സർക്കാരിന്റെ പുതിയ നിയന്ത്രണങ്ങൾ ഭരണഘടനയുടെ 30(1) അനുച്ഛേദമനുസരിച്ചുള്ള മത-ഭാഷാ-ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ അവകാശങ്ങളുടെ ധ്വംസനമാണ്. ഇക്കാര്യം നിരവധി തവണ നിവേദനങ്ങളിലൂടെ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുള്ളതുമാണ്. ഇതു മൂലം 2016-17 മുതൽ നിയമിതരായിട്ടുള്ള ആയിരക്കണക്കിന് അദ്ധ്യാപകരുടെ നിയമനങ്ങൾ തടസ്സപ്പെടുത്തിയിരിക്കുന്നു. അതുപോലെ ശമ്പളം വാങ്ങിക്കൊണ്ടിരുന്ന അദ്ധ്യാപകരുടെ സ്ഥലം മാറ്റം അംഗീകരിക്കാതെ ശമ്പളം തടഞ്ഞിരിക്കുന്നു.

ഹയർസെക്കൻഡറി മേഖലയിൽ 2014-15 വർഷം അനുവദിച്ചിട്ടുള്ള ബാച്ചുകളിൽ തസ്തിക നിർണ്ണയം ഇനിയും നടത്തിയിട്ടില്ല. ഇതുമൂലം കഴിഞ്ഞ അഞ്ചു വർഷങ്ങളായി സ്ഥിരം അദ്ധ്യാപകരെ നിയമിച്ചിട്ടില്ല.

താത്കാലിക അദ്ധ്യാപകർക്ക് ശമ്പളം കിട്ടുന്നില്ല. ഇത് മനുഷ്യാവകാശങ്ങളുടെ ലംഘനമാണ്. ഹയർസെക്കൻഡറി-ഹൈസ്കൂൾ ഏകീകരണ നീക്കത്തിൽ നിന്ന് സർക്കാർ പിന്മാറണം.

വിദ്യാഭ്യാസമേഖലയിലെ ഈ കേന്ദ്രീകരണ നടപടി വിദ്യാഭ്യാസ ഗുണമേന്മ ഉറപ്പു വരുത്തുക എന്ന ആശയത്തിന് വിരുദ്ധമാണ്.

ഹ്രസ്വകാല അവധി ഒഴിവുകളിലെ സർവ്വീസുകൾ 01-04-2016 മുതൽ പെൻഷന് പരിഗണിക്കില്ലെന്ന് സർക്കാർ ഉത്തരവ് 1968 മുതൽ നിലനിന്നിരുന്ന ആനുകൂല്യങ്ങളുടെ നിഷേധമാണ്. ഈ തീരുമാനം നീതിനിഷേധമാണ്. ഇക്കാര്യങ്ങൾ സർക്കാരിന്റെയും പൊതു സമൂഹത്തിന്റെയും ശ്രദ്ധയിൽ കൊണ്ടുവരാൻ കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ മനുഷ്യവകാശദിനമായ ഡിസംബർ 10-ാം തിയതി എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾക്കു മുമ്പിൽ ധർണ നടത്തുകയാണ്. അടുത്ത ഘട്ടമായി ജനുവരി മൂന്നാം വാരത്തിൽ ആയിരക്കണക്കിന് അദ്ധ്യാപകും മാനേജർമാരും സെക്രട്ടറിയേറ്റിലേക്ക് മാർച്ച് നടത്തും. മാർ ആൻഡ്രൂസ് താഴത്ത്, കെസിബിസി വിദ്യാഭ്യസ കമ്മീഷൻ ചെയർമാൻ, ഫാ. ജോസ് കരിവേലിക്കൽ, കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി, ശ്രീ. സാലു പതാലിൽ, പ്രസിഡന്റ്, കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്, ശ്രീ. ജോഷി വടക്കൻ, സെക്രട്ടറി, കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്, ശ്രീ. ജോസ് ആന്റണി, ട്രഷറർ, കാത്തലിക് ടീച്ചേഴ്സ് എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

## വാർത്തകൾ.... വാർത്തകൾ.... വാർത്തകൾ.... വാർത്തകൾ....

### പ്രളയനഷ്ടം 31.000 കോടി: യുഎൻ പഠനറിപ്പോർട്ട്

പ്രളയംമൂലം കേരളത്തിന് 31000 കോടി രൂപയുടെ നഷ്ടമുണ്ടായെന്ന് ഐക്യരാഷ്ട്ര സംഘടന(യുഎൻ) നടത്തിയ പഠന റിപ്പോർട്ട്. എല്ലാ പ്രാഥമിക മേഖലകളിലേയും നഷ്ടം കണക്കാക്കിയാൽ അതു സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ മൂന്നിലൊന്നു വരും. യു.എൻ സംഘത്തിന്റെ പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസസ്മെന്റ് (പിഡിഎൻഎ)റിപ്പോർട്ട് ഡൽഹിയിലെ യു.എൻ റെസിഡന്റ് കോഓർഡിനേറ്റർ യൂറി അഫാനിസീവ് മുഖ്യമന്ത്രി പിണറായി വിജയനു സമർപ്പിച്ചു. പ്രളയം മൂലം 14 ലക്ഷത്തോളം പേരെയാണ് മാറ്റിപ്പാർപ്പിക്കേണ്ടി വന്നത്. ഇവരുടെ ജീവിതത്തെ പ്രളയം സാരമായി ബാധിച്ചു. ജനസംഖ്യയുടെ 20 ശതമാനത്തോളം പേർക്കുള്ള ശുദ്ധജലവിതരണം തകരാറിലായി. മൂന്നു ലക്ഷത്തിലേറെ കിണറുകൾ നശിക്കുകയോ മലിനമാകുകയോ ചെയ്തു. 1,74,500 കെട്ടിടങ്ങൾ പൂർണമായോ ഭാഗികമായോ തകർന്നു. നവകേരളം നിർമിക്കുന്നതിനു നാലു ഘട്ടങ്ങളുള്ള നയസംബന്ധമായ ചട്ടക്കൂട് യുഎൻ മുന്നോട്ടു വച്ചു. സംയോജിത ജലവിഭവ മാനേജ്മെന്റ്, പ്രകൃതി സൗഹൃദ ഭൂനിയോഗം, ജനകേന്ദ്രീകൃത സമീപനം, നൂതനസാങ്കേതികവിദ്യ എന്നിവയാണ് ഈ നാലു ഘടകങ്ങൾ. പ്രകൃതിസൗഹൃദവും ദുരന്തങ്ങളെ അതിജീവിക്കാൻ ശേഷിയുള്ളതുമായ പുനർനിർമാണത്തിനുളള നിർദേശങ്ങളും യുഎൻ മുന്നോട്ടുവച്ചു. **(ദീപിക, 27/10/2018)**

### ഹാഷിംപുര കൂട്ടക്കുരുതി: 16 പൊലീസുകാർക്ക് ജീവപര്യന്തം

**ന്യൂഡൽഹി:** മൂന്നു പതിറ്റാണ്ട് മുമ്പ് രാജ്യത്തെ പിടിച്ചുലച്ച ഹാഷിംപുര കുട്ടക്കുരുതിയിൽ പ്രതികളായ 16 പോലീസുകാരെ ഡൽഹി ഹൈക്കോടതി ജീവപര്യന്തം തടവിന് ശിക്ഷിച്ചു. ന്യൂനപക്ഷ സമുദായത്തിലെ വ്യക്തികളെ ലക്ഷ്യമിട്ട് നടത്തിയ കൂട്ടക്കൊലയാണ് ഹാഷിംപുരയിലേതെന്ന് ഹൈക്കോടതി വിധിയിൽ വ്യക്തമാക്കി. എല്ലാ പ്രതികളെയും വെറുതെവിട്ട വിചാരണ കോടതി വിധി റദ്ദാക്കിയാണ് ജസ്റ്റിസുമാരായ എസ്. മുരളീധരൻ, വിനോദ് ഗോയൽ എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചിന്റെ വിധി. 1987 മേയിൽ മീറത്തിലുണ്ടായ കലാപത്തെ തുടർന്ന് പി.എ.സി ബറ്റാലിയന്റെ സി കമ്പനി ഹാഷിംപുരയിൽ നടത്തിയ മൃഗീയമായ കൂട്ടക്കൊലയാണ് കേസിന് ആധാരം.

വർഗീയതയ്ക്ക് കുപ്രസിദ്ധരായ പൊലീസ് സേനയായ ഉത്തർപ്രദേശിലെ പി.എ.സി നടത്തിയ ഹാഷിംപുര കൂട്ടക്കൊലയിലെ ഇരകൾക്ക് നിയമപോരാട്ടം നടത്തി നഷ്ടപരിഹാരവും പ്രതികൾക്ക് ശിക്ഷയും വാങ്ങിക്കൊടുക്കാൻ മലയാളിയായ ഡൽഹിയിലെ പ്രമുഖ അഭിഭാഷക റബേക്ക മാമ്മൻ ജോണും ദേശീയ മനുഷ്യാവകാശ കമ്മീഷനു വേണ്ടി പ്രമുഖ സുപ്രീം കോടതി അഭിഭാഷക വൃന്ദ ഗ്രോവറുമാണ് കോടതിയിൽ ഹാജരായത്. **(മാധ്യമം, 1/11/2018)**

### സാമൂഹിക മാധ്യമങ്ങളിൽ 'മരണ'പ്പേജുകൾ

കൗമാരപ്രായക്കാരെ ആത്മഹത്യയിലേക്ക് തള്ളിവിട്ട് സാമൂഹികമാധ്യമങ്ങളിലെ 'മരണപ്പേജുകൾ'. സുഹൃത്തുക്കളായ രണ്ട് ആൺകുട്ടികൾ വയനാട്ടിൽ ആത്മഹത്യചെയ്തത്. ഇത്തരം കൂട്ടായ്മകളുടെ പ്രേരണമൂലമാണെന്നാണ് നിഗമനം. ഇത്തരം കൂട്ടായ്മകളാൽ സ്വാധീനിക്കപ്പെട്ടെന്ന് കരുതുന്ന 13 കുട്ടികൾ നിരീക്ഷണത്തിലാണ്. **മരണത്തിലേക്ക് നയിക്കുന്ന പാട്ട്:** ആത്മഹത്യാ പ്രേരണാഗാനമായി കരുതപ്പെടുന്ന 'ഗ്ലൂമി സൺഡേ' തുടങ്ങിയ ഗാനങ്ങൾ ജീവനൊടുക്കിയ രണ്ടുകുട്ടി കളും പിന്തുടർന്നതായി ഇവരുടെ പോസ്റ്റുകളിൽ സൂചനയുണ്ട്. **യാത്രകളെക്കുറിച്ചും അന്വേഷണം:**കുട്ടികളിൽ പലരും നിരന്തരം വയനാടിനു പുറത്തേക്കു നടത്തിയിരുന്ന യാത്രകളെക്കുറിച്ചു അന്വേഷിക്കുന്നുണ്ട്. വയനാട്ടിൽ അടുത്തിടെ കൗമാരക്കാർ ഉൾപ്പെട്ട ബൈക്കപകടങ്ങളും ആത്മഹത്യാശ്രമമാണെന്ന സംശയവും ഇതോടെ ഉയർന്നുതുടങ്ങിയിട്ടുണ്ട്. **പിന്തുടരുന്നത് വിചിത്രവഴികൾ:** വിചിത്രമായ രീതികളിലാണ് കുട്ടികളുടെ പെരുമാറ്റവും മരണവുമെന്നാണ് ലഭിക്കുന്ന സൂചന. 17 വയസ്സുകാരാണ് ഈ ഗ്രൂപ്പുകളിലുള്ള കുട്ടികൾ അധികവും. ജീവനൊടുക്കുംമുമ്പ് ഇവർക്കു കൂട്ടുകാർ വിരുന്ന് നല്കിയിരുന്നു. നിരാശയാണ് ഇവരുടെ പൊതുവികാരം. ജീവിതവിരക്തിയും മരണത്തോടുള്ള പ്രണയവും ദൈവത്തെക്കാൾ സാത്താന് പ്രാമുഖ്യം നല്കുന്നതരത്തിലുള്ള പോസ്റ്റുകളും ഇവർ പിന്തുടരുന്ന പേജുകളിലുണ്ട്. **നിയമനടപടി വേണം:** ബ്ലൂവെയിൽ ഗെയിം പോലുള്ളവയിൽനിന്ന് ഊർജമുൾക്കൊണ്ടാണ് ഇത്തരം കാര്യങ്ങൾ ഉണ്ടാവുന്നത്. ബ്ലൂവെയിൽ ഗെയിംപോലുള്ള പലതരം ഗെയിമുകൾ ലോകത്തിന്റെ പല ഭാഗങ്ങളിലും വരുന്നുണ്ട്. അതിന്റെ ചെറിയ പതിപ്പാണ് വയനാട്ടിലുണ്ടായതെന്ന് കരുതാം. ഇത് സാമൂഹിക മാധ്യമങ്ങളുടെ ക്രിമിനൽ ദുരുപയോഗമാണ്. എ.പി.സി., ഐ.ടി. ആക്ട് എന്നിവ പ്രകാരം ശക്തമായി കേസെടുക്കണം. **(മാതൃഭൂമി, 4/11/2018)**

### പ്രതിമകളും രാഷ്ട്രനിർമാണവും



2989 കോടി രൂപ മുതൽമുടക്കി സർദാർ വല്ലഭായി പട്ടേലിന്റെ കൂററൻ പ്രതിമ സർക്കാർ സ്ഥാപിച്ചത് ഏതാനും ദിവസങ്ങൾക്ക് മുമ്പാണ്. അയോദ്ധ്യയിൽ ശ്രീരാമന്റെ പ്രതിമ സ്ഥാപിക്കാൻ കോർപറേറ്റുകൾ, അവരുടെ സാമൂഹിക ഉത്തരവാദിത്തമായി (Corporate Social Responsibility) കണ്ട് 330 കോടി രൂപ

സംഭാവനയായി നല്കണമെന്ന് യു.പി. മുഖ്യമന്ത്രി ആദിത്യനാഥ് ആവശ്യപ്പെട്ടത് മറ്റൊരു പ്രതിമ നിർമാണത്തിന്റെ സാധ്യതയ്ക്ക് വഴിയൊരുക്കുന്നു.

ഇന്ത്യയിൽ പ്രതിമകൾ സ്ഥാപിക്കുന്നത് ഇതാദ്യമാണെന്നല്ല പറഞ്ഞുവരുന്നത്. ഇതിന് മുമ്പും ആയിരക്കണക്കിന് പ്രതിമൾ രാജ്യത്തെമ്പാടും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോഴത്തെ പ്രതിമാനിർമാണത്തിന്റെ പ്രത്യേകത, വൻ മുതൽമുടക്കുള്ള മത്സരമായി അത് മാറിയിരിക്കുന്നു എന്നതാണ്. ഇക്കാര്യത്തിൽ നാം മറ്റു രാജ്യങ്ങളുമായി മത്സരത്തിൽ ഏർപ്പെട്ടിരിക്കുന്നതു പോലെ തോന്നുന്നു. ലോകത്തെ ഏറ്റവും വലിയ പ്രതിമയാണല്ലോ സർദാർ പട്ടേലിന്റേത് (182 മീറ്റർ), തൊട്ടടുത്ത പ്രതിമയെക്കാൾ (ചൈനയിലെ ബുദ്ധപ്രതിമ) 29 മീറ്റർ കൂടുതൽ ഉയരം. വൻസാമ്പത്തിക ശക്തിയായി ഇന്ത്യക്ക് മാറാനായില്ലെങ്കിലും വൻ പ്രതിമശക്തിയായി മാറാനായെന്നതിൽ നമുക്ക് സന്തോഷിക്കാം.

ഇതിന്റെ പിന്നിലെ രാഷ്ട്രീയം വളരെ ലളിതമാണ്. ചരിത്രം ഇല്ലാത്തൊരു രാഷ്ട്രീയ പ്രസ്ഥാനം ചരിത്രത്തിൽ ഇടംതേടാൻ ശ്രമിക്കുകയാണ്. ഇതിലേക്കുള്ള ഒരു മാർഗം, ചരിത്രപുരുഷന്മാരെ സ്വന്തമാക്കുകയാണ്. 2016ൽ ശ്രീനാരായണ ഗുരുവിനെ ഹിന്ദുസന്യാസി എന്നും അംബേദ്കറെ ദേശീയ ഹിന്ദു എന്നും വിശേഷിപ്പിച്ചത് ഇതിന്റെ ആദ്യ ചുവടുവെപ്പായിരുന്നു. ഇപ്പോൾ നോട്ടമിട്ടിരിക്കുന്നത് സുഭാഷ്ചന്ദ്ര ബോസിനെയും സർദാർ പട്ടേലിനെയുമാണ്.

വല്ലഭായിപട്ടേലിന്റെ പ്രതിമയെ ഏകതാ പ്രതിമ എന്നാണ് പ്രധാനമന്ത്രി വിശേഷിപ്പിച്ചത്. രാജ്യത്തിന്റെ ഐക്യത്തിന്റെയും അഖണ്ഡതയുടെയും പ്രതീകം. കേവലം ഒരു പ്രതിമ കൊണ്ട് നേടാനാവുന്നതാണോ ഐക്യം. സർദാർ പട്ടേൽ നമുക്ക് ഏക ഭാരതം നല്കിയെന്നും അതിനെ നമുക്ക് ശ്രേഷ്ഠ ഭാരതമാക്കാമെന്നും പറഞ്ഞു കൊണ്ടാണ് പ്രധാനമന്ത്രി മോദി ഈ പ്രതിമ അനാഛാദനം ചെയ്തത്. പ്രതിമ സ്ഥാപിക്കുന്നതുകൊണ്ടുമാത്രം നാടിന്റെ സ്മരണാഞ്ജലി ആകുമെന്നു എല്ലാവരും കരുമെന്നു തോന്നുന്നില്ല.

സ്വാതന്ത്ര്യസമരകാലത്ത് ദേശീയതെയക്കുറിച്ചും ഇന്ത്യയെ മഥിച്ചിരുന്ന മറ്റു സമസ്യകളെക്കുറിച്ചു സജീവമായി ചർച്ചചെയ്ത മൂന്നുപേർ ഗാന്ധിജിയും ടാഗോറും അംബേദ്കറുമായിരുന്നല്ലോ, മൂന്നുപേരും മൂന്നു രീതിയിലാണ് പ്രശ്നങ്ങളെ സമീപിച്ചത്. ഗാന്ധിജി പരസ്പരവിശ്വാസത്തിനും(trust) ടാഗോർ സാർവലൗകികതക്കും അംബേദ്ക്കർ ജാതി സമ്പ്രദായം പോലെയുള്ള സ്ഥാപനങ്ങളെ ഉന്മൂലനം ചെയ്യുന്നതിനും ഊന്നൽ നല്കി. എല്ലാ അതിർവരമ്പുകൾക്കും അപ്പുറമുള്ള മനുഷ്യത്വമാണ് അഖണ്ഡതയുടെ ആധാരശില എന്ന കാര്യത്തിൽ മൂവരും യോജിക്കുന്നു എന്ന് ഇത് വെളിപ്പെടുത്തുന്നു. നിർഭാഗ്യവശാൽ ഇതിലാണ് നമ്മുടെ ഭരണകൂടം നിരന്തരം പരാജയപ്പെടുന്നതും. ഭരണകൂടം പരാജയപ്പെടുന്നിടത്ത് പ്രതിമകൾക്ക് വിജയിക്കാനാവില്ല തന്നെ. **(സുപ്രഭാതം, 5/11/2018)**

## മതവിശ്വാസങ്ങളിലേക്കുള്ള കടന്നുകയറ്റം അപകടകരം: മാർ ഇഞ്ചനാനിയിൽ

**കൊച്ചി**: മതവിശ്വാസങ്ങളിലേക്ക് അധികാരമുപയോഗിച്ചുള്ള കടന്നുകയറ്റം ഏതു ഭാഗത്തു നിന്നാണെങ്കിലും അത് ജനാധിപത്യത്തിനും മതേതരത്വത്തിനും അപകടകരമാണെന്നു ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പാലാരിവട്ടം പി.ഒ.സി.യിൽ ചേർന്ന കത്തോലിക്കാ കോൺഗ്രസ് കേന്ദ്ര സമിതിയോഗം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്. മതവിശ്വാസങ്ങളെ ബഹുമാനിക്കുവാനും മതസ്വാതന്ത്ര്യം സംരക്ഷിക്കുവാനും സർക്കാരുകൾക്ക് ബാധ്യതയുണ്ടെന്നും അദ്ദേഹം പറഞ്ഞു. വിജ്ഞാനകൈരളി എഡിറ്റോറിയലിന്റെയും ശബരിമല സംബന്ധിച്ച സമകാലീന സംഭവങ്ങളുടെയും പശ്ചാത്തലത്തിൽ സർക്കാർ സ്വീകരിക്കേണ്ട നയവും സംവിധാന ങ്ങളും പ്രതികരണങ്ങളും വിശ്വാസികളുടെ താത്പര്യം സംരക്ഷിക്കുന്ന തരത്തിലായിരിക്കണമെന്നു കേന്ദ്ര സമിതി അംഗീകരിച്ച പ്രമേയം ആവശ്യപ്പെട്ടു. **(ദീപിക, 8/11/2018)**

## ആസിയ മതതീവ്രവാദതത്തിന്റെ ഇര

പാക്കിസ്ഥാനിൽ കുറെക്കാലമായി ക്രൈസ്തവർക്കെതിരേ പലവിധത്തിലുള്ള അക്രമങ്ങൾ നടന്നുവരുന്നു. ക്രൈസ്തവ ദേവാലയങ്ങൾക്കുനേരേ നിരവധി തവണ തീവ്രവാദികൾ ആക്രമണങ്ങൾ നടത്തി. ജനസംഖ്യയിൽ 1.6 ശതമാനം മാത്രം ക്രൈസ്തവരുള്ള രാജ്യത്തു സമീപകാലത്താണു ക്രൈസ്തവപീഡനം ഇത്രയേറെ വർധിച്ചത്. മതനിന്ദാനിയമം കരുവാക്കിയാണു പലപ്പോഴും ക്രൈസ്തവരെ പീഡിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ഈ മതനിന്ദാനിയമം ലക്ഷ്യമിട്ടിരുന്നത് അഹമ്മദി വിഭാഗത്തെപ്പോലെ മുഖ്യധാരയിൽ നിന്നു വിട്ടുനില്ക്കുന്ന ഇസ്ലാമിക ഗ്രൂപ്പുകളെയാണ്. അതിപ്പോൾ തീർത്തും ന്യൂനപക്ഷവും ദുർബലരുമായ ക്രൈസ്തവർക്കെതിരേ ഉപയോഗിക്കുന്നു. കഴിഞ്ഞ മുപ്പതു വർഷത്തിനുള്ളിൽ മതനിന്ദാനിയമം അനുസരിച്ച് 65 പേരെയാണു വധശിക്ഷയ്ക്കു വിധേയരാക്കിയത്.




ഗ്രാമീണ സ്ത്രീകൾ തമ്മിലുള്ള വാക്കു തർക്കത്തിനിടെ നബിയെ അവഹേളിച്ചുവെന്നുള്ള ഒരു സ്ത്രീയുടെ പരാതിയാണ് ആസിയയ്ക്കെതിരേയുള്ള കേസിന് ആസ്പദം. എന്നാൽ, ആരോപണത്തിനു തെളിവില്ലെന്നു കണ്ടെത്തിയ സുപ്രീംകോടതി അവരുടെ വധശിക്ഷ റദ്ദാക്കുകയും അവരെ ഉടനടി മോചിപ്പിക്കാൻ ഉത്തരവിടുകയും ചെയ്തു. സുപ്രീംകോടതി വിധിയെ ആദ്യം പ്രധാനമന്ത്രി ഇമ്രാൻ ഖാൻ സ്വാഗതം ചെയ്തെങ്കിലും പിന്നീടു നിലപാടു മാറ്റി. ആസിയയ്ക്കു വേണ്ടി കോടതിയിൽ ഹാജരായ അഭിഭാഷകൻ സൈഫ് ഉൽ മൂലുക് ജീവനു ഭീഷണി ഉണ്ടായതിനെത്തുടർന്നു രാജ്യംവിട്ടു. ആസിയയ്ക്ക് അനുകൂലമായി സംസാരിക്കുകയും മതനിന്ദാ നിയമത്തിൽ കാലാനുസൃതമായ മാറ്റം വരുത്തണമെന്നാവശ്യ പ്പെടുകയും ചെയ്ത മുൻ പാഞ്ചാബ് ഗവർണർ സൽമാൻ നസീറിനു മരണമായിരുന്നു തീവ്രവാദികളുടെ സമ്മാനം. മതനിന്ദാക്കുറ്റം ആരോപിച്ചു നാലുവർഷം മുമ്പു ലാഹോറിൽ ക്രൈസ്തവ ദമ്പതികളെ ചുട്ടുകൊന്നു. ആസിയയ്ക്കു പാക്കി സ്ഥാനിൽ തുടർജീവിതം സുരക്ഷിതമല്ലെന്ന് ഉറപ്പുള്ളതുകൊണ്ടു ചില വിദേശ രാജ്യങ്ങൾ അവർക്ക് അഭയം നല്കാൻ സന്നദ്ധമായെങ്കിലും രാജ്യം വിടാൻ അവർക്ക് അനുമതിയില്ല.

പാക്കിസ്ഥാനിൽ മാത്രമല്ല, പല പശ്ചിമേഷ്യൻ രാജ്യങ്ങളിലും മുസ്ലീം ഭൂരിപക്ഷ ആഫ്രിക്കൻ രാജ്യങ്ങളിലും ക്രൈസ്തവസമൂഹം കടുത്ത ഭീഷണിയാണു നേരിടുന്നത്. ക്രൈസ്തവ വിശ്വാസത്തിന്റെ ഈറ്റില്ലമായിരുന്ന പശ്ചിമേഷ്യൻ രാജ്യങ്ങളിൽ ക്രൈസ്തവർ കഠിന പീഡകൾക്കും വംശീയമായ തുടച്ചുനീക്കലിനും ഇരയാവുകയാണ്. **(ദീപിക, 5/11/2018)**

## രാഷ്ട്രീയായുധമായി വീണ്ടും അയോധ്യ

**ന്യൂഡൽഹി**: ലോക്സഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി അയോധ്യാ പ്രശ്നം രാഷ്ട്രീയായുധമാക്കാൻ ബി.ജെ.പിയും സംഘപരിവാർ സംഘടനകളും ഒരുങ്ങുന്നു. വികസന അജൻഡയ്ക്കൊപ്പം തീവ്രഹിന്ദുത്വ മുദ്രാവാക്യങ്ങളും ഉയർത്തുകയെന്ന തന്ത്രമായിരിക്കും ബി.ജെ.പി ഇക്കുറി പ്രയോഗിക്കുക. അയോധ്യയിൽ രാമക്ഷേത്രം നിർമിക്കാൻ നിയമനിർമാണം നടത്തണമെന്ന് ആർ.എസ്.എസിന് പിന്നാലെ സന്ന്യാസിമാരുടെ സമ്മേളനവും ആവശ്യപ്പെട്ടത് ഈ നീക്കത്തിന്റെ ഭാഗമായാണ്. സർവവികാസത്തിന്റേയും പ്രതീകമാണ് ശ്രീരാമനെന്നും രാമനുവേണ്ടിയുള്ള സ്വപ്നം അയോധ്യയിൽ ഉടനെ സാക്ഷാത്കരിക്കുമെന്നും ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് പറഞ്ഞു. **(മാതൃഭൂമി, 5/11/2018)**

## ആയുഷ്മാൻ ഭാരതിലെ അമ്മമാർ

ലോകത്തെ ഏറ്റവും ആധികാരിക മെഡിക്കൽ ജേണലുകളിലൊന്നായ 'ദ ലാൻസെറ്റ്' അടുത്തിടെ പുറത്തുവിട്ട ഒരു റിപ്പോർട്ട് ഇന്ത്യയുടെ ആരോഗ്യ അടിയന്തരാവസ്ഥ കൃത്യമായി തുറന്നു കാണിക്കുന്നുണ്ട്. പ്രതിവർഷം 24 ലക്ഷം പേർ മതിയായ ചികിത്സ ലഭിക്കാതെ മരിക്കുന്നുവെന്നാണ് റിപ്പോർട്ടിൽ പറയുന്നത്; ഇതിൽ 16 ലക്ഷം പേരുടെയും ജീവനെടുത്തത് ദുർബലമായ ചികിത്സാസംവിധാനമാണെത്രെ. 136 രാജ്യങ്ങളിൽ നടത്തിയ പഠനത്തിൽ, ഇന്ത്യയുടെ ആരോഗ്യമേഖലയുടെ വർത്തമാനം അത്യധികം പരിതാപകരമാണെന്നും 'ലാൻസെറ്റ്' വ്യക്തമാക്കുന്നു. കഴിഞ്ഞ 15 വർഷത്തിനിടെ, 3.8 ലക്ഷം ആളുകൾ ചികിത്സയ്ക്ക് പണമില്ലാത്തതുമൂലം ആത്മഹത്യയിൽ ആഭയംതേടിയെന്ന നാഷനൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ടുകൂടി ചേർത്തുവായിക്കുമ്പോൾ, രാജ്യം നേരിടുന്ന ആരോഗ്യപ്രതിസന്ധിയുടെ കാരണങ്ങൾ ഏറെക്കുറെ വ്യക്തമാകും. മൂന്നര പതിറ്റാണ്ടിനിടെ, ദേശീയ പ്രതിരോധ കുത്തിവെപ്പ് പരിപാടിയിലൂടെയും മറ്റുമായി പോളിയോ, ടെറ്റനസ്, അഞ്ചാംപനി തുടങ്ങിയ രോഗങ്ങളെ ഏറെക്കുറെ നിയന്ത്രണ വിധേയമാക്കിയെങ്കിലും മലേറിയ നിലനില്ക്കുന്നുണ്ട്. ഇതിനു പുറമെ ഹൃദ്രോഗം, അർബുദം, പ്രമേഹം, തുടങ്ങിയ രോഗങ്ങൾ മുൻകാലങ്ങളിലേതിനേക്കാൾ കൂടുതൽ മനുഷ്യജീവനെടുക്കുന്നു. സമഗ്രമായ ആരോഗ്യനയം പ്രഖ്യാപിച്ച് നടപ്പാക്കാത്തതൊന്നു മാത്രമാണ് ഈ പ്രതിസന്ധിയുടെ അടിസ്ഥാനകാരണം. **(മാധ്യമം, 6/11/2018)**

## കർഷകർക്കു കിട്ടേണ്ടതു കോർപറേറ്റുകളുടെ കീശയിൽ

കാർഷികമേഖലയ്ക്കു സർക്കാർ വാഗ്ദാനം ചെയ്യുന്ന ആനുകൂല്യങ്ങളുടെ എത്രയോ ചെറിയ അംശമാണു യഥാർഥത്തിൽ കർഷകരുടെ കൈയിലെത്തുന്നത് എന്ന വസ്തുത അനേകം തവണ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതാണ്. കേന്ദ്ര സർക്കാരിന്റെ അത്തരം വാഗ്ദാനങ്ങളുടെ പരമ്പരയിൽപ്പെട്ടതാണു വിള ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്നു കർഷകരുടെയും സർക്കാരിന്റെയും പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ഈ പദ്ധതി. നരേന്ദ്ര മോദി സർക്കാരിന്റെ അഭിമാനപദ്ധതികളിൽ ഒന്നാണ്. എന്നാൽ ഈ പദ്ധതിയുടെ യഥാർഥ ഗുണഭോക്താക്കൾ കർഷകരല്ലെന്നും ഇൻഷ്വറൻസ് കമ്പനികളെ നിയന്ത്രിക്കുന്ന വൻകിടകോർപറേറ്റുകളാണെന്നും പറയുന്നത് മറ്റാരുമല്ല. മഗ്സസെ അവാർഡ് ജേതാവും പ്രശസ്ത കാർഷിക മാധ്യമപ്രവർത്തകനുമായ പി.സായ്നാഥാണ്. കാർഷികമേഖലയുമായി ബന്ധപ്പെട്ട സുപ്രധാനമായ പല റിപ്പോർട്ടുകളും തയാറാക്കിയിട്ടുള്ള സായ്നാഥ് മാധ്യമ പ്രവർത്തകനെന്നപോലെ കാർഷികാവകാശ പ്രവർത്തകനുമാണ്. 'രാജ്യത്തെ കാർഷികമേഖല നേരിടുന്ന പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും' എന്ന വിഷയത്തെക്കുറിച്ചും മുംബൈയിൽ കിസാൻ സ്വരാജ് സമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധത്തിലാണ് വിള ഇൻഷ്വറൻസിന്റെ കാര്യം സായ്നാഥ് ചൂണ്ടിക്കാട്ടിയത്. വിള ഇൻഷ്വറൻസ് ഏജൻസികളായി തെരഞ്ഞെടുക്കപ്പെട്ട വൻകിട കോർപറേറ്റ് കമ്പനികളായി റിലയൻസും എസാറും ഈ പദ്ധതിയിലൂടെ ഭീമമായ ലാഭമുണ്ടാക്കിയതായി സായ്നാഥ് ചൂണ്ടിക്കാട്ടുന്നു. **(ദീപിക, 13/11/2018)**

## ആനി തയ്യലിന്റെ ജന്മശതാബ്ദി

**തൃശൂർ**: അരനൂറ്റാണ്ടുകാലം കേരളത്തിന്റെ മത-രാഷ്ട്രീയ-സാഹിത്യ മണ്ഡലത്തിൽ നിറഞ്ഞു നിന്ന ശ്രീമതി ആനി തയ്യലിന്റെ ജന്മശതാബ്ദി നവംബർ 10-ാം തീയതിയായിരുന്നു. പൊതുപ്രവർത്തനം സമ്പൂർണമായ ജീവിത സമർപ്പണമാണെന്ന ബോധ്യം ഹൃദയത്തിലേറ്റിയ മഹദ്വ്യക്തിയായിരുന്നു ആനി തയ്യിൽ. അഭിഭാഷക, കൊച്ചി-തിരുകൊച്ചി നിയമാസഭാംഗം, മികച്ച എഴുത്തുകാരി, പത്രാധിപ, പ്രഭാഷക, സാമുദായിക സാഹിത്യ - സാംസ്ക്കാരിക നേതാവ്, ദേശീയ ന്യൂനപക്ഷ കമ്മീഷൻ അംഗം തുടങ്ങിയ നിലകളിൽ കേരളം മുഴുവൻ അറിയപ്പെട്ടിരുന്ന അസാമാന്യ പ്രതിഭയായിരുന്നു ആനി തയ്യിൽ.

തൃശൂർ ജില്ലയിലെ ചെങ്ങല്ലൂർ ഗ്രാമത്തിൽ 1918 നവംബർ 10-ന് മാളേക്കൽ ജോസഫിന്റെയും മേരിയുടെയും മകളായി ജനിച്ചു. ബിരുദ പഠനത്തിനുശേഷം തിരുവതാംകൂർ സർക്കാർ സർവീസിൽ ജോലികിട്ടിയെങ്കിലും 1945-ൽ ജോലി രാജിവെച്ച് കൊച്ചി നിയമസഭയിലേക്ക് പ്രജാമണ്ഡലം സ്ഥാനാർത്ഥിയായി തൃശൂരിൽ നിന്നും മത്സരിച്ചു ജയിച്ചു. തുടർന്ന് ഒരു തവണ കൂടി കൊച്ചി നിയമസഭയിലും പിന്നീട് തിരുകൊച്ചി നിയമസഭയിലും അംഗമായി. കുറെ കാലം എറണാകുളത്ത് സ്കോളർ പ്രസ് എന്ന പ്രസിദ്ധീകരണശാല നടത്തി. വിമോചന സമരത്തിൽ മുന്നണി പോരാളിയായി. ഇതിനിടെ മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എൽ. ബിരുദമെടുത്ത് എറണാകുളത്ത് അഭിഭാഷകയായി. പത്രപ്രവർത്തകനായ കുര്യൻ തയ്യിലിനെ വിവാഹം ചെയ്തു. പ്രജാമിത്രം, വനിത പ്രസിദ്ധീകരണങ്ങളുടെ പത്രാധിപരായിരുന്നിട്ടുണ്ട്. 1983-85 കാലത്ത് ദേശീയ ന്യൂനപക്ഷ കമ്മീഷൻ അംഗമായി സേവനമനുഷ്ഠിച്ചു. കേരളത്തിലെ ദിനപത്രങ്ങളിലും ആനുകാലികങ്ങളിലും സ്ഥിരമായി എഴുതിയിരുന്നു. പൊതുവായ രചനകൾക്ക് പുറമെ വിശുദ്ധരെപ്പറ്റിയുള്ള നിരവധി പുസ്തകങ്ങളും ബൈബിൾ സംബന്ധമായ നിരവധി കൃതികളും ആനി തയ്യലിന്റെ തൂലികയിൽ നിന്ന് പിറവിയെടുത്തു. 1993 ഒക്ടോബർ 21-ന് നിത്യാതയായി.

# വാർത്തകൾ.... വാർത്തകൾ.... വാർത്തകൾ.... വാർത്തകൾ....

## കടൽറൺവേ പദ്ധതി ഉപേക്ഷിക്കണം ആർച്ചുബിഷപ് ഡോ. സൂസൈപാക്യം

**തിരുവന്തപുരം**: തിരുവനന്തപുരം വിമാനത്താവളത്തോടു ചേർന്നു ശംഖുമുഖം തീരത്തിനു സമാന്തരമായി കടൽറൺവേ നിർമിക്കാനുള്ള പദ്ധതി ഉപേക്ഷിക്കണമെന്ന് കെ.ആർ.എൽ.സി.സി. പ്രസിഡന്റും തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ചുബിഷപ്പുമായ ഡോ. എം. സൂസൈപാക്യം. നിർദിഷ്ട കടൽറൺവേ പദ്ധതി കടലിന്റെയും തീരത്തിന്റേയും പാരിസ്ഥിതിക ആവാസ വ്യവസ്ഥയ്ക്കു ദൂരവ്യാപകമായ വിപത്തുകൾ വരുത്തിവയ്ക്കും. കടലും കടലോരവും വൻകിട പദ്ധതികൾക്ക് തീറെഴുതി നല്കാനുള്ള ഗൂഢനീക്കത്തിന്റെ ഭാഗമായി മാത്രമേ ഈ പദ്ധതിയെ കാണാനാകൂവെന്നു ബിഷപ്സ് ഹൗസിൽ നടത്തിയ പത്രസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

പ്രകൃതിദത്തമായ വിഴിഞ്ഞം തുറമുഖത്തെ സ്വകാര്യ കുത്തകയ്ക്കു നല്കിയതുപോലെ തിരവനന്തപുരം വിമാനത്താവളവും ശംഖുമുഖം തീരവും കടലും വൻകിട കുത്തകകൾക്കു നല്കി. മത്സ്യത്തൊഴിലാളികളെ അവിടെനിന്ന് കുടിയൊഴിപ്പിക്കുകയെന്ന ഗൂഢലക്ഷ്യമാണ് പദ്ധതികൾക്കു പിന്നിലുള്ളതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

## ഭരണഘടനാസംരക്ഷണത്തിനായി ആയിരങ്ങൾ ഒത്തുചേർന്നു

**തിരുവനന്തപുരം**: ഭരണഘടന സംരക്ഷിക്കുക എന്ന മുദ്രാവാക്യമുയർത്തി സമൂഹത്തിന്റെ വിവിധ മേഖലയിലുള്ളവർ ഒത്തുചേർന്നു. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ഇന്നലെ രാവിലെ മുതൽ ഭരണഘടനയുടെയും ജനാധിപത്യത്തിന്റെയും ആഘോഷത്തിലേക്ക് ആയിരങ്ങളാണ് ഒഴുകിയെത്തിയത്. ആരും പറയാതെ പറഞ്ഞറിഞ്ഞുവന്നവരായിരുന്നു ഏറെയും. മജന്ത നിറത്തിലുള്ള ബലൂണുകൾ, റിബണുകൾ എന്നിവ കൈകളിലേന്തിയും അതേനിറത്തിലുള്ള വസ്ത്രങ്ങളണിഞ്ഞുമാണ് അവരെത്തിയത്. സംഗമത്തിൽ ഭരണഘടന സംരക്ഷണ പ്രതിജ്ഞ ചൊല്ലി ജനങ്ങൾ മജന്ത നിറമുള്ള ബലൂൺ കയ്യിൽ ബന്ധിച്ച് ആകാശത്തേക്ക് ഉയർത്തിപ്പിടിച്ചു. ഭരണഘടനയുടെ ആമുഖം ഉറക്കെച്ചൊല്ലി. രാഷ്ട്രീയ - സാംസ്ക്കാരിക - സാമൂഹ്യ രംഗത്തെ പ്രമുഖർ ഇതിന്റെ ഭാഗമായി 'ഞങ്ങൾ ഭരണഘടനയാക്കൊപ്പം' (വി ദ പീപ്പിൾ വിത്ത് ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷൻ) എന്ന സംഗമവേദി കേരളത്തെ ഭിന്നിപ്പിക്കുന്നവർക്കൊരു താക്കീതായി.

ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധിക്കെതിരേ ഒരു വിഭാഗം നടത്തുന്ന പ്രതിഷേധത്തിലെതിരേയാണ് സംഗമം സംഘടിപ്പിച്ചത്. **(ജനയുഗം, 14/11/2018)**

## സർഫാസി നിയമത്തിൽ ഭേദഗതി വരുത്തണം

സർഫാസി (സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് ഫിനാൻഷ്യൽ സെക്യൂരിറ്റി ഇന്ററസ്റ്റ്) നിയമത്തിന്റെ നീരാളിക്കൈകൾ കേരളത്തിന്റെ സാമൂഹിക ജീവിതത്തെ വരിഞ്ഞുമുറുക്കാൻ പോവുകയാണ്.

2002-ൽ കേന്ദ്ര സർക്കാർ സർഫാസി നിയമം കൊണ്ടുവന്നെങ്കിലും കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിലാണ് ബാങ്കുകൾ നടപടി ശക്തമാക്കിയത്. സാധാരണക്കാരുടെ ജീവിതത്തെ അപകടകരമായ നിലയിൽ ബാധിക്കുന്ന പ്രസ്തുത നിയമം നടപ്പായി ഇത്രയും വർഷം കഴിഞ്ഞെങ്കിലും പൊതുസമൂഹത്തിന്റെ ശ്രദ്ധയാകർഷിക്കുന്ന തരത്തിൽ വലിയ ചർച്ചകളൊന്നും ഉണ്ടായില്ല. അതുകൊണ്ടു തന്നെ ഇപ്പോൾ നടപടി നേരിടുന്നവർക്കൊന്നും വായ്പയെടുത്തപ്പോൾ ഈ നിയമത്തിന്റെ കെണികളെക്കുറിച്ച് അറിയില്ലായിരുന്നു.

പതിനായിരക്കണക്കിനാളുകൾ സർഫാസി നിയമപ്രകാരം കുടിയിറക്കുഭീഷണി നേരിടുകയാണ്. കേന്ദ്രനിയമമായതിനാൽ സംസ്ഥാന സർക്കാരിനും ബാങ്കുകൾക്കും പരിമിതികളുണ്ട്. അതിനാൽ നിയമത്തിൽ ജനങ്ങൾക്കനുകൂലമായ ഭേദഗതികൾ വരുത്തണമെന്നാവശ്യപ്പെട്ട് സമ്മർദം ചെലുത്താൻ സംസ്ഥാനസർക്കാരും ജനപ്രതിനിധികളും തയ്യാറാവേണ്ടതുണ്ട്. **(മാതൃഭൂമി, 16/11/2018)**

## MEDIA MUST SERVE PEOPLE, NOT THE POWERFUL: PRNAB MUKHERJEE

Calling upon the media to stay away from partisan agendas, former President Pranab Mukherjee on Sunday said the fourth estate of democracy must be a watchdog, gatekeeper and mediator between the powerful and the public, Mukherjee was speaking on the role of the media in Indian democracy while launching the masthead of the *The Morning Standard*, Delhi's newest daily newspaper by The New Indian Express group. **(Indian Express, 19/11/2018)**

## നോട്ട്നിരോധനം കർഷകർക്ക് ദുരന്തം: കേന്ദ്ര കൃഷിമന്ത്രാലയം

**ന്യൂഡൽഹി**: ഉയർന്ന മൂല്യമുള്ള നോട്ടുകൾ നിരോധിച്ചത് രാജ്യത്തെ ലക്ഷക്കണക്കിനു കർഷകരെ തീരാദുരിതത്തിലാഴ്ത്തിയെന്ന് കേന്ദ്ര കൃഷിമന്ത്രാലയം. സാമ്പത്തികകാര്യങ്ങൾക്കുള്ള പാർലമെന്ററി സമിതിക്കു നല്കിയ റിപോർട്ടിലാണ് കേന്ദ്ര സർക്കാരിന്റെ നോട്ട്നിരോധനത്തെ കുറ്റപ്പെടുത്തി കൃഷിവകുപ്പു തന്നെ രംഗത്തെത്തിയിരിക്കുന്നത്. നോട്ടുനിരോധനത്തെ പ്രകീർത്തിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി മധ്യപ്രദേശിലെ ജാബുവയിൽ പ്രസംഗിച്ച അതേദിവസം തന്നെയാണ് കേന്ദ്ര കൃഷിമന്ത്രാലയം നിരോധനത്തെ രൂക്ഷമായി വിമർശിച്ച് റിപ്പോർട്ട് നല്കിയിരിക്കുന്നത്. നോട്ട് നിരോധനത്തെ ഔദ്യോഗികമായി തള്ളിപ്പറഞ്ഞുകൊണ്ട് ഇതാദ്യമായാണ് കേന്ദ്രസർക്കാരിനുള്ളിൽ നിന്ന് ഒരു റിപ്പോർട്ട് പുറത്തുവരുന്നത്. നോട്ട്നിരോധനം ഏർപ്പെടുത്തിയശേഷം ലക്ഷക്കണക്കിന് കർഷകർ വിത്തും വളവും വാങ്ങാൻ നിവൃത്തിയില്ലാതെ നെട്ടോട്ട മോടിയെന്നാണ് കൃഷിമന്ത്രാലയത്തിന്റെ റിപ്പോർട്ടിൽ പറയുന്നത്. **(തേജസ്, 22/11/2018)**

## നീതി വൈകിയെത്തുമ്പോൾ

മുപ്പത്തിനാലു വർഷങ്ങൾ, സ്വതന്ത്ര്യ ഇന്ത്യയിലെ അതിഹീനമായ വംശഹത്യകളിലൊന്നിൽ സജീവമായിരുന്ന രണ്ടു കുറ്റവാളികളെ തേടി നീതിയുടെ കൈയെത്താൻ അത്രയും സമയമെടുത്തു. 1984-ലായിരുന്നു അത് നടന്നത്. പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയുടെ വധത്തെ തുടർന്നു നടന്ന സിഖുകാരുടെ കൂട്ടക്കൊല. പാപഭാരം പേറുന്ന പൊതുസമൂഹ മനഃസാക്ഷിയെ സംബന്ധിച്ചിടത്തോളം ഈ കോടതിവിധി പ്രതീകാത്മകമായ ഒരു പ്രായശ്ചിത്തമാകാം. എന്നാൽ, നിരപരാധികളായ ആയിരങ്ങൾ കൊല്ലപ്പെടുന്നത് എറെക്കുറെ നിർവികാരമായി നോക്കിക്കണ്ട ഒരു പരാജിത രാജ്യത്തിന്റെ ഏറ്റുപറച്ചിലിലേക്ക് ഇനിയും ദൂരമേറെയുണ്ട്. അന്ന് തെരുവുകളിൽ കൊലവിളിച്ചു നടന്ന, മനുഷ്യരെ ജീവനോടെ കത്തിച്ച, ബാലികമാരെപ്പോലും കൂട്ടബലാത്സംഗം ചെയ്ത, അറപ്പില്ലാതെ കൊലപാതകം നടത്തിയ നൂറുകണക്കിനു സമൂഹവിരുദ്ധരും അവരെ തുടലഴിച്ചു വിട്ട രാഷ്ട്രീയനേതാക്കളിൽ പലരും വേട്ടനായ്ക്കളായി മാറിയ അവരുടെ അനുചരന്മാരിൽ ചിലരും, ഇന്നും അവരുടെ ജീവിത

സായന്തനം ആസ്വദിച്ച്, സമൂഹത്തിന്റെ വിവിധ തലങ്ങളിൽ സ്വൈരവിഹാരം നടത്തുകയാവാം. വൻമരങ്ങൾ വീഴുമ്പോൾ ഭൂമി കുലുങ്ങിയേക്കാം. പക്ഷേ, നിരപരാധികളായ ഒരു കൂട്ടം മനുഷ്യരുടെ ജീവനുകളാണ് പൊലിഞ്ഞുപോയതെന്ന നഗ്നസത്യം നിയമപാലകരും നിയമസംവിധാനവും നിരന്തരം ഓർമിക്കേണ്ടതുണ്ട്. **(മാതൃഭൂമി, 22/11/2018)**

**ഭരണഘടനയിൽ ക്ലാസെടുക്കാൻ ഒരു ലക്ഷം അധ്യാപകർ**

**തിരുവനന്തപുരം**: സാക്ഷരതാമിഷനും നിയമസഭയും ചേർന്നു സംസ്ഥാനത്തെ മുഴുവൻ വാർഡുകളിലും നടത്തുന്ന ഭരണഘടനാ സാക്ഷരാതാ ജനകീയ വിദ്യാഭ്യാസ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നടന്നു. സ്പീക്കർ പി. ശ്രീരാമ കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ മന്ത്രി പ്രഫ. സി. രവീന്ദ്രനാഥ് അധ്യക്ഷത വഹിക്കുച്ചു. ഉദ്ഘാടനച്ചടങ്ങിനു മുന്നോടിയായി പാളയം രക്തസാക്ഷി മണ്ഡപത്തിനു മുന്നിൽ നിന്നു തുടങ്ങിയ ഭരണഘടനാ സാക്ഷരതാ സന്ദേശറാലിയിൽ ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പ്ലക്കാർഡുകളുമായി 500 പേർ അണിനിരന്നു. സാക്ഷരതാമിഷന്റെ തുല്യതാ പഠിതാക്കൾ, ജീവനക്കാർ, പ്രേരക്മാർ, വിദ്യാർഥികൾ, സാക്ഷരതാപ്രവർത്തകർ എന്നിവർ റാലിയിൽ പങ്കെടുത്തു. ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന ശിലകളായ പ്രമാണങ്ങൾ സാധാരണക്കാരെ പഠിപ്പിക്കാനുള്ള ബൃഹത്തായ ദൗത്യമാണ് തുടർന്നുള്ള ദിവസങ്ങളിൽ സാക്ഷരാതമിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തു നടന്നത്. 2019ലെ റിപ്പബ്ലിക് ദിനത്തിൽ പരിപാടി സമാപിക്കു. **(ദീപിക, 26/11/2018)**

**അസംഘടിത തൊഴിലാളികളുടെ സംഘാടനവും ശക്തീകരണവും അനിവാര്യം**

**കൊച്ചി**: രാജ്യത്തെ അംസഘടിത തൊഴിലാളികളുടെ സംഘടനാവും ശാക്തീകരണവും തൊഴിലാളി സംഘടനകളുടെ പ്രധാനലക്ഷ്യമായി മാറണമെന്ന് അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് ട്രേഡ് യൂണിയൻ അലൈൻസ് (യുടിഎ) ചെയർമാൻ ജോസഫ് ജൂഡ് പറഞ്ഞു. രാജ്യത്തെ അധ്വാനശക്തിയുടെ 93 ശതമാനം അസംഘടിതരാണെന്ന യാഥാർഥ്യം ഈ പ്രവർത്തനം അനിവാര്യമാക്കുന്നുണ്ട്. തൊഴിലാളികൾ നേരിടുന്ന വെല്ലുവിളികളോട് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സമീപനം അവഗണന നിറഞ്ഞതും ഉദാസീനവുമാണ്. **(ദീപിക, 26/11/2018)**

**മലബാർ മേഖലയിലെ അഭിഭാഷകരായ വൈദികരുടെയും സമർപ്പിതരുടെയും സമ്മേളനം**

മലബാർ മേഖലയിലെ അഭിഭാഷകരായ വൈദികരുടെയും സമർപ്പിതരുടെയും ഒരു സമ്മേളനം ഡിസംബർ 3-ാം തീയതി കോഴിക്കോട് ക്രൈസ്റ്റ് ഹാളിൽ വച്ച് നടന്നു. വൈദിക-സന്ന്യസ്ത അഭിഭാഷക ഫോറത്തിന്റെ സംസ്ഥാന അദ്ധ്യക്ഷൻ ഫാ. തോമസ് തേരകം അദ്ധ്യക്ഷത വഹിച്ചു. കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ സെക്രട്ടറി, ഫാ. സാജു കുത്തോടുപുത്തൻപുരയിൽ സി.എസ്.റ്റി. "ക്രൈസ്തവസാക്ഷ്യവും നീതിന്യായ ശുശ്രൂഷയും" എന്ന വിഷയം അവതരിപ്പിച്ചു. മലബാർ മേഖലയിൽ ഒരു മിഷനറിനെറ്റ്വർക്കായി അഭിഭാഷകരായ വൈദികരും സമർപ്പിതരും പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത യോഗം വിലയിരുത്തി. കാസർകോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, ജില്ലകളിൽ നിന്നുള്ള പ്രതിനിധകൾ യോഗത്തിൽ പങ്കെടുത്തു.

**സഭയെ അപമാനിക്കാൻ ശ്രമം: കെആർഎൽസിസി**

**കൊച്ചി**: കത്തോലിക്കാസഭയെ അപകീർത്തിപ്പെടുത്താൻ ദേശീയ വനിതാ കമ്മീഷൻ അധ്യക്ഷ ശ്രമിക്കുകയാണെന്നു കേരള റീജൻ ലാറ്റിൻ കാത്തലിക് കൗൺസിൽ (കെആർഎൽസിഎസി). സന്ന്യാസിനീസഭകളെക്കുറിച്ചു വേണ്ടത്ര അറിവില്ലാത്തതിനാലാണ് ആഭ്യന്തര പരാതിപരിഹാര സമിതി വേണമെന്ന് അവർ ആവശ്യപ്പെടുന്നത്. സന്ന്യാസിനി സമൂഹങ്ങളെക്കുറിച്ച് ആഴത്തിൽ പഠിച്ചശേഷം വേണം വനിതാ കമ്മീഷൻ അധ്യക്ഷ പ്രസ്താവനകൾ നടത്താൻ. കുറ്റോപിതനായ ബിഷപ്പിനുവേണ്ടി ഇടപെടാനില്ലെന്നു സഭാധികാരികൾ വ്യക്തമായിട്ടുള്ളതാണ്. കേസ് നടത്താൻ പണം നല്കില്ലെന്നു ജലന്ധർ രൂപതാ അഡ്മിനിസ്ട്രേറ്റർ പറഞ്ഞിട്ടുമുണ്ട്. ഇതൊന്നും ഉൾക്കൊള്ളാതെ സഭയെ അവഹേളിക്കുന്ന കമ്മിഷൻ അധ്യക്ഷ തൽസമയത്ത് ഇരിക്കാൻ അർഹയല്ലെന്ന് കെആർഎൽസിസി വൈസ് പ്രസിഡന്റ് ഷാജി ജോർജ് പറഞ്ഞു.

**രേഖശർമ ക്രൈസ്തവ വിരുദ്ധ പ്രചാരക: കത്തോലിക്ക കോൺഗ്രസ്**

**തൊടുപുഴ**: കേന്ദ്ര വനതാ കമ്മീഷൻ അധ്യക്ഷ രേഖാ ശർമ ക്രൈസ്തവ വിരുദ്ധ പ്രചാരകരായായി മാറിയിരിക്കുകയാണെന്ന് കത്തോലിക്ക കോൺഗ്രസ് ദേശീയ പ്രസിഡന്റ് ബിജു പറയന്നിലം. ലക്ഷക്കണക്കിന് കന്യാസ്ത്രീകൾ നയിക്കുന്ന വിശുദ്ധ ജീവിതത്തെ ആക്ഷേപിച്ച വനിതാകമ്മീഷൻ ചെയർപേഴ്സൺ സ്ത്രീകളുടെ അഭിമാനത്തെയാണ് ചോദ്യം ചെയ്യുന്നത്. കത്തോലിക്ക സഭയെ മനസിലാക്കാതെ വിഡ്ഢിത്തം വിളമ്പുന്ന രേഖശർമയെ നിലയ്ക്കുനിർത്താൻ ബിജെപി തയാറാവണം. കേന്ദ്ര വനിതാ കമ്മീഷൻ കേരളത്തിൽ വരുമ്പോൾ വാർത്തകളിലിടം പിടിക്കാൻ സഭയെ ആക്ഷേപിക്കുന്ന സ്ഥിരം ശൈലി അവസാനിപ്പിക്കണമെന്നും ബിജു പറയന്നിലം ആവശ്യപ്പെട്ടു.



## രൂപതാ പിആർഒമാരുടെയും മീഡിയ ഡയറക്ടർമാരുടെയും സമ്മേളനം




കേരളസഭ അഭിമുഖീകരിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ കാണുകയും കേൾക്കുകയും വിലയിരുത്തുകയും ചെയ്യുന്ന നമ്മൾ കൃത്യമായ സമീപനങ്ങളിലൂടെ അത്തരം സാഹചര്യങ്ങളെ അതിജീവിക്കുന്നതിന് കൂട്ടായ ചിന്തയും തീരുമാനങ്ങളും എടുക്കുന്നതിനായി കെസിബിസി ഐക്യജാഗ്രതാ കമ്മീഷനും മീഡിയ കമ്മീഷനും സംയുക്തമായി രൂപതാ പിആർഒ മാരുടെയും മീഡിയ ഡയറക്ടർമാരുടെയും ഒരു യോഗം 2018 ഒക്ടോബർ 13 ശനിയാഴ്ച പിഒസിയിൽ കൂടുകയുണ്ടായി. റവ. ഫാ. ജോസഫ് ആലഞ്ചേരി നയിച്ച ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ സെക്രട്ടറി റവ. ഫാ. സാജു സി.എസ്.റ്റി സ്വാഗതം ആശംസിച്ചു. കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ ചെയർമാനും, മാവേലിക്കര രൂപതാധ്യക്ഷനുമായ ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് യോഗം ഉദ്ഘാടനം ചെയ്തു. സഭയ്ക്കുള്ളിൽനിന്നുതന്നെ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ അത് പരിഹരിക്കാൻ സഭാമക്കൾ ഒന്നിച്ചുനില്ക്കണമെന്ന് അദ്ദേഹം പറഞ്ഞു. റവ. ഫാ. അഗസ്റ്റിൻ പാംപ്ലാനി സി.എസ്.റ്റി. "കേരളസഭയുടെ സമകാലിക പ്രതിസന്ധികൾ: പ്രതികരണങ്ങളും പ്രതിവിധികളും" എന്ന വിഷയം അവതരിപ്പിച്ചു. റവ. ഫാ. മാത്യു ചന്ദൻകുന്നേൽ , അഡ്വ. ഷെറി ജെ. തോമസ്, ശ്രീ. എജി പറപ്പാട്ട്, പി.ഐ. ലാസർ മാസ്റ്റർ എന്നിവർ അവതരിപ്പിച്ച വിഷയത്തിൽ പ്രതികരണങ്ങൾ നടത്തി. തുടർന്നു നടന്ന പൊതു ചർച്ചയിൽ പിഒസി ഡയറക്ടറും കെസിബിസി ഡപ്യൂട്ടി സെക്രട്ടറിയുമായ റവ. ഫാ. വർഗീസ് വള്ളിക്കാട്ട് മോഡറേറ്ററായിരുന്നു. വിവിധ രൂപതകളിൽ നിന്നായി 40ലധികം പേർ യോഗത്തിൽ സംബന്ധിച്ചു. 2 മണിക്ക് മീഡിയാ കമ്മീഷൻ സെക്രട്ടറി റവ. ഫാ. ജോളി വടക്കൻ ഏവർക്കും നന്ദിപറഞ്ഞ് യോഗം സമംഗളം സമാപിച്ചു.

## സന്യാസസഭകളിലെ പിആർഒ മാരുടെയും മീഡിയ ഡയറക്ടർമാരുടെയും സമ്മേളനം



കെസിബിസി റിലീജിയസ് കമ്മീഷനും ഐക്യജാഗ്രതാ കമ്മീഷനും മീഡിയ കമ്മീഷനും സംയുക്തമായി **സന്ന്യാസസഭകളിലെ പിആർഒമാരുടെയും മീഡിയ കൗൺസിലർമാരുടെയും ഡയറക്ടർമാരുടെയും ഒരു യോഗം 2018 നവംബർ 3–ാം തീയതി ശനിയാഴ്ച സപിഒസിയിൽ** സംഘടിപ്പിച്ചു. കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ ചെയർമാൻ ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് യോഗം ഉദ്ഘാടനം ചെയ്തു. കെസിബിസി റിലീജിയസ് കമ്മീഷൻ സെക്രട്ടറി, റവ. ഫാ. സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ VC അധ്യക്ഷത വഹിച്ചു. "സന്ന്യാസസഭാസമൂഹങ്ങളും മാധ്യമ സാക്ഷരതയും"എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. റോയി കണ്ണൻചിറ CMIയും, "സഭ പ്രതിസന്ധികളും പ്രതികരണങ്ങളും"എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. അഗസ്റ്റിൻ പാംപ്ലാനി CST യും ക്ലാസ്സുകൾ നയിച്ചു. തുടർന്നു നടന്ന പൊതു ചർച്ചയിൽ പിഒസി ഡയറക്ടറും കെസിബിസി ഡപ്യൂട്ടി സെക്രട്ടറിയുമായ റവ. ഫാ. വർഗീസ് വള്ളിക്കാട്ട് മോഡറേറ്ററായിരുന്നു. കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ സെക്രട്ടറി റവ. ഫാ. സാജു സി.എസ്.റ്റി സ്വാഗതവും, റവ. ഫാ. ജെയിംസ് VC നന്ദിയും



പറഞ്ഞു. ജനറലേറ്റ്, പ്രൊവിൻഷ്യലേറ്റ്, റീജയണൽ ഹൗസ് എന്നിവിടങ്ങളിലെ പ്രതിനിധികളായ 120ൽ അധികം പേർ സമ്മേളനത്തിൽ സംബന്ധിച്ചു. കെസിബിസി മീഡിയാ കമ്മീഷൻ സെക്രട്ടറി, റവ. ഫാ. ജോളി വടക്കനും, കെസിഎംഎസ് സെക്രട്ടറി, സി. മോഡസ്റ്റ സി.റ്റി.സി സമ്മേളനത്തിനു നേതൃത്വം നല്കി.

## കത്തോലിക്കാ എഡിറ്റർമാരുടെയും പ്രസാധകരുടെയും സമ്മേളനം

**പാലാരിവട്ടം**: മാധ്യമരംഗത്ത് കത്തോലിക്കാസഭയ്ക്കുനേരെ നടക്കുന്ന സംഘടിതവും ദുരുദ്ദേശ്യപരവുമായ നീക്കങ്ങളെ വിവേചിച്ചറിയാനും സഭാമാധ്യമ മേഖലയെ ശക്തിപ്പെടുത്താനുമായി കെസിബിസി മാധ്യമക്കമ്മീഷന്റെ നേതൃത്വത്തിൽ അച്ചടി മാധ്യമരംഗത്തെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളുടെയും എഴുത്തുകാരുടെയും സമ്മേളനം പിഒസിയിൽ സംഘടിപ്പിച്ചു. മാധ്യമക്കമ്മീഷൻ സെക്രട്ടറി ഫാ. ജോളി വടക്കൻ സ്വാഗതം ആശംസിച്ച സമ്മേളനത്തിൽ കെസിബിസി ഡപ്യൂട്ടി സെക്രട്ടറി ഫാ. വർഗീസ് വള്ളിക്കാട്ട് അധ്യക്ഷത വഹിച്ചു. നവമാധ്യമയുഗത്തിലെ സംവേദനം, നയം, നിലപാട് എന്ന വിഷയത്തിൽ റവ. ഡോ. ബിനോയ് പിച്ചളക്കാട്ട് എസ്.ജെ., മാധ്യമങ്ങളിലെ സഭാവിരുദ്ധത ഒരു അവലോകനം എന്ന വിഷയത്തിൽ റവ. ഫാ. ബോവാസ് മാത്യു, ക്രൈസ്തവ പ്രസിദ്ധീകരണങ്ങളും സാംസ്കാരിക ഇടപെടലുകളും എന്ന വിഷയത്തിൽ ശ്രീ. ഷാജി ജോർജും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. തുടർന്നുനടന്ന പൊതുചർച്ചയിൽ




ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ കെസിബിസിയുമായി കൂടുതൽ സഹകരിക്കണമെന്നും പ്രസിദ്ധീകരണങ്ങളിൽ സ്ഥിരമായി ഒരു കെസിബിസി കോർണർ ഉണ്ടാകേണ്ടതാണെന്നും നിർദേശമുണ്ടായി. സഭാവിരുദ്ധമായോ എതിരായോ ഉണ്ടാകുന്ന വാർത്തകളെ അപഗ്രഥിക്കാനും പൊതുവായ വിഷയങ്ങളെ അധികരിച്ച് വിദഗ്ദരായവരുടെ ലേഖനങ്ങൾ തയ്യാറാക്കി എല്ലാ കത്തോലിക്കാ പ്രസാധകർക്കും അയച്ചുകൊടുക്കുന്നതും ഉചിതമായിരിക്കുമെന്ന നിർദേശമുണ്ടായി. നവമാധ്യമകൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കാനും കെസിബിസി എഡിറ്റേഴ്സ് ഫോറം രൂപീകരിക്കാനും തീരുമാനമെടുത്തു. ഐക്യജാഗ്രതാ കമ്മീഷൻ സെക്രട്ടറി റവ. ഫാ. സാജു കുത്തോടി പുത്തൻപുരയിൽ സി.എസ്.റ്റി., ഫാമിലി കമ്മീഷൻ സെക്രട്ടറി റവ. ഫാ. പോൾ മാടശ്ശേരി തുടങ്ങിയവർ നേതൃത്വം നല്കി.

# വാങ്മയം




## മലയാളകൃതികൾക്കായി ലോകം കാത്തിരിക്കും ടി.ഡി. രാമകൃഷ്ണൻ

മലയാളകൃതികളുടെ വിവർത്തനത്തിനു വേണ്ടി ലോക ഭാഷകൾ കാത്തിരിക്കുന്ന കാലം വരുമെന്ന് പ്രശസ്ത നോവലിസ്റ്റ് ടി.ഡി. രാമകൃഷ്ണൻ. പാലാരിവട്ടം പി.ഒ.സി.യിൽ വാങ്മയം സാംസ്കാരിക പരിപാടിയിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ശാസ്ത്രവും കലയും കാലത്തിനൊപ്പമെത്തണം. മറ്റെല്ലാ രംഗങ്ങളിലുമെന്നപോലെ സാഹിത്യരംഗത്തും മലയാളം ലോക നിലവാരത്തിലേക്കാണ് വളരുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. നമ്മുടെ പുതിയ എഴുത്തുകാർ ലോകത്തിനൊപ്പം നടക്കുന്നവരാണെന്ന് ടി.ഡി. രാമകൃഷ്ണൻ പറഞ്ഞു.

ടി.ഡി. രാമകൃഷ്ണന്റെ നോവലുകൾ മലയാളിയുടെ വായനയെ പുതിയൊരു തലത്തിലേക്കാണ് കൊണ്ടുപോയതെന്ന് നിരൂപകനായ കെ.പി. ജയകുമാർ പറഞ്ഞു. ജയകുമാറും ടി.ഡി. രാമകൃഷ്ണനുമായുള്ള സംവാദവുമുണ്ടായിരുന്നു. ടി.ഡി. രാമകൃഷ്ണന്റെ 'മാമാ ആഫ്രിക്ക' നോവലിനായി ബോണി തോമസ് രചിച്ച രേഖാചിത്രങ്ങളുടെ പ്രദർശനവുമുണ്ടായിരുന്നു. ഫാ. സ്റ്റാൻലി മാതിരപ്പിള്ളി, ഫാ. വർഗീസ് വള്ളിക്കാട്ട്, പ്രിയ നായർ, പ്രൊഫ. ഷാജി ജോസഫ് എന്നിവർപ്രസംഗിച്ചു.

## റോസ് മേരി ജിജി ലോഗോസ് പ്രതിഭ




*ലോഗോസ് പ്രതിഭയായ റോസ് മേരി ജിജി ക്ക് ബൈബിൾ കമ്മീഷൻ വൈസ്ചെയർമാൻ ബിഷപ്പ് മോസ്റ്റ് റവ. ഡോ. പീറ്റർ അബീർ സമ്മാനം നല്കുന്നു.*

**കൊച്ചി**: കെസിബിസി ബൈബിൾ സൊസൈറ്റിയുടെ സംസ്ഥാനതല ലോഗോസ് ബൈബിൾ ക്വിസ് ഗ്രാൻഡ് ഫിനാലെയിൽ റോസ് മേരി ജിജി 2018ലെ ലോഗോസ് പ്രതിഭയായി. 6 പ്രായവിഭാഗങ്ങളിലായി അഞ്ചു ലക്ഷത്തിനാല്പത്തേഴായിരം പേർ പങ്കെടുത്ത മത്സരത്തിനൊടുവിലാണ് കോതമംഗലം രൂപതാംഗമായ റോസ് മേരി ഒന്നാം സ്ഥാനത്തെത്തിയത്. സംസ്ഥാനതല മത്സരത്തിന് അർഹത നേടിയവർക്കായി നവംബർ 22-24 തീയതികളിൽ പാലാരിവട്ടം പി.ഒ.സി.യിൽ ഗ്രൂപ്പുഫൈനൽ മത്സരങ്ങൾ സംഘടിപ്പിക്കപ്പെട്ടത്. ഈ ആറു ഗ്രൂപ്പുകളുടെ ഫൈനൽ മത്സരങ്ങളിലെ ഡി വിഭാഗത്തിലെ ഒന്നാം സ്ഥാനക്കാരിയാണ് റോസ് മേരി ജിജി. മറ്റു വിഭാഗങ്ങളിലെ സംസ്ഥാനതല വിജയികളും രൂപതയും: എ- മെറ്റിൽഡ ജോൺസൺ (ഇരിഞ്ഞാലക്കുട), ബി- അന്നു മാത്യൂസ് (പാലാ), സി- ലിനീന വിബിൻ (തൃശൂർ), ഇ- ജെസ്സി ജോസ് (ചങ്ങനാശ്ശേരി), എഫ്- മേരി പോൾ (പാലാ). കേരളത്തിനു പുറത്തുനിന്നുള്ളവർക്കുള്ള ഒന്നാം സമ്മാനത്തിന് മാണ്ഡ്യ രൂപതയിലെ നിമ ലിന്റോ അർഹത നേടി. **ഭിന്നശേഷിക്കാരുടെ ലോഗോസ് ക്വിസ്: പോൾ ഡേവിഡ് ഒന്നാമത്** :ബധിരർക്കായി ആദ്യമായി സംഘടിപ്പിച്ച ലോഗോസ് ബൈബിൾ ടിവി ക്വിസിൽ തലശേരി അതിരൂപതയിലെ പോൾ ഡേവിഡ് ഒന്നാമതെത്തി.

**ലോഗോസ് ഫമിലിയ സമ്മാനം ആലപ്പുഴ രൂപതയ്ക്ക്**

കെസിബിസി ബൈബിൾ സൊസൈറ്റി സംഘടിപ്പിച്ച ലോഗോസ് ഫമിലിയ ക്വിസിൽ ആലപ്പുഴ രൂപതയിലെ മോസസ് വാച്ചാക്കൽ, ആനി, കിഷൻ എന്നിവരടങ്ങുന്ന കുടുംബം ഒന്നാം സ്ഥാനത്തെത്തി. ദൈവവചനത്തിൽ അടിത്തറയിട്ട കുടുംബങ്ങളെ വാർത്തെടുക്കുകയും കുടുംബങ്ങളിൽ ഒരുമിച്ചു വചനം വായിക്കുകയും പഠിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്ന സംസ്കാരം വളർത്തുകയെന്ന ലക്ഷ്യത്തോടെയാണ് രണ്ടു വർഷം മുമ്പ് ലോഗോസ് ഫമിലിയ ക്വിസ് ആരംഭിച്ചത്. കോട്ടയം അതിരൂപതയിലെ ലാൽസൺ മാത്യു, റീന, ലീനസ് എന്നിവർ രണ്ടാം സ്ഥാനത്തിനും പാലക്കാട് രൂപതയിലെ ജോർജ് ആലുമ്മൂട്ടിൽ, സുജ, സാനിയ എന്നിവർ മൂന്നാം സ്ഥാനത്തിനും അർഹരായി. **ലൂമെൻ ഷോർട്ട് ഫിലിം മത്സരത്തിൽ 'ദയാലു'വിന് ഒന്നാം സമ്മാനം** കെസിബിസി ബൈബിൾ കമ്മീഷൻ ഈ വർഷം സംഘടിപ്പിച്ച ലൂമെൻ ഷോർട്ട്



**ലോഗോസ് ഫമിലിയ ക്വിസിൽ ഒന്നാം സ്ഥാനം നേടിയ ആലപ്പുഴ രൂപതയിലെ മോസസ് വാച്ചാക്കൽ, ആനി, കിഷൻ എന്നിവരടങ്ങുന്ന കുടുംബത്തിന് ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മോസ്റ്റ് റവ. ഡോ. അബ്രാഹം മാർ യൂലിയോസ് സമ്മാനം നല്കുന്നു**

ഫിലിം മത്സരത്തിൽ ഫാ. രഞ്ജിത്ത് കപ്പുച്ചിൻ നിർമിച്ച 'ദയാലു' ഒന്നാം സമ്മാനം നേടി. വിശ്വമാനവികതയുടെ ബൈബിൾ സന്ദേശങ്ങൾ നവമാധ്യമങ്ങളിലൂടെ ജനങ്ങളിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ലൂമെൻ ഹ്രസ്വചലച്ചിത്ര മത്സരം സംഘടിപ്പിച്ചത്. നല്ല സംവിധായകനുള്ള സമ്മാനത്തിന് ദയാലു സംവിധാനം ചെയ്ത ജോ ചാലശ്ശേരി അർഹനായി. വചനസർഗ പ്രതിഭാപുരസ്കാരവും 25000 രൂപയുടെ ക്യാഷ് അവാർഡും ഇരിട്ടി സ്വദേശിയായ ശ്രീ. സിബിച്ചൻ ജോസഫിന് കെസിബിസി ബൈബിൾ കമ്മീഷൻ വൈസ് ചെയർമാനും സുൽത്താൻപെട്ട് രൂപതാധ്യക്ഷനുമായ ബിഷപ്പ് പീറ്റർ അബീർ സമ്മാനിച്ചു. ബൈബിളും കലകളും എന്ന മേഖലയിൽനിന്നാണ് ഈ വർഷത്തെ പുരസ്കാര ജേതാവിനെ തിരഞ്ഞെടുത്തത്.